www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 10 | 2017 MARCH 18 | ₹ 10



## ഉത്തരം തേടുന്ന ഉത്തർപ്രദേശ്




## മഴക്ക് വേണ്ടിയുള്ള നമസ്കാരം

സദാചാര പൊലീസും നിഷ്ക്രിയ പൊലീസും / ജലക്ഷാമം നമ്മെ ഓർമിപ്പിക്കുന്നത്

ഹദീഥ്: ചരിത്രം, പ്രാമാണികത / തട്ടമഴിക്കാൻ തക്കം നോക്കുന്നവരോട്

# മരണം
## അവസാനമല്ല;

അവസാനിക്കാത്തൊരു ജീവിതത്തിന്റെ തുടക്കമാണ്..



## ജീവിതം എന്തിന്; മരണവും..?

WISDOM
gallery
PRESENTS

# വിചാരം
## വൈജ്ഞാനിക പ്രദർശനം


100 തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ

WISDOM
GLOBAL ISLAMIC MISSION

ഏപ്രിൽ 18–23 രാജീവ് ഗാന്ധി സ്റ്റേഡിയം
**തിരൂർ**

നേർപഥം
വാരിക

0010 / 2017 മാർച്ച് 18 / 1438 ജമാദുൽ ആഖിർ 19 / പുസ്തകം 01 / ലക്കം 10




# ഉത്തരം തേടുന്ന ഉത്തർപ്രദേശ്

സുഫ്‌യാൻ അബ്ദുസ്സലാം / 10

**മുഖമൊഴി**
സദാചാര പൊലീസും നിഷ്‌ക്രിയ പൊലീസും / 05
എഡിറ്റർ

**ക്വുർആൻ പഠനം**
അല്ലാഹു നൽകുന്ന സ്ഥൈര്യം / 14
സി.മുഹമ്മദ് റാഫി ചെമ്പ്ര

**ബാലപഥം**
സമയത്തിന്റെ വില / 18
തൻവീൽ

**കൂട്ടായ്മ**
ജംഇയ്യത്തുൽ ഉലമായുടെ സുവർണ കാലഘട്ടം / 23
മുബാറക് ബിൻ ഉമർ

**ശാന്തിഗേഹം**
ഭർത്താവിനെ അനുസരിക്കാത്ത ഭാര്യ / 29
ഹാരിസ്ബിൻ സലീം

**പാരന്റിംഗ്**
നല്ല കുടുംബാന്തരീക്ഷം നിലനിർത്തുക / 30
അശ്‌റഫ് എകരൂൽ

**ലേഖനങ്ങൾ**
മഴക്ക് വേണ്ടിയുള്ള നമസ്‌കാരം / 06
ഫൈസൽ പുതുപ്പറമ്പ്

ജലക്ഷാമം നമ്മെ ഓർമിപ്പിക്കുന്നത് / 15
മൂസ സ്വലാഹി, കാര

ഹദീഥ്: ചരിത്രം, പ്രാമാണികത / 20
അബ്ദുൽ മാലിക് സലഫി

കൗമാരക്കാരെ പരിഗണിക്കുക / 25
ഇൽയാസ് കൊയിലാണ്ടി

പ്രവാചകന്മാരെല്ലാം മനുഷ്യന്മാർ / 26
ഹുസൈൻ സലഫി, ഷാർജ

കരിമ്പനയുടെ നാട്ടിൽ വിരിഞ്ഞ നന്മയുടെ പൂക്കൾ / 33
എം.എസ്.എം പ്രൊഫ്‌കോൺ

**ഹദീസ് പാഠം**
വിശ്വാസിയുടെ വ്യതിരിക്തത / 32
ഉസ്മാൻ പാലക്കാഴി

**നമുക്ക് ചുറ്റും**
തട്ടമഴിക്കാൻ തക്കം നോക്കുന്നവരോട് / 34
ഡോ. സി.എം സാബിർ നവാസ്

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Managing Editor: Nasir Balusseri I Editor: Usman Palakkazhi
Chief Editor: Anil Primrose I Web Editor: Haseeb Elayur I Design & Layout: Elan Creativo
Cover: Riyas K I mail@nerpatham.com I www.nerpatham.com

## വായനക്കാർ എഴുതുന്നു




### ആദർശം നഷ്ടപ്പെട്ടാൽ സംഭവിക്കുന്നത്

മൂന്ന് ലക്കങ്ങളിലായി ടി.കെ അശ്റഫ് എഴുതിയ സംഘടനാ വിഷയങ്ങളെ ആസ്പദമാക്കിയുള്ള ലേഖനം ഏറെ പഠനാർഹവും ഉപകാരപ്രദവുമായിരുന്നു.

ഐക്യപ്പെരുന്നാളിന്റെ ആഘോഷം കെട്ടടങ്ങുന്നതിനു മുമ്പുതന്നെ ഭിന്നിപ്പിന്റെ കവാടങ്ങൾ പലതും തുറക്കപ്പെടുന്ന വിധിവൈപരീത്യത്തിനു കാരണം ഐക്യം എന്നത് വയറിളക്കത്തിന് വിക്സ് പുരട്ടിയതുപോലുള്ള വ്യഥാവേലയായിരുന്നു എന്നതാണ്. ആദർശപരമല്ലാത്ത ഐക്യത്തിന് നിലനിൽപ്പില്ല എന്നർഥം.

'ആർക്കാണ് തെറ്റ് പറ്റിയതെന്ന് വിശദീകരിക്കാതെയുള്ള യോജിപ്പ് അണികളിൽ വമ്പിച്ച ആദർശ പ്രതിസന്ധിയുണ്ടാക്കും. ഊഹാപോഹങ്ങൾക്കും ചേരിതിരിയലിനും വീണ്ടും കാരണമാകും. ക്വുർആനിലേക്കും സുന്നത്തിലേക്കും മടങ്ങിയെന്ന ഒറ്റവാക്കിൽ മുഴുവൻ ആദർശ വിഷയങ്ങളെയും പൊതിഞ്ഞ് സൂക്ഷിക്കാൻ സാധ്യമല്ല. ആദർശം പൊതിഞ്ഞ് സൂക്ഷിക്കാനുള്ളതല്ല, സമൂഹത്തിൽ പ്രചരിപ്പിക്കാനുള്ളതാണ്. അല്ലാഹു അല്ലാത്തവരോട് പ്രാർഥിച്ചാൽ എന്താണ് കുഴപ്പം എന്ന ചോദ്യത്തിന് അത് ശിർക്കാണെന്ന വ്യക്തമായ മറുപടിയാണ് മുജാഹിദ് പ്രസ്ഥാനം നൽകിപ്പോരുന്നത്. അതല്ലാതെ ക്വുർആനിലും സുന്നത്തിലും എന്താണോ പറഞ്ഞത് അതാണ് മറുപടി എന്ന് മാത്രം പറഞ്ഞ് അവസാനിപ്പിച്ചാൽ ശ്രോതാവിന് കാര്യം മനസ്സിലാകില്ല. അതുപോലെ സിഹ്ർ ഫലിക്കുമോയെന്ന ചോദ്യത്തിന് പ്രമാണത്തിലേക്ക് മടങ്ങിയെന്ന് മാത്രം പറഞ്ഞതുകൊണ്ടായില്ല. ഫലിക്കും; എന്നാൽ സിഹ്ർ ചെയ്യൽ മഹാപാപമാണ് എന്ന പ്രമാണബദ്ധമായ മറുപടിയാണ് നൽകേണ്ടത്. അതിലേക്ക് യോജിച്ചുവെന്ന് പറയുമ്പോഴാണ് ഐക്യം സത്യസന്ധമാകുന്നത്'- ഈ വാക്കുകൾ ഐക്യക്കാരുടെ പൊറാട്ടുനാടകത്തിൽ മയങ്ങിപ്പോയവരുടെ അകക്കണ്ണു തുറപ്പിക്കുന്നതാണ്.

നവയാഥാസ്ഥിതികർ, ജിന്ന്സേവകർ, അന്ധവിശ്വാസ പ്രചാരകർ...എന്നിങ്ങനെ നേരിന്റെ നേരിയ അംശംപോലുമില്ലാത്ത വിശേഷണം നൽകിയും വിദ്വേഷം വളർത്തിയും ഒരു വിഭാഗത്തെ തളർത്താൻ ശ്രമിക്കുകയും അതേസമയം വിശാലമായ മാനവിക ഐക്യത്തെക്കുറിച്ച് ഗിരിപ്രഭാഷണം നടത്തി ലോകത്തിനു മുന്നിൽ നല്ല പിള്ള ചമയാൻ പണിയെടുക്കുകയും ചെയ്തവർ ഇന്ന് അഭ്യന്തര ഛിദ്രതയിൽ വീർപ്പുമുട്ടി കഴിയുകയാണ് എന്ന് ലോകം തിരിച്ചറിയുന്നുണ്ട്. ഐക്യത്തെ മുസ്‌ലിംകളും മുശ്‌രിക്കുകളും തമ്മിൽ നടന്ന ഹുദൈബിയ സന്ധിയോട് തുലനം ചെയ്ത നേതാക്കളിൽ നിന്ന് അണികൾ ഉത്തരം തേടുകയാണ്; ഇതിൽ മുസ്‌ലിംകൾ ആര്? മുശ്‌രിക്കുകൾ ആര്?

**-എം.പി ഇബ്‌റാഹീം കുട്ടി,**
**റാബിയമൻസിൽ, പഴയങ്ങാടി**

### വിഭവവൈവിധ്യങ്ങളാൻ സമ്പന്നം

'നേർപഥം' വിഭവ വൈവിധ്യങ്ങളാൽ സമ്പന്നമാണെന്ന് അറിയിക്കുന്നതിൽ സന്തോഷമുണ്ട്. കുട്ടികൾക്ക് വേണ്ടിയുള്ള സന്മാർഗ കഥകളും കവിതകളും ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ 'നേർപഥ'ത്തെ കുട്ടികളും കാത്തിരിക്കുന്നുണ്ട്. വനിതകൾക്കായി പ്രത്യേക പംക്തി കാണുന്നില്ലെങ്കിലും ശാന്തിഗേഹം എന്ന കുടുംബ പംക്തി സ്ത്രീകൾക്ക് ഏറെ ഉപകാരപ്രദമാണ്.

**-ഫൗസിയ ഹസൻ, നല്ലളം**

### വേറിട്ട ശബ്ദം

ആനുകാലിക വിഷയങ്ങളെ കാലവിളംബം കൂടാതെ അവലോകനം ചെയ്ത് അവതരിപ്പിക്കുന്നതിൽ 'നേർപഥ'ത്തെ അഭിനന്ദിക്കട്ടെ. 'നമുക്കു ചുറ്റും' എന്ന അവസാന പേജിലെ പംക്തിയും 'കവർ സ്‌റ്റോറി'യും 'മുഖമൊഴി'യും നൽകുന്ന ഓർമപ്പെടുത്തലുകൾ കൺതുറപ്പിക്കുന്നതാണ്. പ്രസിദ്ധീകരണം തുടങ്ങി രണ്ടുമാസത്തിനകം 'നേർപഥം' ആനുകാലികങ്ങൾക്കിടയിൽ അർഹമായ ഇടംനേടിക്കഴിഞ്ഞിരുക്കുന്നു എന്നതിൽ സംശയമില്ല.

**-നൂർ മുഹമ്മദ്, പാലക്കാട്**

### സ്ത്രീ സുരക്ഷയെ കുറിച്ച വീണ്ടുവിചാരം

സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് നേർപഥത്തിൽ പ്രസിദ്ധീകരിച്ച ലേഖനം സമയോചിതമായി. പ്രശ്നങ്ങൾ ആവർത്തിച്ച് പറയാനും അതിൽ സഹതപിക്കാനും ഭരണകൂടത്തെ വിമർശിക്കാനുമെല്ലാം സമയം കണ്ടെത്തുന്ന ആളുകൾ പലപ്പോഴും പരിഹാരത്തെ കുറിച്ചുള്ള ചർച്ചയിൽ വികാരപ്രകടനം നടത്തുകയല്ലാതെ ക്രിയാത്മകമായി പരിഹാരം നിർദേശിക്കാൻ ശ്രമിക്കാറില്ല എന്നതാണ് വാസ്തവം. ഈയൊരു സാഹചര്യത്തിൽ വ്യക്തമായ ഇടപെടലായി നേർപഥം നടത്തിയത്. ലേഖകന് അഭിനന്ദനങ്ങൾ

**-ഹാഷിം ഇടപ്പള്ളി**

മുഖമൊഴി

# സദാചാര പൊലീസും നിഷ്ക്രിയ പൊലീസും

**കൊ**ച്ചി മറൈൻ ഡ്രൈവിൽ 2015ൽ വിചിത്രമായൊരു സമരം നടന്നു; ചുംബന സമരം. ചുംബന സമരത്തിന്റെ ചൂടും ചൂരുമായും മുമ്പേ സമരനായകനും നായികയും ചില കൂട്ടുകച്ചവടക്കാരും അറസ്റ്റിലായതാണ് പിന്നീടു കണ്ടത്. ഇഷ്ടമുള്ള പുരുഷനും സ്ത്രീക്കും പരസ്യമായി ചുണ്ടുകൾ കോർത്ത് ചുംബിക്കാനുള്ള സ്വാതന്ത്ര്യം കിട്ടുംവരെ സമര രംഗത്തുണ്ടാകുമെന്നാണ് അന്ന് നായിക പ്രസ്താവിച്ചിരുന്നത്.

ആഭാസകരമായ ആ സമരത്തിൽ അപകടം മണത്തവരെല്ലാം എതിർപ്പുമായി രംഗത്തെത്തിയിരുന്നു. എന്നാൾ ദൃശ്യ, ശ്രാവ്യ മാധ്യമങ്ങൾ അതിനെ മഹത്ത്വവത്കരിച്ചു. അനാവശ്യമായ കവറേജ് നൽകി. ഒരു പത്രം പരസ്യമായി ചുംബിക്കാനുള്ള വേദിയൊരുക്കിക്കൊടുക്കുക കൂടി ചെയ്തു! ഒളിഞ്ഞും തെളിഞ്ഞും പിന്തുണ നൽകിയ സംഘടനകളും സാംസ്കാരിക(?) നായകരുമുണ്ട്.

മറൈൻ ഡ്രൈവ് വീണ്ടും വാർത്തകളിൽ നിറഞ്ഞുനിൽക്കുകയാണ്. അവിടെയുണ്ടായിരുന്ന യുവതിയുവാക്കളെ ശിവസേനക്കാർ ചൂരൽവടികൊണ്ട് തല്ലിയോടിച്ചതാണ് തുടക്കം. നിയമം കയ്യിലെടുക്കുന്നത് നോക്കിനിന്ന് ആസ്വദിക്കുകയായിരുന്നു അന്നേരം അവിടെയുള്ള പൊലീസുകാർ. ഈ സംഭവം കേരള നിയസഭയെ പ്രക്ഷുബ്ധമാക്കി. കൊച്ചിയിൽ സദാചാര ഗുണ്ടായിസം നടത്തിയ ശിവസേനക്കാർക്കെതിരെ വേണ്ടിവന്നാൽ കാപ്പ ചുമത്തുമെന്ന് പ്രഖ്യാപിച്ച മുഖ്യമന്ത്രി അക്രമികളെ പിന്തിരിപ്പിക്കാൻ പൊലീസ് ശ്രമിച്ചില്ലെന്നും നിയമസഭയിൽ സമ്മതിച്ചു.

'സദാചാര ചൂരൽ സമരം', 'സ്നേഹ ഇരിപ്പു സമരം', 'ചുംബന സമരം' എന്നീ പേരുകളിൽ വിവിധ സംഘടനകൾ നടത്തിയ പ്രതിഷേധ സമരത്തിനാണ് പിന്നീട് മറൈൻ ഡ്രൈവ് സാക്ഷ്യം വഹിച്ചത്. ശ്ലീലതയുടെ സകല സീമകളും ഭേദിച്ചുകൊണ്ട് നിന്നും ഇരുന്നും കിടന്നും ചുംബിച്ച് തകർക്കുന്നതായിരുന്നു ഈ സമരങ്ങളുടെ ക്ലൈമാക്സ്! അതിനും നമ്മുടെ പൊലീസുകാർ സാക്ഷികളായിരുന്നു. അങ്ങനെ സാദാ പൊലീസുകാർ നിഷ്പക്ഷ നിലപാടുമായി നിഷ്ക്രിയത്വം പാലിച്ച് മാതൃകയായി! തന്റെ ഭാര്യയെ വിൽപനച്ചരക്കാക്കിയതിന്റെ പേരിൽ അറസ്റ്റിലായ ചുംബന സമരനായകൻ ഇത്തവണത്തെ സമരത്തിന്റെയും മുൻപന്തിയിലുണ്ടായിരുന്നു എന്നത് ഇത്തരം സമരങ്ങളുടെ സദാചാരഗതി വെളിവാക്കുന്നു.

പ്രായപൂർത്തിയായ ആൺകുട്ടികളെയും പെൺകുട്ടികളെയും കടിഞ്ഞാണില്ലാത്ത കുതിരകളെ പോലെ പാർക്കുകളിലും ബീച്ചുകളിലും മേയാൻ വിടുന്നവർ വർത്തമാനകാലത്തെ കാളിമയാർന്ന സംഭവവികാസങ്ങളെ കണ്ടില്ലെന്നു നടിച്ച് മക്കളെ നാശത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുന്നത്. ഫ്രന്റ്ഷിപ് എന്നോ ലിംഗസമത്വമെന്നോ ഓമനപ്പേരിട്ട് ഇത്തരം പ്രവർത്തനങ്ങളെ ന്യായീകരിക്കുന്നുവെങ്കിൽ മനുഷ്യസംസ്കാരം ഉൾക്കൊള്ളുന്ന ഒരാൾക്കും അത് സ്വീകാര്യമല്ല. മൃഗങ്ങളിൽനിന്നും മനുഷ്യനെ വേർതിരിക്കുന്ന ചില മൂല്യങ്ങളുണ്ടല്ലോ.

ആൺ-പെൺ വ്യത്യാസമില്ലാതെ, രാപ്പകൽ ഭേദമില്ലാതെ ഇഷ്ടാനുസരണം ഇഷ്ടമുള്ളേടത്തൊക്കെ ഇഷ്ടമുള്ളവരോടൊപ്പം സഞ്ചരിക്കാനും ഇഷ്ടമുള്ളതൊക്കെ ചെയ്യാനുമുള്ള സ്വാതന്ത്ര്യം വേണമെന്ന വാദക്കാർ തങ്ങളുടെ ഭാര്യമാരെയും മക്കളെയും മാതാക്കളെയും സഹോദരിമാരെയും ഈ 'സ്വാതന്ത്ര്യം' അനുഭവിക്കാൻ സമ്മതിക്കുമോ എന്ന ചോദ്യം പ്രസക്തമാണ്.

പൊതു ഇടങ്ങൾ ആഭാസങ്ങൾ കാണിക്കാനുള്ളതല്ല. എന്നാൽ നിയമം കയ്യിലെടുക്കാൻ കയ്യൂക്കിന്റെയോ അധികാരത്തിന്റെയോ ബലത്തിൽ ഇറങ്ങിപ്പുറപ്പെടുന്നവർക്ക് അധികാരവുമില്ല. അതിനാണ് പൊലീസ്. ഒരിക്കൽ തല്ലുന്നവന്റെയും മറ്റൊരിക്കൽ തല്ല് കൊള്ളുന്നവന്റെയും കൂടെ നിന്ന് നിഷ്പക്ഷത കാണിക്കലല്ല പൊലീസിന്റെ ധർമം. ●

ഫൈസൽ പുതുപ്പറമ്പ്
abuadilfaisal@gmail.com



# മഴക്ക് വേണ്ടിയുള്ള നമസ്‌ക്കാരം

**കടുത്ത ജലക്ഷാമം നേരിടുമ്പോൾ പകച്ചു നിൽക്കാനല്ല, മഴ വർഷിപ്പിക്കാൻ കഴിയുന്ന സ്രഷ്ടാവിനോട് പ്രാർഥിക്കുവാനാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്. മഴക്ക് വേണ്ടിയുള്ള നമസ്‌കാരത്തെ സംബന്ധിച്ച് പ്രാമാണികമായ ഒരു പഠനം.**

അല്ലാഹുവിന്റെ എണ്ണമറ്റ അനുഗ്രഹങ്ങളിൽ ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണല്ലോ മഴ. എന്നാൽ പല കാരണങ്ങളാൽ അല്ലാഹു തന്റെ അടിമകൾക്ക് മഴയെ തടയും. ജലക്ഷാമം രൂക്ഷമാകുമ്പോൾ കേവലം ഭൗതിക കാരണങ്ങളെ മാത്രം അതിനു പിന്നിൽ കണ്ടെത്തുകയും അതിന് പരിഹാരമായി ഭൗതിക പരിഹാര മാർഗങ്ങൾ മാത്രം തേടുകയും ചെയ്യുകയല്ല ഒരു വിശ്വാസി ചെയ്യേണ്ടത്. അതിനപ്പുറം മഴയുടെ ഉടമയായ അല്ലാഹുവിനോട് മനമുരുകി പ്രാർഥിക്കൽ കൂടി പ്രധാന പരിഹാര മാർഗമായി വിശ്വാസി കാണണം.

**എന്ത് കൊണ്ട് മഴ തടയപ്പെടുന്നു?**

അൽപം ദീർഘമായ ഒരു ഹദീഥിൽ റസൂൽﷺ ഇപ്രകാരം പഠിപ്പിച്ചതായി സ്വഹാബിയായ അബ്ദുല്ലാഹിബ്നു അംറ് (റ) പറയുന്നു: “നബി ﷺ ഞങ്ങളിലേക്ക് തിരിഞ്ഞ് കൊണ്ട് ഇപ്രകാരം പറഞ്ഞു: ‘അല്ലയോ മുഹാജിറുകളുടെ സമൂഹമേ, അഞ്ചു കാര്യം കൊണ്ട് നിങ്ങൾ പരീക്ഷിക്കപ്പെട്ടു കഴിഞ്ഞാൽ (വളരെ പ്രയാസകരമായിരിക്കും കാര്യം)- അതുണ്ടാകുന്നതിൽ നിന്ന് ഞാൻ അല്ലാഹുവിനോട് കാവൽതേടുന്നു. ഏതൊരു സമൂഹത്തിലും തോന്നിവാസങ്ങൾ (അശ്ലീലതകൾ) വ്യാപകമാവുകയും അത് പരസ്യമായി പോലും ചെയ്യാവുന്ന സാഹചര്യം ഉണ്ടാകുകയും ചെയ്താൽ അവരിൽ പ്ലേഗും മുൻകഴിഞ്ഞ സമൂഹങ്ങളിലൊന്നും ഇല്ലാത്ത വിധം വേദനയുള്ള രോഗങ്ങളും വ്യാപകമാകാതിരിക്കില്ല. അളവിലും തൂക്കത്തിലും അവർ കൃത്രിമം കാണിക്കുന്നുവെങ്കിൽ ക്ഷാമവും ജീവിത ചെലവുകളുടെ ഭാരവും ഭരണാധികാരികളുടെ അതിക്രമവും അവരെ പിടികൂടാതിരിക്കുകയില്ല. സമ്പത്തിന്റെ സകാത്ത് അവർ നൽകാതിരിക്കുന്ന പക്ഷം ആകാശ ലോകത്ത് നിന്നുള്ള മഴ അവർക്ക് തടയപ്പെടാതിരിക്കില്ല. മൃഗങ്ങൾ കൂടി ഇല്ലായിരുന്നുവെങ്കിൽ അവർക്ക് ഒട്ടും മഴ ലഭിക്കുകയേ ഇല്ല...” (ഇബ്നു മാജ:4019, ഹാകിം, സിൽസില സ്വഹീഹ:106).

ഇമാം ബുഖാരി(റഹി) തന്റെ സ്വഹീഹുൽ ബുഖാരിയിൽ നൽകിയ ഒരു അധ്യായത്തിന്റെ തലവാചകം ഇപ്രകാരമാണ്: “നിഷിദ്ധമായവയെ (അല്ലാഹുവിന്റെ വിലക്കുകളെ) സൃഷ്ടികൾ തകർത്തെറിയുമ്പോൾ അല്ലാഹു അവർക്ക് വരൾച്ച നൽകിക്കൊണ്ട് പ്രതികാരമെടുക്കും എന്ന അധ്യായം.” (ബുഖാരി: മഴയെ തേടുന്ന അധ്യായം).

‘അല്ലാഹു അവതരിപ്പിച്ച ദൃഷ്ടാന്തങ്ങളെയും സൻമാർഗത്തെയും മറച്ചു വെക്കുന്ന

വരെ അല്ലാഹു ശപിക്കും. ശപിക്കുന്ന മുഴുവൻ പേരും ശപിക്കും' എന്ന സൂറത്തുൽ ബക്വറയിലെ 19-ാം വചനത്തെ വിശദീകരിച്ചു കൊണ്ട് താബിഈ പ്രമുഖനായ ഇമാം മുജാഹിദ്(റഹി) പറയുന്നു: "ഭൂമിയിൽ വരൾച്ച നേരിട്ടാൽ മൃഗങ്ങൾ പറയും: 'പാപികളായ മനുഷ്യർ കാരണമാണിത്. മനുഷ്യരിൽ പാപികളെ അല്ലാഹു ശപിക്കട്ടെ' എന്ന്" (ഇബ്നു കഥീർ 1/137).

ഏതൊരു നാട്ടുകാരും ഈമാനും (സത്യവിശ്വാസം) തക്വ്‌വയും (സൂക്ഷ്മത) കാത്ത് സൂക്ഷിക്കുന്ന പക്ഷം അല്ലാഹു അവർക്ക് ആകാശ ഭൂമികളിലെ ഐശ്വര്യങ്ങൾ ചൊരിഞ്ഞു നൽകുമെന്ന് ക്വുർആൻ പറഞ്ഞത് (7/96) ഇതോട് നാം ചേർത്ത് വായിക്കുക.

അലി‍ؓ പറയുന്നു: "പാപം കാരണമായിട്ടല്ലാതെ ഒരു പരീക്ഷണവും ഇറങ്ങാറില്ല. പശ്ചാത്താപം (തൗബ) കൊണ്ടല്ലാതെ അത് ഒഴിവാകാറുമില്ല"(അൽ ജവാബുൽ കാഫീ: 142).

ചുരുക്കത്തിൽ ക്ഷാമവും വരൾച്ചയുമാകുന്ന പരീക്ഷണങ്ങൾ നീങ്ങിക്കിട്ടാൻ അല്ലാഹുവിലേക്ക് പശ്ചാത്തപിച്ച് മടങ്ങലാണ് പ്രതിവിധി. പ്രധാനമായും നാലു തരത്തിലാണ് അതിന്റെ വഴി പ്രമാണങ്ങൾ പഠിപ്പിക്കുന്നത്. അതിൽ പ്രധാനമായത് മഴക്ക് വേണ്ടിയുള്ള നമസ്കാരമാണ്. ധാരാളം ഹദീഥുകളിൽ ഇത് സ്ഥിരപ്പെട്ടതുമാണ്. നബിﷺയും സ്വഹാബത്തും ഇത് നിർവഹിച്ചതുമാണ്. ഒരു ഹദീഥ് കാണുക:

ആഇശؓ പറയുന്നു: "സൂര്യകിരണങ്ങൾ വെളിവായ നേരത്ത് നബിﷺ പുറപ്പെട്ടു. എന്നിട്ട് മിമ്പറിൽ ഇരുന്നു. ശേഷം തക്ബീറും തഹ്മീദും നിർവഹിച്ചു. ശേഷം അവിടുന്ന് പറഞ്ഞു: വരൾച്ചയെ കുറിച്ചും മഴയില്ലാത്തതിനെ കുറിച്ചും നിങ്ങൾ പരാതി പറയുന്നു. അല്ലാഹു അവനോട് പ്രാർഥിക്കുവാൻ നിങ്ങളോട് കൽപിച്ചിരിക്കുന്നു. ഉത്തരം നൽകാമെന്ന് അവർ വാഗ്ദാനം ചെയ്തിരിക്കുന്നു. ശേഷം നബി ﷺ അല്ലാഹുവിനെ സ്തുതിക്കുകയും അവനെ മഹത്ത്വപ്പെടുത്തുകയും ചെയ്തു. പിന്നീട് മഴക്ക് വേണ്ടി അവിടുന്ന് ദീർഘമായി പ്രാർഥിച്ചു. തന്റെ കക്ഷത്തിന്റെ വെള്ള വെളിവാകുമാറ് അവിടുന്ന് തന്റെ ഇരു കൈകളും ഉയർത്തിയിരുന്നു. പിന്നീട് ജനങ്ങൾക്ക് പുറം തിരിഞ്ഞു നിന്നു. പിന്നീട് കൈ ഉയർത്തി ക്കൊണ്ട് തന്നെ തന്റെ മേൽ മുണ്ട് (തട്ടം) ഒന്ന് തിരിച്ചിട്ടു. ശേഷം ജനങ്ങളിലേക്ക് തിരിഞ്ഞു. പിന്നീട് മിമ്പറിൽ നിന്ന് ഇറങ്ങി. രണ്ട് റക്അത്ത് നമസ്കരിച്ചു..." (അബൂദാവൂദ്:1173)

(കൈകൾ ഉയർത്തുമ്പോൾ കയ്യിന്റെ ഉൾഭാഗം ഭൂമിയിലേക്കും പുറംഭാഗം ആകാശത്തേക്കുമാക്കലാണ് പ്രവാചക മാതൃക.)

മഴക്കു വേണ്ടിയുള്ള നമസ്കാരവുമായി ബന്ധപ്പെട്ട മര്യാദകളെ ഈ ഹദീഥിന്റെ വെളിച്ചത്തിൽ നമുക്ക് ഇങ്ങനെ സംഗ്രഹിക്കാം:

1. സമയം: മഴക്ക് വേണ്ടി നമസ്കരിക്കുവാൻ പ്രത്യേക ദിവസമോ സമയമോ നിശ്ചയിക്കപ്പെട്ടിട്ടില്ല. എന്നാൽ നബിﷺ പ്രസ്തുത നമസ്കാരം നിർവഹിച്ചത് പ്രഭാതത്തിലാണ്. അതിനാൽ പെരുന്നാൾ നമസ്കാര സമയമാണ് അതിന് ഏറ്റവും ഉത്തമം എന്ന് മേൽ ഹദീഥ(അബൂദാവൂദ്:1173) അടിസ്ഥാനമാക്കി ഭൂരിപക്ഷം പണ്ഡിതൻമാരും അഭിപ്രായപ്പെട്ടു കാണുന്നു.

(വിശദാംശങ്ങൾക്ക് ഇബ്നു അബ്ദിൽ ബർറ്ؓന്റെ അത്തംഹീദ് 17/175, ഇബ്നു ഖുദാമയുടെ മുഗ്നി 3/327 എന്നിവ നോക്കുക).

2. നമസ്കാരം നിർവഹിക്കുന്ന ദിവസം മുൻകൂട്ടി നിശ്ചയിച്ച് ജനങ്ങളെ അറിയിക്കണം. മുകളിൽ ഉന്നയിച്ച ഹദീഥ് അക്കാര്യം വ്യക്തമാക്കുന്നുണ്ട്.

**3. മൈതാനത്താണ് ഉത്തമം**

നബിﷺ മൈതാനത്തേക്ക് പുറപ്പെട്ടുവെന്നും അവിടെ നബിﷺക്ക് വേണ്ടി മിമ്പർ സ്ഥാപിക്കപ്പെട്ടുവെന്നും അതിൽ കയറി നബിﷺ ഉപദേശിച്ചുവെന്നും മേൽ ഹദീഥിൽ തന്നെ കാണുന്നു.

ഉമറുബ്നു അബ്ദിൽ അസീസ്ؓ മൈമൂനുബ്നു മഹ്റാൻؓന് ഇപ്രകാരം എഴുതി അറിയിച്ചു: "ഇന്ന മാസത്തിലെ ഇന്ന ദിവസത്തിൽ മഴക്ക് വേണ്ടി പ്രാർഥിക്കാനായി ഞാൻ പട്ടണങ്ങളിലേക്ക് എഴുതി അറിയിച്ചിട്ടുണ്ട്. നോമ്പ് നോൽക്കുവാനും സ്വദക്വ ചെയ്യുവാനും സാധിക്കുന്നവർ അപ്രകാരം ചെയ്യട്ടെ.അല്ലാഹു പറയുന്നു: "തീർച്ചയായും പരിശുദ്ധി നേടിയവർ വിജയം പ്രാപിച്ചു. തന്റെ രക്ഷിതാവിന്റെ നാമം സ്മരിക്കുകയും എന്നിട്ട് നമസ്കരിക്കുകയും (ചെയ്തവൻ) (സൂറഃ അൽ അഅ്ലാ 14,15). നിങ്ങളുടെ ആദ്യ മാതാപിതാക്കൾ പറഞ്ഞത് പോലെ നിങ്ങളും പറയുവിൻ:'അവർ രണ്ടുപേരും പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളോട് തന്നെ അക്രമം ചെയ്തിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്തുതരികയും കരുണ കാണിക്കുകയും ചെയ്തില്ലെങ്കിൽ തീർച്ചയായും ഞങ്ങൾ നഷ്ടം പറ്റിയവരുടെ കൂട്ടത്തിലായിരിക്കും" (7/23). നൂഹ് നബിعليه السلام പറഞ്ഞത് പോലെയും നിങ്ങൾ പറയുക: "(അല്ലാഹുവേ) നീ എനിക്ക് പൊറുത്തു തരികയും നീ എന്നോട് കരുണ കാണിക്കുകയും ചെയ്യാത്ത പക്ഷം ഞാൻ നഷ്ടക്കാരുടെ കൂട്ടത്തിലായിരിക്കും" (11/47). മൂസാ നബിعليه السلام പറഞ്ഞതു പോലെയും നിങ്ങൾ പറയുക: 'അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, തീർച്ചയായും ഞാൻ എന്നോട് തന്നെ അന്യായം ചെയ്തിരിക്കുന്നു. അതിനാൽ നീ എനിക്ക് പൊറുത്തുതരേണമേ...' (അൽ ക്വസ്വസ്:16). യൂനുസ് നബിعليه السلام പറഞ്ഞതു പോലെയും നിങ്ങൾ പറയുവിൻ: "...നീയല്ലാതെ യാതൊരു ദൈവവുമില്ല. നീ എത്ര പരിശുദ്ധൻ! തീർച്ചയായും ഞാൻ അക്രമികളുടെ കൂട്ടത്തിൽ പെട്ടവനായിരിക്കുന്നു" (അൽ അൻബിയാഅ് 87) അബ്ദുർറസ്സാഖ് 3/82).

ഇമാം ജനങ്ങൾക്ക് നല്ല ഉപദേശങ്ങൾ നൽകണം എന്ന് ഇവയിൽ നിന്ന് ഗ്രഹിക്കാം.

**4. വിനയവും താഴ്മയും പ്രകടിപ്പിച്ചു കൊണ്ടാവണം പുറപ്പെടേണ്ടത്**

ഇബ്നു അബ്ബാസ്ؓ പറയുന്നു: "നബിﷺ വളരെ നിലവാരം കുറഞ്ഞ വേഷത്തിൽ വിനയത്തോടെയും താഴ്മയോടെയും ഭക്തിയോടെയും പ്രാർഥനാനിർഭരനായിക്കൊണ്ടുമാണ് പുറപ്പെട്ടത്" (അബൂദാവൂദ്: 1165, തുർമുദി:1028, മുസ്‌ലിം:894).

**5. നമസ്കാരത്തിന് മുമ്പോ ശേഷമോ ഖുതുബ നിർവഹിക്കാം**

ഇതിലേക്കുമുള്ള സൂചനകൾ നബിﷺയുടെ കർമങ്ങൾ ഉദ്ധരിച്ച വ്യത്യസ്ത റിപ്പോർട്ടുകളിൽ കാണുന്നു. എന്നാൽ ഒരു ഗംഭീര പ്രസംഗമല്ല വേണ്ടത്. പകരം, ഇമാമും അല്ലാത്തവരുമെല്ലാം വളരെ വിനയാന്വിതരായിരിക്കുകയും റബ്ബിലേക്ക് കൂടുതൽ ഭക്തിപ്പെടുകയുമാണ് വേണ്ടത്. അതിനായുള്ള ഉപദേശങ്ങളാണ് ഖുതുബയിൽ ഉണ്ടാവേണ്ടത്.

സ്ത്രീകളും കുട്ടികളും വൃദ്ധരും എല്ലാം ഒന്നടങ്കം പുറപ്പെടുകയാണ് വേണ്ടത്. എന്നാൽ, മൃഗങ്ങളെയും മറ്റും കൊണ്ടുപോകുന്നതിന് പ്രവാചക പ്രവൃത്തിയുടെ മാതൃകയില്ലെന്ന് ഇബ്നു ഖുദാമ ﷺ പറയുന്നു. (മുഗ്നി:3/335, കാഫീ: 1/535). അല്ലാഹു അഅ്ലം.

**6. ബാങ്കും ഇക്വാമത്തും സുന്നത്തില്ല**

നബിﷺയിൽ നിന്ന് ഈ വിഷയത്തിൽ പ്രത്യേകം നിർദേശം വന്നിട്ടില്ല. നബിﷺ ബാങ്കോ ഇക്വാമത്തോ നിർവഹിച്ചതായി ഉദ്ധരിക്കപ്പെടുന്നുമില്ല. നബിﷺയിൽ നിന്ന് മതം പഠിച്ച സ്വഹാബിമാരായ അബ്ദുല്ലാഹ് ബ്നു യസീദ് ബാങ്കോ ഇകാമത്തോ നിർവഹിക്കാതെയാണ് മഴയെ തേടുന്ന നമസ്കാരം നിർവഹിച്ചത് എന്ന് ഇമാം ബുഖാരി രേഖപ്പെടുത്തുന്നു (ബുഖാരി:1022). അബൂമൂസൽ അശ്അരിﷺ എന്ന സ്വഹാബിയും അപ്രകാരം ചെയ്തതായി ഇബ്നു അബീശൈബﷺ തന്റെ മുസ്വന്നഫിൽ (2/221) ഉദ്ധരിച്ചിട്ടുണ്ട്.

**7. കൂടുതൽ ഭക്തരും മതനിഷ്ഠയുള്ളവരുമാണ് പ്രാർഥനക്ക് നേതൃത്വം നൽകേണ്ടത്**

നബിﷺ ജീവിച്ചിരിപ്പുള്ള കാലത്ത് സ്വഹാബത്തിന് ഈ വിഷയത്തിൽ നേതൃത്വം നൽകിയിരുന്നത് നബിﷺയായിരുന്നു എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. (ബുഖാരി:933, 1010, മുസ്ലിം:897).

നബിﷺയുടെ കാല ശേഷം ഉമർﷺ മഴയെ തേടിയപ്പോൾ നബിﷺയുടെ പിതൃവ്യൻ അബ്ബാസ് ﷺനെയാണ് നേതൃത്വം നൽകാനായി തെരെഞ്ഞെടുത്തത് (ബുഖാരി:1010). മുആവിയ ﷺ, ദ്വഹ്ഹാക് ﷺ എന്നിവർ മഴക്കു വേണ്ടിയുള്ള നമസ്കാരത്തിന് യസീദ്ബ്നു അസ്വദ്ﷺനെയാണ് നേതൃത്വം ഏൽപിച്ചത്. (മുഗ്നി 1/535).

**8. പെരുന്നാൾ നമസ്കാരം പോലെ തന്നെയാണ് ഈ നമസ്കാരവും**

വ്യത്യസ്ത ഹദീഥുകൾ ഇക്കാര്യം വ്യക്തമാക്കുന്നു. (ബുഖാരി:1012,1026, മുസ്ലിം:894). ഇത് പ്രകാരം പെരുന്നാൾ നമസ്കാരത്തിലെന്ന പോലെ ഇതിലും രണ്ട് റക്അത്തിലും തക്ബീറുകൾ സുന്നത്താണ് എന്നാണ് പ്രബലാഭിപ്രായം. ക്വുർആൻ പാരായണം ഉറക്കെയാണ് വേണ്ടത്. ഖുത്വുബ നമസ്കാരത്തിന് മുമ്പും ശേഷവും ആവാം എന്നതിന് ഹദീഥുകളിൽ തെളിവുണ്ട്. പ്രസ്തുത വിഷയത്തിൽ വന്ന ഹദീഥുകൾ ചർച്ച ചെയ്തുകൊണ്ട് ശൈഖ് ഇബ്നുബാസ് (റഹി) പറയുന്നു: 'നബിﷺ ചില സമയങ്ങളിൽ ആദ്യം ഖുത്വുബ നിർവഹിക്കുകയും പിന്നീട് നമസ്കരിക്കുകയും ചെയ്തെന്നും ചില ഘട്ടങ്ങളിൽ ആദ്യം നമസ്കരിക്കുകയും പിന്നെ ഖുത്വുബ നിർവഹിച്ചെന്നും ഈ റിപ്പോർട്ടുകൾ അറിയിക്കുന്നു. അതിനാൽ രണ്ട് രീതിയും അനുവദനീയമാണെന്ന് ഇതറിയിക്കുന്നു' (ഫതാവാ ഇബ്നുബാസ്: 13/61).

**നമസ്കാരത്തിനായി നോമ്പനുഷ്ഠിക്കൽ**

മഴയെ തേടുന്ന നമസ്കാരത്തിനു മുന്നോടിയായി നോമ്പ് നോൽക്കണോ എന്ന വിഷയത്തിൽ പണ്ഡിത ലോകത്ത് വ്യത്യസ്ത വീക്ഷണങ്ങൾ പഴയ കാലം മുതലേ നിലവിലുണ്ട്. ശാഫിഈ മദ്ഹബ് പ്രകാരം അതിനു മുമ്പായി മൂന്നു ദിവസം നോമ്പനുഷ്ഠിക്കൽ സുന്നത്താണ്. മൂന്നാം ദിവസം നോമ്പുകാരായിക്കൊണ്ടാണ് നമസ്കാരത്തിന് വരേണ്ടത്. അതല്ല, മൂന്ന് ദിവസത്തെ നോമ്പിനു ശേഷം നാലാം ദിവസമാണ് നമസ്കാരത്തിന് വരേണ്ടത് എന്നും അഭിപ്രായമുണ്ട്.

ഹനഫികളും മാലികികളും ഏകദേശം ഈ അഭിപ്രായക്കാർ തന്നെയാണ്. ഹമ്പലികൾക്കും ഈ വിഷയത്തിൽ കാര്യമായ അഭിപ്രായ വ്യത്യാസമില്ല. എന്നാൽ മൂന്നാം ദിവസം പുറപ്പെടണോ അതോ മൂന്ന് ദിവസത്തെ നോമ്പിനു ശേഷം നാലാം ദിവസം പുറപ്പെടണോ എന്ന വിഷയത്തിലാണ് പണ്ഡിതൻമാർക്ക് വീക്ഷണ വ്യത്യാസമുള്ളത്. എന്നാൽ നബിﷺയിൽ നിന്ന് ഈ വിഷയത്തിൽ പ്രത്യേക അധ്യാപനമുള്ളതായി അവരാരും രേഖപ്പെടുത്തുന്നില്ല എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. നോമ്പുകാരന്റെ പ്രാർഥനക്ക് പ്രത്യേകം സ്വീകാര്യതയുണ്ട് എന്ന് ഇമാം തുർമുദിയും ബൈഹഖിയും ഉദ്ധരിച്ച സ്വീകാര്യ യോഗ്യമായ ഹദീഥാണ് അവരൊക്കെയും ഇതിന് തെളിവായി ഉന്നയിച്ചു കാണുന്നത്. അതിനപ്പുറം ഈ വിഷയകമായി പ്രത്യേകം തെളിവില്ലാത്തതിനാൽ ഇങ്ങനെ ഒരു നോമ്പ് സുന്നത്താണെന്ന് പറയാവതല്ലെന്നാണ് ശൈഖ് ഇബ്നു ഉഥൈമീൻ(റഹി) തന്റെ ഫതാവായിൽ വ്യക്തമാക്കുന്നത്.

പ്രാർഥനക്ക് ഉത്തരം ലഭിക്കാൻ നോമ്പ് ഉതകുമെന്നതിനാൽ പൊതുവായ ഒരു മാനദണ്ഡം എന്ന നിലക്ക് മുകളിൽ പറഞ്ഞ ഹദീഥിന്റെ അടിസ്ഥാനത്തിൽ വേണമെങ്കിൽ പ്രവർത്തിക്കുകയുമാകാം. (അല്ലാഹു അഅ്ലം).

ദാനധർമങ്ങൾ വർധിപ്പിക്കുക, അന്യായമായി നേടിയവ അവകാശികൾക്ക് തിരിച്ചു നൽകുക തുടങ്ങിയ മര്യാദകളെല്ലാം ചില പണ്ഡിതൻമാർ പറഞ്ഞതും ഈ ഒരു അർഥത്തിൽ തന്നെയാണ്.

നൻമകൾ വർധിപ്പിച്ചും തിൻമകളിൽ നിന്ന് മാറിനിന്നും കൂടുതൽ വിനയാന്വിതരായും അല്ലാഹുവിലേക്ക് കൂടുതലായി അടുക്കുകയും ചെയ്യുക എന്നത് തന്നെയാണ് മഴക്ക് വേണ്ടിയുള്ള തേട്ടത്തിന്റെ മർമം എന്ന് പൊതുവെ പ്രമാണങ്ങൾ പഠിപ്പിക്കുന്നു.

**ഖുത്വുബയിലുള്ള പ്രാർഥന**

മഴയെ തേടാനുള്ള മറ്റൊരു രീതിയാണ് ഖുത്വുബയിൽ വെച്ചുള്ള പ്രാർഥന. പ്രത്യേക നമസ്കാരമോ മറ്റോ നിർവഹിക്കാതെ ഇമാം ഖുത്വുബയിൽ മഴക്ക് വേണ്ടി പ്രാർഥിക്കുകയാണ് ഇതിന്റെ രീതി. കൈകൾ നന്നായി ഉയർത്തിക്കൊണ്ട് തന്നെയാണ് ഈ പ്രാർഥന നിർവഹിക്കേണ്ടത്. നബിﷺ ഇപ്രകാരം മഴക്ക്

വേണ്ടി മിമ്പറിൽ വെച്ച് പ്രാർഥിച്ചതും ജുമുഅ കഴിഞ്ഞ് ജനങ്ങൾ പിരിയും മുമ്പായി ശക്തമായ മഴ വർഷിച്ചതും അടുത്ത ആഴ്ച വരെ ആ മഴ തുടർന്നതും പ്രസിദ്ധമായ സംഭവമാണല്ലോ. ഇമാം ബുഖാരിയും മുസ്‌ലിമും അടക്കം ധാരാളം ഹദീഥ് പണ്ഡിതൻമാർ ഈ സംഭവം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**മറ്റു സമയങ്ങളിലുള്ള പ്രാർഥന**

നബിﷺ പള്ളിയിൽ ഇരിക്കുമ്പോൾ കൈകൾ ഉയർത്തി 'പ്രയോജനമാവും വിധം സമൃദ്ധമായ മഴ നൽകണേ' എന്ന് പ്രാർഥിച്ചതായി അബൂദാവൂദ്ؓ 1119 -ാം നമ്പറായി ഉദ്ധരിക്കുന്ന ഹദീഥിൽ സ്ഥിരപ്പെട്ടു വന്നിട്ടുണ്ട്. അതുപോലെ പള്ളിക്ക് പുറത്ത് സൗറാഅ് എന്ന സ്ഥലത്തിന് സമീപത്ത് വെച്ച് നബിﷺ മഴക്ക് വേണ്ടി തേടി എന്ന് ഇമാം അബൂദാവൂദും ഉദ്ധരിച്ചിട്ടുണ്ട്. ഒരു യുദ്ധവേളയിൽ നബിﷺ മഴക്ക് വേണ്ടി പ്രാർഥിച്ച സംഭവം ഇമാം ഇബ്നുൽ ഖയ്യിം(റഹി) സാദുൽ മആദ് 1/458ൽ വിവരിക്കുന്നുണ്ട്.

**എന്ത് പ്രാർഥിക്കണം?**

നബിﷺ മഴക്ക് വേണ്ടി പ്രാർഥിച്ച ധാരാളം പ്രാർഥനകൾ ഹദീഥ് ഗ്രന്ഥങ്ങളിൽ സ്ഥിരപ്പെട്ട് വന്നിട്ടുണ്ട്. ബുഖാരി: 1013, 1014, മുസ്‌ലിം:897, അബൂദാവൂദ്: 1169,1173, 1176, ഇബ്നു മാജ: 1269 തുടങ്ങി ഒട്ടനവധി ഹദീഥുകളിൽ വ്യത്യസ്ത പ്രാർഥനകൾ കാണാം. അവയിൽ ഏതും സ്വീകരിക്കാം.

മഴക്ക് വേണ്ടി നമസ്കരിച്ചിട്ടും മഴ ലഭിച്ചില്ലെങ്കിൽ വീണ്ടും വീണ്ടും ആവർത്തിച്ച് പ്രസ്തുത നമസ്കാരം നിർവഹിക്കാവുന്നതാണ്.

**മഴ ലഭിച്ചാൽ**

അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ പ്രധാനപ്പെട്ട അനുഗ്രഹമാണ് മഴ. അതിനാൽ മഴ ലഭിച്ചാൽ അല്ലാഹുവിന് നന്ദി കാണിക്കൽ നമ്മുടെ ബാധ്യതയാകുന്നു. സൈദ് ബിൻ ഖാലിദ് അൽ ജുഹനിؓ പറയുന്നു: "രാത്രി മഴ ലഭിച്ച ഒരു ദിവസം, ഹുദൈബിയ്യയിൽ വെച്ച് പ്രഭാത നമസ്കാര ശേഷം നബി ﷺ ജനങ്ങളിലേക്ക് തിരിഞ്ഞു കൊണ്ട് ചോദിച്ചു: 'നിങ്ങളുടെ രക്ഷിതാവ് എന്താണ് പറഞ്ഞത് എന്ന് നിങ്ങൾക്കറിയുമോ?' അവർ പറഞ്ഞു: 'അല്ലാഹുവിനും അവന്റെ പ്രവാചകനും അറിയാം.' നബിﷺ പറഞ്ഞു: 'അല്ലാഹു പറഞ്ഞിരിക്കുന്നു: പ്രഭാതമായപ്പോൾ എന്റെ അടിമകളിൽ ചിലർ വിശ്വാസികളും മറ്റു ചിലർ അവിശ്വാസികളുമായിരിക്കുന്നു. അല്ലാഹുവിന്റെ ഔദാര്യത്താലും കാരുണ്യത്താലും നമുക്ക് മഴ ലഭിച്ചു എന്ന് പറയുന്നവർ എന്നിൽ വിശ്വസിച്ചിരിക്കുന്നു; നക്ഷത്രങ്ങളിൽ അവിശ്വസിച്ചിരിക്കുന്നു. എന്നാൽ ഇന്നാലിന്ന നക്ഷത്രം കാരണമാണ് മഴ ലഭിച്ചത് എന്ന് പറയുന്നവർ എന്നിൽ അവിശ്വസിച്ചവരും നക്ഷത്രങ്ങളെ വിശ്വസിച്ചവരുമാകുന്നു" (ബുഖാരി, മുസ്‌ലിം).

മറ്റൊരു ഹദീസിൽ ഇപ്രകാരം കാണാം: 'ജാഹിലിയ്യഃ കാലത്തെ നാലു സ്വഭാവങ്ങൾ എന്റെ സമുദായത്തിലുണ്ട്. അവർ അത് ഒഴിവാക്കുകയുമില്ല. തറവാടിന്റെ പേരിലുള്ള ദുരഭിമാനവും കുടുംബത്തിന്റെ പേരിലുള്ള ആക്ഷേപവും മയ്യിത്തിന്റെ പേരിൽ ആർത്തു കരയലും നക്ഷത്രങ്ങളെ കൊണ്ട് മഴ തേടലും" (മുസ്‌ലിം).

അതിനാൽ മഴ ലഭിക്കുമ്പോൾ കൂടുതൽ നന്ദിയുള്ളവരായി മാറാൻ ശ്രമിക്കുക.

ആഇശؓ പറയുന്നു: നബിﷺ മഴ കണ്ടാൽ ഇങ്ങനെ പറയുമായിരുന്നു: 'അല്ലാഹുവേ, പ്രയോജനപ്രദമായ മഴ നൽകേണമേ...' (ബുഖാരി:1032).

അനസ്ؓ പറയുന്നു: "ഒരിക്കൽ ഞങ്ങൾ നബിﷺയോടൊപ്പം ഉള്ളപ്പോൾ ഞങ്ങൾക്ക് മഴ ലഭിച്ചു. അപ്പോൾ നബിﷺ തന്റെ വസ്ത്രം അൽപം പൊക്കിക്കൊണ്ട് മഴ നനഞ്ഞു. അപ്പോൾ ഞങ്ങൾ ചോദിച്ചു: 'പ്രവാചകരേ, താങ്കൾ എന്താണ് ഇങ്ങനെ ചെയ്യുന്നത്?' അവിടുന്ന് പറഞ്ഞു: 'അല്ലാഹുവിൽ നിന്ന് ഇങ്ങോട്ട് വർഷിച്ചിട്ട് അധികം സമയമായില്ലല്ലോ"(മുസ്‌ലിം).

ഇടിമിന്നൽ ഉണ്ടായാൽ സ്വഹാബിയായ അബ്ദുല്ലാഹിബ്നു സുബൈർؓ സംസാരം നിർത്തുകയും ഇപ്രകാരം പ്രാർഥിക്കുകയും ചെയ്യുമായിരുന്നു: "മലക്കുകൾ ഭയക്കുകയും ഇടി മിന്നൽ പ്രകീർത്തിക്കുകയും ചെയ്യുന്ന അല്ലാഹു എത്ര പരിശുദ്ധൻ" (അൽമുവത്വ).

ഇടിമിന്നൽ ഉണ്ടായാൽ നബിﷺ ഇപ്രകാരം പ്രാർഥിക്കുമായിരുന്നു എന്ന് ഇമാം ബുഖാരിയും (അദബുൽ മുഫ്റദിൽ) ഇമാം ഹാകിമും തുർമുദിയും ഉദ്ധരിച്ച ഹദീഥിൽ കാണാം:

"അല്ലാഹുവേ! നിന്റെ കോപത്താൽ നി ഞങ്ങളെ കൊല്ലരുതേ. നിന്റെ ശിക്ഷയാൽ നീ ഞങ്ങളെ നശിപ്പിക്കല്ലേ. അതിനു മുമ്പേ നീ ഞങ്ങൾക്ക് സൗഖ്യം നൽകേണമേ." ഈ ഹദീഥുകളുടെ സ്വീകാര്യതയിൽ പണ്ഡിത ലോകത്ത് അഭിപ്രായ വ്യത്യാസമുണ്ട്. ശൈഖ് അൽബാനി ഇത് ദുർബലമാണെന്നാണ് വിധി പറഞ്ഞിരിക്കുന്നത്. എന്നാൽ ഇത് സ്വഹീഹാണെന്ന് ഇമാം ഹാകിമും ഇമാം ദഹബിയും പറയുന്നു. വ്യത്യസ്ത പരമ്പരകളിൽ ഉദ്ധരിക്കപ്പെട്ടതിനാൽ സനദിന് ദുർബലതയുണ്ടെങ്കിലും അതിന് ബലം ലഭിക്കുന്നു എന്നാണ് ശുഐബ് അൽ അർനാഊത്(റഹി) പറയുന്നത്. (അല്ലാഹു അഅ്ലം).

മഴ റബ്ബിന്റെ അനുഗ്രഹമാണെന്നും ജനങ്ങൾ തോന്നിവാസങ്ങളിൽ മുഴുകുക നിമിത്തം അവൻ മഴയെ തടഞ്ഞു വെക്കുമെന്നും പശ്ചാത്തപിച്ച് മടങ്ങലാണ് പരിഹാര മാർഗം എന്നും ഇതിൽ നന്നും വ്യക്തമാണല്ലോ. ഒരു കാര്യം തീർച്ചയാണ്; അല്ലാഹു അവന്റെ അനുഗ്രഹമായ മഴയെ പിടിച്ചുവെച്ചാൽ അത് നൽകാൻ ഒരാൾക്കും സാധ്യമല്ല. അല്ലാഹു ചോദിക്കുന്നു: "...നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? നിങ്ങളുടെ വെള്ളം വറ്റിപ്പോയാൽ ആരാണ് നിങ്ങൾക്ക് ഒഴുകുന്ന ഉറവു വെള്ളം കൊണ്ടുവന്ന് തരിക?" (സൂറത്തുൽ മുൽക് 30).

അതിനാൽ ഇന്ന് പലരും ചെയ്യുന്നതു പോലെ ജാറങ്ങളിലും മറ്റും പോയി മഴക്ക് വേണ്ടി തേടുകയോ സിദ്ധൻമാരെയും മറ്റും സമീപിക്കുകയോ അല്ല ചെയ്യേണ്ടത്. അത് അല്ലാഹുവിന്റെ കോപം വർധിക്കാനേ നിമിത്തമാകൂ.

അല്ലാഹുവേ, ഞങ്ങൾക്ക് നീ പ്രയോജനകരമായ മഴ വർഷിപ്പിക്കേണമേ... നീ ഞങ്ങളെ ക്ഷാമവും വരൾച്ചയും നൽകി പരീക്ഷിക്കല്ലേ... ●

കവർ സ്റ്റോറി




സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com

# ഉത്തരം തേടുന്ന ഉത്തർപ്രദേശ്

ഫാഷിസ്റ്റ് ഭരണത്തിന്റെ കീഴിൽ വ്രണിതമനസ്സുമായി കഴിഞ്ഞുകൂടിയിരുന്ന രാജ്യത്തെ മതന്യൂനപക്ഷങ്ങൾ യു.പിയിലെ കോൺഗ്രസ്സ് സമാജ്‌വാദി കക്ഷികളുടെ ഏകീകരണം വഴി ഫാഷിസ്റ്റുകൾക്ക് തടയിടാമെന്നു ആശ്വസിച്ചിരുന്നുവെങ്കിലും ആ ആശ്വാസത്തിന് മേൽ കരിനിഴൽ വീഴ്ത്തിക്കൊണ്ട് മൃഗീയഭൂരിപക്ഷത്തോടെ ബി.ജെ.പി ജയിച്ചു കയറിയിരിക്കുന്നു.

യു.പി തെരഞ്ഞെടുപ്പ് ഫലത്തെ വിലയിരുത്തിക്കൊണ്ട് ഒരു അവലോകനം.

രാജ്യം വളരെ ആകാംക്ഷയോടെ ശ്വാസമടക്കിപ്പിടിച്ച് കാത്തിരുന്ന തെരഞ്ഞെടുപ്പ് ഫലം മതേതര മനസ്സുകളിൽ ഭയാശങ്കകൾ വിതറിക്കൊണ്ട് പുറത്തുവന്നിരിക്കുന്നു. ഉത്തർപ്രദേശിലും ഉത്തരാഖണ്ഡിലും മണിപ്പൂരിലും പഞ്ചാബിലും ഗോവയിലും തെരഞ്ഞെടുപ്പ് നടന്നുവെങ്കിലും ഉത്തർപ്രദേശ് എന്താവുമെന്നായിരുന്നു രാജ്യം ഉറ്റുനോക്കിയിരുന്നത്. ഫാഷിസ്റ്റ് ഭരണത്തിന്റെ കീഴിൽ വ്രണിതമനസ്സുമായി കഴിഞ്ഞുകൂടിയിരുന്ന രാജ്യത്തെ മതന്യൂനപക്ഷങ്ങൾ യു.പിയിലെ കോൺഗ്രസ്സ് സമാജ്‌വാദി കക്ഷികളുടെ ഏകീകരണം വഴി ഫാഷിസ്റ്റുകൾക്ക് തടയിടാമെന്നു ആശ്വസിച്ചിരുന്നുവെങ്കിലും ആ ആശ്വാസത്തിന് മേൽ കരിനിഴൽ വീഴ്ത്തിക്കൊണ്ട് മൃഗീയഭൂരിപക്ഷത്തോടെ ബി.ജെ.പി ജയിച്ചു കയറിയിരിക്കുന്നു. 403 സീറ്റുകളിൽ 312 സീറ്റുകളും നേടി നാലിൽ മൂന്ന് എന്ന നിലയിലുള്ള റിക്കോർഡ് വിജയമാണ് ബി.ജെ.പി നേടിയത്. മതേതര ഏകീകരണത്തിൽ വിള്ളൽ വീഴ്ത്തിയ മായാവതിയുടെ ബി.എസ്.പിയാവട്ടെ ഏറ്റവും ദയനീയമായ അവസ്ഥയിലേക്ക് കൂപ്പുകുത്തുകയും ചെയ്തു.

എന്തുകൊണ്ടാണ് ഉത്തർപ്രദേശിനെ രാജ്യം ഉറ്റുനോക്കുന്നത്? കാരണങ്ങൾ പലതാണ്. ഇന്ത്യയിലെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള സംസ്ഥാനമാണ് യു.പി. ഇരുപത് കോടിയാണ് ഉത്തർപ്രദേശിലെ ജനസംഖ്യ. ഇത് രാജ്യത്തിന്റെ മൊത്തം ജനസംഖ്യയുടെ ആറിലൊന്നാണ്. കേരളത്തിലെ ജനസംഖ്യയെക്കാൾ അഞ്ചിരട്ടിയോളം വരുന്ന യു.പിയിൽ 80% മുന്നോക്കക്കാരും പിന്നോക്കക്കാരുമായി വിവിധ ഹിന്ദു സമുദായങ്ങളിൽ പെട്ടവരാണ്. മതന്യൂനപക്ഷങ്ങളിൽ പെട്ടവർ 20% മാത്രമെ വരൂ. ഇങ്ങനെയൊക്കെയാണെങ്കിലും 1951ൽ സംസ്ഥാന നിയമസഭയിലേക്ക് നടന്ന ആദ്യ തെരഞ്ഞെടുപ്പിൽ ഹിന്ദു വർഗീയ പാർട്ടിയായിരുന്ന ജനസംഘത്തിന് കേവലം രണ്ട് സീറ്റുകൾ മാത്രമായിരുന്നു ലഭിച്ചത്. അത്രമാത്രം മതേതരമായിരുന്ന യു.പിയിൽ ഇപ്പോൾ ജനസംഘത്തിന്റെ പുതിയ മുഖമായ ബി.ജെ.പി 312 സീറ്റുകൾ നേടി എന്നത് മതേതരത്വത്തെ സ്നേഹിക്കുന്ന ഏതൊരു ഇന്ത്യക്കാരനെയും ആശങ്കാഭരിതനാക്കുമെന്നത് സത്യമാണ്. മതേതര പാർട്ടികളിലെ ഭിന്നതകളും നേതൃശൂന്യതയും മതന്യൂനപക്ഷങ്ങളുടെ രാഷ്ട്രീയ വിദ്യാഭ്യാസമില്ലായ്മയുമൊക്കെയാണ് യു.പിക്ക് ഒരു കാവിമുഖം നൽകിയിരിക്കുന്നത് എന്ന് പ്രാഥമിക വിശകലനത്തിൽ മനസ്സിലാക്കാം.

യു.പി രാഷ്ട്രീയത്തെ സസൂക്ഷ്മം വിലയിരുത്തുമ്പോൾ ഇപ്പോഴുണ്ടായ ബി.ജെ.പിയുടെ വിജയം താൽക്കാലികമാണെന്നു തന്നെയാണ് കരുതുന്നത്. സംസ്ഥാനം രൂപീകരിക്കപ്പെട്ട് 40 വർഷം പിന്നിട്ട ശേഷമാണ് ബി.ജെ.പിക്ക്

സംസ്ഥാനത്ത് ഗണ്യമായ സ്വാധീനമുണ്ടാക്കാൻ കഴിഞ്ഞത്. അതും കോൺഗ്രസ്സിന്റെ പിടിപ്പുകേടുകൊണ്ട്. സംസ്ഥാനത്തെ അവസാനത്തെ കോൺഗ്രസ്സ് മുഖ്യമന്ത്രി എൻ.ഡി തിവാരിയുടെ 'ഡബിൾ സ്റ്റാൻഡ്' പൊളിറ്റിക്സ് ആയിരുന്നു കോൺഗ്രസ്സിന്റെ യു.പിയിലെ പതനത്തിന്റെ കാരണമെന്ന് വിലയിരുത്തപ്പെടുന്നു. ഹൈന്ദവ പ്രീണനത്തിലൂടെ സംസ്ഥാനം പിടിച്ചെടുക്കുന്നതിനായി രാമജന്മഭൂമി കാർഡുമായി രംഗത്ത് വന്ന ബി.ജെ.പിയെ ഒതുക്കുന്നതിനു വേണ്ടി അന്നത്തെ കോൺഗ്രസ്സ് സർക്കാർ തങ്ങൾ ഹൈന്ദവ വികാരത്തിന് അനുകൂലമാണെന്ന് ബോധ്യപ്പെടുത്തുന്നതിനു വേണ്ടി രാമജന്മഭൂമിയിലെ ശിലാന്യാസത്തിനു അനുമതി നൽകി. അതേസമയം മുസ്‌ലിംകളുടെ പിന്തുണ നേടുന്നതിന് വേണ്ടി ക്ഷേത്ര നിർമാണം തടയുകയും ചെയ്തു. ഇത് കോൺഗ്രസ്സിന് കാലാകാലങ്ങളായി ലഭിച്ചിരുന്ന പരമ്പരാഗത ഹൈന്ദവ മുസ്‌ലിം വോട്ടുകൾ നഷ്ടപ്പെടുത്തുകയാണുണ്ടായത്. ഈ സാഹചര്യത്തിലാണ് ഒട്ടും പ്രതീക്ഷിക്കാതെ മുലായം സിംഗ് യാദവ് 1989ൽ ഉത്തർപ്രദേശ് മുഖ്യമന്ത്രിയാവുന്നത്.

ഇതോടുകൂടി ജാതിസമുദായങ്ങൾ ഉത്തർപ്രദേശ് രാഷ്ട്രീയത്തെ നിയന്ത്രിക്കുന്ന അവസ്ഥയിലേക്ക് മാറി. 1990ൽ അന്നത്തെ പ്രധാനമന്ത്രി വി.പി സിംഗ് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാൻ ശ്രമിച്ചതോടെ ഉത്തർപ്രദേശിൽ ജാതിരാഷ്ട്രീയം കൂടുതൽ വേരുറച്ചു. പിന്നോക്കവിഭാഗങ്ങളുടെ സംവരണം ഉറപ്പാക്കുന്ന മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പായാൽ തങ്ങൾക്കുണ്ടാവുന്ന നഷ്ടത്തിൽ വ്യാകുലരായ സവർണ വിഭാഗങ്ങൾ വമ്പിച്ച പ്രതിഷേധവുമായി തെരുവിലിറങ്ങി. ഹൈന്ദവരിൽ തന്നെയുള്ള വിവിധ പിന്നോക്കജാതിക്കാർ അവരുടെ അവകാശമായ സംവരണത്തിനുവേണ്ടിയും തെരുവിലിറങ്ങി. ഇത് വമ്പിച്ച കലാപങ്ങളിലേക്ക് നയിച്ചു. സവർണരും അവർണരും തമ്മിലുള്ള തുറന്ന യുദ്ധമായി മാറി. കോൺഗ്രസിതര മതേതര കക്ഷികൾ ഈ രംഗം മുതലെടുത്തു. കോൺഗ്രസ്സിൽ നിന്ന് യാദവ വിഭാഗങ്ങൾ ജനതാദളിലേക്കും ദളിത് വിഭാഗം കാൻഷിറാമിന്റെ ബി.എസ്.പിയിലേക്കും ചേക്കേറി. മുസ്‌ലിം വോട്ടുകൾ ജനതാദളിനും കോൺഗ്രസ്സിനും ബി.എസ്.പിക്കുമിടയിൽ ഛിന്നഭിന്നമാവുകയും ചെയ്തു. ബി.ജെ.പി വളരെ സമർഥമായി മുന്നോക്കക്കാരെയും സവർണജാതികളെയും പ്രീണിപ്പിക്കാനുള്ള സമർഥമായ കളികൾ കളിച്ചു. രാമക്ഷേത്ര അവകാശവാദം ഇതിന്റെ ഭാഗമായി ബി.ജെ.പി മുന്നോട്ടുവെച്ചു. സംസ്ഥാനത്ത് വർഗീയാഗ്നി ആളിപ്പടർന്നു. അങ്ങനെ 1991 ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ കല്യാൺസിംഗിന്റെ നേതൃത്വത്തിൽ 221 സീറ്റുകൾ നേടിക്കൊണ്ട് ബി.ജെ.പി ആദ്യമായി അധികാരത്തിൽ വന്നു. അങ്ങനെ പതിറ്റാണ്ടുകളായി ആർ.എസ്.എസ്. ആഗ്രഹിച്ചത് സംഭവ്യമായി. പക്ഷേ, ബി.ജെ.പിക്ക് അധികനാൾ ഭരണം മുന്നോട്ട് കൊണ്ട് പോവാൻ സാധിച്ചില്ല. 1992 ഡിസംബർ ആറിന് ബാബരി മസ്ജിദ് തകർക്കപ്പെട്ടതോടെ കല്യാൺസിംഗിന് മുഖ്യമന്ത്രി പദം രാജിവെക്കേണ്ടി വന്നു. പിന്നീട് 1997 വരെ ബി.ജെ.പിക്ക് പുറത്ത്




നിൽക്കേണ്ടി വന്നു. അതുവരെ മുലായം സിംഗ് യാദവും മായാവതിയും മാറി ഭരിച്ചു. 1997ൽ കല്യാൺ സിംഗ് വീണ്ടും മുഖ്യമന്ത്രി ആയെങ്കിലും വലിയ ഭൂരിപക്ഷമില്ലായിരുന്നു. ബി.ജെ.പിയുടെ ഉള്ളിൽ ആഭ്യന്തര കലഹം മൂർച്ഛിക്കുകയും ഇടക്ക് മുഖ്യമന്ത്രിമാർ മാറുകയും ചെയ്തു. ബി.എസ്.പിയുടെ പിന്തുണ ഇടക്ക് ലഭിച്ചതുകൊണ്ട് മാത്രം പിടിച്ചുനിന്നു. ഇതോടെ ബി.ജെ.പിയുടെ പ്രഭാവം അസ്തമിച്ചു. 2002ൽ രാജ്നാഥ് സിംഗിലൂടെ ഉത്തർപ്രദേശ് ഭരണത്തിൽ നിന്നും പടിയിറങ്ങിയ ബി.ജെ.പി ഇപ്പോൾ 2017ലാണ് ശക്തമായ തിരിച്ചുവരവ് നടത്തിയിരിക്കുന്നത്. ഈ ചരിത്രം സൂചിപ്പിക്കുന്നത് യു.പിയിലെ ജനങ്ങൾ എക്കാലവും ബി.ജെ.പിയുടെ കൂടെ നിൽക്കില്ല എന്നുതന്നെയാണ്. ഒരുപാട് കാരണങ്ങൾ ഒത്തുചേരുമ്പോൾ വോട്ടർമാർ ബി.ജെ.പിക്ക് വോട്ട് ചെയ്യാൻ നിർബന്ധിതരാകുന്നു. ആ കാരണങ്ങളിൽ ഏറ്റവും പ്രധാനം മതേതരകക്ഷികളിൽ വോട്ടർമാർക്ക് വിശ്വാസം നഷ്ടപ്പെട്ടതാണ്.

കഴിഞ്ഞ ജനുവരി 18ന് ടൈംസ് ഓഫ് ഇന്ത്യ റിപ്പോർട്ട് ചെയ്ത വളരെ പ്രധാനപ്പെട്ട ഒരു നിരീക്ഷണമുണ്ട്. "Amit Shah tweaks Kalyan Singh's 1991 formula to regain Uttar Pradesh." 'ഉത്തർപ്രദേശ് തിരിച്ചുപിടിക്കാൻ അമിത്ഷാ 1991ലെ കല്യാൺ സിംഗിന്റെ ഫോർമുല വളച്ചിടുന്നു.' ഒ.ബി.സിയിൽ പെട്ട യാദവരെയും പട്ടികജാതിയിൽ പെട്ട ജാദവരെയും മുലായം സിംഗ് പിന്തുടർന്നപ്പോൾ അവർക്ക് പുറമെയുള്ള പിന്നോക്കവിഭാഗങ്ങളിലും പട്ടികജാതിയിലും പെട്ടവരെയാണ് കല്യാൺ സിംഗ് കേന്ദ്രീകരിച്ചിരുന്നത്. അത് അന്ന് ബി.ജെ.പിക്ക് വലിയ നേട്ടമുണ്ടാക്കി. അതേ തന്ത്രമാണ് അമിത്ഷായും ഇവിടെ പയറ്റിയിരിക്കുന്നത്. പക്ഷേ, അമിത്ഷാ ചിന്തിക്കാതെ പോയ ഒരു കാ

**പ്രതിസന്ധികളെ തരണം ചെയ്യാനുള്ള ആത്മവിശ്വാസവും സർവശക്തനിലുള്ള തവക്കുലുമുണ്ടെങ്കിൽ ഫാഷിസ്റ്റുകൾ ഉയർത്തുന്ന ഏതൊരു വെല്ലുവിളിയെയും നേരിടാൻ നമുക്ക് സാധിക്കും. നംറൂദും ഫിർഔനും ഹാമാനും ഹിറ്റ്ലറും മുസ്സോളനിയും സ്റ്റാലിനും തോറ്റു തുന്നംപാടിയ ലോകത്ത് ഒരു ഫാഷിസ്റ്റിനും സ്ഥായിയായ നിലനിൽപുണ്ടാവില്ല.**

ര്യമുണ്ട്. പിന്നോക്കക്കാരെയും പട്ടികജാതിക്കാരെയും പരിഗണിച്ചതാണ് കല്യാൺ സിംഗിന് മുമ്പ് വിനയായത്. കല്യാൺ സിംഗിന്റെ ആ നടപടി സവർണവിഭാഗത്തെ പ്രകോപിപ്പിക്കുകയും അതുകാരണം കല്യാൺസിംഗിനെതിരെ ബി.ജെ.പിയിൽ പടയൊരുക്കം ഉണ്ടാവുകയും ബി.ജെ.പിയുടെ നേതൃനിരയിൽ നിന്നു കല്യാൺസിംഗ് നിഷ്കാസിതനാവുകയും ചെയ്തത് അങ്ങനെയായിരുന്നു. സ്വാഭാവികമായും ഇനി യു.പിയിൽ സംഭവിക്കാൻ പോവുന്നതും ഇതുതന്നെയാണ്. സവർണ-അവർണ കൂട്ടുകെട്ടിൽ എത്രകാലം ഇവർക്ക് ഭരണം കൊണ്ടുപോവാൻ സാധിക്കുമെന്ന് കണ്ടു തന്നെ അറിയണം. ദളിതനെ മുഖ്യമന്ത്രിയാക്കണമെന്ന സാക്ഷി മഹാരാജിന്റെ പ്രസ്താവന ഇതിന്റെ കൂടെ വായിക്കേണ്ടതാണ്. അതുകൊണ്ട് തന്നെ ഈ ഭൂരിപക്ഷം കൊണ്ട് മാത്രം ബി.ജെ.പിക്ക് യു.പിയിൽ സ്ഥിരതയുണ്ടാക്കാൻ കഴിയില്ലെന്നാണ് രാഷ്ട്രീയ നിരീക്ഷകർ വിശ്വസിക്കുന്നത്.

യു.പിയിലെ ബി.ജെ.പിയുടെ വിജയം കൊണ്ട് ദേശീയ രാഷ്ട്രീയത്തിൽ എന്തൊക്കെ 'ഇഫക്റ്റ്'കളാണ് ഉണ്ടാവാൻ പോകുന്നത് എന്നതാണ് വളരെ പ്രസക്തമാവുന്ന കാര്യം. യു.പിയുടെ ജനസംഖ്യയെ കുറിച്ച് നേരത്തെ സൂചിപ്പിച്ചുവല്ലോ. ജനസംഖ്യാനുപാതികമായി നോക്കുമ്പോൾ ലോകസഭയിലും രാജ്യസഭയിലും ഏറ്റവും കൂടുതൽ എം.പിമാർ ഉള്ള സംസ്ഥാനമാണ് യു.പി. പാർലമെന്റിൽ 80 ലോക്സഭാ അംഗങ്ങളും 31 രാജ്യസഭാ അംഗങ്ങളും ഉത്തർപ്രദേശിൽ നിന്നാണ്. ഉത്തർപ്രദേശിൽ നിന്നും അടിച്ചു വീശുന്ന കാറ്റാണ് മിക്കപ്പോഴും രാജ്യത്തിന്റെ രാഷ്ട്രീയ ഭാഗധേയം നിർണയിക്കുന്നത്. അതുകൊണ്ടുതന്നെ ദേശീയ രാഷ്ട്രീയത്തിൽ ഇനി സംഭവിക്കാൻ പോവുന്ന ഗതിവിഗതികളെ കുറിച്ച് മതന്യൂനപക്ഷങ്ങളിൽ ആശങ്ക വർധിക്കുക സ്വാഭാവികമാണ്. യു.പി തിരഞ്ഞെടുപ്പിന് ശേഷം ബി.ജെ.പിക്ക് വലിയ ഭൂരിപക്ഷം വർധിക്കുകയാണെങ്കിൽ രാജ്യസഭയിൽ കൂടുതൽ എം.പിമാരെ ബി.ജെ.പിക്ക് എത്തിക്കാൻ സാധിക്കുമെന്നും അങ്ങനെ പാർലമെന്റിൽ മൂന്നിൽ രണ്ട് ഭൂരിപക്ഷം ലഭിക്കുകയാണെങ്കിൽ ഭരണഘടനയിൽ കാര്യമായ ഭേദഗതി വരുത്തി രാജ്യത്തിന്റെ മതേതര സ്വഭാവം എടുത്തുകളയാമെന്നുമൊക്കെയുള്ള പ്രചാരണങ്ങൾ ശക്തി പ്രാപിച്ച സാഹചര്യത്തിൽ ഈ ആശങ്കക്ക് വലിയ പ്രാധാന്യമുണ്ട്. പക്ഷേ, ഈ പ്രചാരണം കുറെ അതിശയോക്തി നിറഞ്ഞതാണ്. അതിന്റെ സാധ്യതകളെ കുറിച്ച് നമുക്ക് പരിശോധിക്കാം.

നിലവിൽ ലോകസഭയിൽ ബി.ജെ.പിക്ക് വ്യക്തമായ ഭൂരിപക്ഷമുണ്ട്. എന്നാൽ രാജ്യസഭയിൽ ബി.ജെ.പിക്ക് ഭൂരിപക്ഷമില്ലാത്ത സ്ഥിതിക്ക് ഇപ്പോൾ യു.പിയിലെ വിജയം വഴി കൂടുതൽ അംഗങ്ങളെ രാജ്യസഭയിൽ എത്തിക്കാമെന്നാണ് അവർ കണക്ക് കൂട്ടുന്നത്. ലോകസഭയിലും രാജ്യസഭയിലും ഒരുപോലെ ഭൂരിപക്ഷമുണ്ടായാൽ അവരുദ്ദേശിക്കുന്ന വിധം ബില്ലുകൾ പാസ്സാക്കി എടുക്കാൻ സാധിക്കുമെന്നാണ് എല്ലാവരും ഭയപ്പെടുന്നത്. എന്നാൽ ഇവിടെ മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്. രാജ്യസഭയിൽ ഓരോ അംഗങ്ങളും എത്തുന്നത് വ്യത്യസ്ത സമയങ്ങളിലാണ്. അതുകൊണ്ടുതന്നെ യു.പി വിജയത്തെ തുടർന്ന് വലിയ തോതിലുള്ള മാറ്റങ്ങൾ പെട്ടെന്നൊന്നും രാജ്യസഭയിൽ ഉണ്ടാവില്ല. ഉത്തർപ്രദേശിലെ 31 രാജ്യസഭാംഗങ്ങളിൽ 10 പേരുടെ കാലാവധി 2018 ൽ അവസാനിക്കും. എന്നാൽ 2019 ആകുമ്പോഴേക്ക് ആന്ധ്രപ്രദേശ്, ബീഹാർ, ഛത്തീസ്ഗഢ്, ഗോവ, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിൽ നിന്നായി 69 അംഗങ്ങളുടെ കാലാവധി കഴിയും. അതിൽ 23 പേർ ബി.ജെ.പി അംഗങ്ങളാണ്. ഈ കണക്കുകൾ അനുസരിച്ച് പകുതിയോളം സീറ്റുകൾ ബി.ജെ.പി പിടിച്ചാൽ പോലും (അതൊരിക്കലും സാധ്യമാവില്ല) രാജ്യസഭയിൽ ഭൂരിപക്ഷം ഉണ്ടാക്കാൻ അവർക്ക് കഴിയില്ല. പിന്നീട് 2020, 2022 എന്നീ വർഷങ്ങളിലാണ് യു.പിയിൽ നിന്നുള്ള നിലവിലെ രാജ്യസംഭാംഗങ്ങളുടെ കാലാവധി കഴിയുന്നത്. അപ്പോഴേക്ക് അടുത്ത ലോകസഭാ തിരഞ്ഞെടുപ്പ് വരികയും ചെയ്യും. അതുകൊണ്ട് കൊട്ടിഘോഷിക്കുന്നതുപോലെ രാജ്യസഭാ അംഗങ്ങൾ വർധിക്കുന്നുവെന്ന പ്രചാരണം അത്ര കണ്ട് ശരിയല്ല.

ഇനി മറ്റൊരു സാധ്യത പറയുന്നത്, ബി.ജെ.പി മൂന്നിൽ രണ്ട് ഭൂരിപക്ഷം പാർലമെന്റിൽ നേടിക്കഴിഞ്ഞാൽ ഭരണഘടനാ ഭേദഗതി വരുത്തി രാജ്യത്തിന്റെ അടിസ്ഥാന സ്വഭാവം തന്നെ മാറ്റാൻ അവർക്ക് കഴിയുമെന്ന കാര്യമാണ്. അതുവഴി രാജ്യത്തിന്റെ മതേതര സ്വഭാവം എടുത്തുകളഞ്ഞു പകരം ഇന്ത്യയെ ഒരു ഹിന്ദുരാജ്യമാക്കാൻ അവർക്ക് സാധിക്കുമെന്ന പ്രചാരണമാണ് നടന്നുകൊണ്ടിരിക്കുന്നത്. രാജ്യത്തിന്റെ മതേതരസ്വഭാവം എടുത്തുകളയൽ കേവലം പാർലമെന്റ് വിചാരിച്ചാൽ നടക്കുന്ന കാര്യമല്ല. പാർലമെന്റ് ഭേദഗതി വഴി തിരുത്തുവാനോ നശിപ്പിക്കുവാനോ സാധ്യമല്ലാത്ത ഇരുപതോളം അടിസ്ഥാന ഘടകങ്ങൾ ഇന്ത്യൻ ഭരണഘടനക്കുണ്ട് എന്ന ജുഡീഷ്യൽ തത്ത്വം ആരാലും മാറ്റാൻ

സാധ്യമല്ലാത്ത വിധം ഇന്ത്യയിൽ നിലനിൽക്കുന്നുണ്ട്. ഈ തത്ത്വം അടിസ്ഥാന ഘടക പ്രമാണം (Basic Structure Dotcrine) എന്നാണു അറിയപ്പെടുന്നത്. നിരവധി കേസുകൾ പരിഗണിച്ചുകൊണ്ട് സുപ്രീംകോടതി ഈ കാര്യം പലതവണ വ്യക്തമാക്കിയിട്ടുമുണ്ട്. അതിൽ ഏറെ സുപ്രധാനമായ കേസാണ് കേശവാനന്ദഭാരതി Vs സ്‌റ്റേറ്റ് ഓഫ് കേരള കേസ്. 1971ൽ കേരളസർക്കാർ നടപ്പാക്കിയ ഭൂപരിഷ്‌കരണ നിയമത്തിനെതിരെ കാസർഗോഡിനു സമീപമുള്ള എടനീർ മഠത്തിന്റെ അധിപതി സ്വാമി കേശവാനന്ദഭാരതി സുപ്രീംകോടതിയെ സമീപിച്ചു. സ്വത്തവകാശം മൗലികാവകാശമാണോ എന്നതായിരുന്നു സ്വാമിയും കേരളസർക്കാരും തമ്മിലുള്ള തർക്കം. എന്നാൽ കേസിന്റെ അവസാനത്തിൽ സുപ്രീം കോടതി വിധിപറഞ്ഞത് മറ്റൊരു സുപ്രധാന വിഷയത്തിലായിരുന്നു. പാർലമെന്റിന് ഭരണഘടന ഭേദഗതി ചെയ്യുവാനുള്ള അധികാരമുണ്ടോ എന്ന് പരിശോധിക്കുന്ന തരത്തിലേക്ക് കോടതി നടപടികൾ പരിണമിച്ചു. അവസാനം സുപ്രീം കോടതി ഇപ്രകാരം വിധി പ്രസ്താവിച്ചു: 'ഇന്ത്യയുടെ പാർലമെന്റിന് ഭരണഘടനാ ഭേദഗതിയാവാം, പക്ഷേ അത് ഭരണഘടനയുടെ അടിസ്ഥാന സ്വഭാവത്തെ മാറ്റിമറിച്ചുകൊണ്ടാവരുത്'. ജസ്റ്റിസ് നാനി പാൽഖിവാല അടക്കം 13 സുപ്രിംകോടതി ജഡ്ജിമാരടങ്ങിയ ഭരണഘടനാ ബഞ്ചാണ് കേസ് കേട്ടത്.

ഭരണഘടനയുടെ അധീശത്വം, ഭാരതത്തിന്റെ പരമാധികാരം, ഭാരതത്തിന്റെ അഖണ്ഡതയും ഐക്യവും, ജനാധിപത്യവും റിപ്പബ്ലിക് എന്ന നിലയിലുള്ള ഭരണകൂടവും, ഭരണഘടനയുടെ പാർട്ട് മൂന്നിൽ പ്രസ്താവിക്കുന്ന മൗലിക അവകാശങ്ങൾ, മതേതരമായ കാഴ്ചപ്പാട്, സർവ സ്വതന്ത്രമായ നീതിന്യായ വ്യവസ്ഥ, കേന്ദ്രീകരണവും വികേന്ദ്രീകരണവും ഒത്തുചേർന്ന ഭരണ സമ്പ്രദായം, ജുഡീഷ്യറിയും എക്‌സിക്യൂട്ടിവും നിയമ നിർമാണ സഭയും തമ്മിലുള്ള സമതുലിതാവസ്ഥ തുടങ്ങിയവയെല്ലാം മാറ്റം ചെയ്യാൻ പാടില്ലാത്ത അടിസ്ഥാന ഘടകങ്ങളാണെന്നാണ് വിധിയിൽ പ്രസ്താവിച്ചത്.

വസ്തുതകൾ ഇങ്ങനെയായിരിക്കെ, രാജ്യത്തിന്റെ അടിസ്ഥാനസ്വഭാവത്തിൽ മാറ്റം വരുമെന്നോ, വരുത്തുമെന്നോ ഉള്ള പ്രചാരണങ്ങളുടെ പിന്നിൽ ഫാഷിസ്റ്റുകൾ തന്നെയാണ്. അതാണവരുടെ രീതി. ഭീതിതമായ അവസ്ഥയുണ്ടാക്കുക. യു.പി ഇനി എക്കാലവും ബി.ജെ.പിയുടെ കരങ്ങളിൽ ആയിരിക്കുമെന്നും പാർലമെന്റും പ്രസിഡന്റും ജുഡീഷ്യറിയും എല്ലാം ഇനി ബി.ജെ.പി പറയുന്നതുപോലെയായിരിക്കുമെന്നുമെല്ലാമുള്ള പ്രചാരണങ്ങൾ അഴിച്ചുവിട്ട് ന്യൂനപക്ഷങ്ങളുടെ വായ അടപ്പിക്കാനാണ് ഫാഷിസ്റ്റുകൾ ശ്രമിക്കുന്നത്. ഇതിൽ യാതൊരു വസ്തുതയുമില്ല എന്ന് നാം കണ്ടുകഴിഞ്ഞു. പക്ഷേ, ഫാഷിസ്റ്റുകളുടെ പ്രചാരണങ്ങൾക്ക് അനുകൂലമായ രൂപത്തിൽ ന്യൂനപക്ഷങ്ങൾക്കിടയിലെ ചില തീവ്രവാദികളും ഇത്തരം കാര്യങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്. അത്തരം പ്രചാരണങ്ങളിലൂടെ ന്യൂനപക്ഷ മനസ്സുകളെ തീവ്രവാദത്തിലേക്ക് അടുപ്പിച്ച് അവരെക്കൊണ്ട് കുറുവടി എടുപ്പിക്കാമെന്നാണ് ഇവർ വിചാരിക്കുന്നത്. പക്ഷേ, വസ്തുതകളെ ശരിയായ രൂപത്തിൽ അവധാനതയോടെ അപഗ്രഥിക്കാനും കാര്യവിവരമുള്ളവരിലേക്ക് ഇത്തരം വിഷയങ്ങൾ മടക്കുവാനും തയ്യാറായാൽ അനാവശ്യമായ പേടിയും അരക്ഷിത ബോധവും ഒഴിവാക്കാൻ സാധിക്കും. മതേതര സമൂഹം ഫാഷിസ്റ്റുകൾക്ക് ഏറാന്മൂളികളായി നിൽക്കാതെ ശക്തമായ പ്രതികരണവുമായി രംഗത്ത് വരേണ്ടതുണ്ട്. ഉത്തരവാദപ്പെട്ട മതേതര കക്ഷികളുടെ മൗനം ന്യൂനപക്ഷങ്ങളിൽ കൂടുതൽ അശരണതാബോധം വളർത്തും.

മതന്യൂനപക്ഷങ്ങളിൽ വിശേഷിച്ചും മുസ്‌ലിം സമുദായത്തിന്റെ ചിന്തകളിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടാവേണ്ടതുണ്ട്. യു.പിയിൽ ധാരാളം മുസ്‌ലിം പണ്ഡിതന്മാരും നേതാക്കളും സ്ഥാപനങ്ങളുമുണ്ടെങ്കിലും യു.പിയിലെ മുസ്‌ലിം ജനതക്ക് രാഷ്ട്രീയ ദിശാബോധം നൽകാൻ ഇവർക്ക് സാധിച്ചിട്ടില്ല. രാഷ്ട്രീയ കക്ഷികളുടെ ചട്ടുകങ്ങളായി പ്രവർത്തിക്കാൻ മാത്രം ഇവർ വിധിക്കപ്പെട്ടിരിക്കുന്നു. അല്ലെങ്കിൽ ചില സ്വാർഥരായ മതപുരോഹിതന്മാരുടെയോ മതസംഘടനകളുടെയോ താൽപര്യങ്ങൾക്കനുസരിച്ച് തുള്ളാൻ മാത്രം ഇവർ പാകപ്പെട്ടിരിക്കുന്നു. കേരളത്തെപ്പോലെ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ സംഘടിത ശക്തിയായി നിൽക്കാനും മറ്റു മതേതര പാർട്ടികളുടെ നേതൃസ്ഥാനങ്ങളിലേക്ക് കടന്നുവരാനും സാധിക്കുന്ന തരത്തിലുള്ള സാമൂഹ്യബോധമോ രാഷ്ട്രീയ കാഴ്ചപ്പാടോ ഉത്പതിഷ്ണുത്വമോ യു.പിയിലെ മുസ്‌ലിം നേതൃത്വങ്ങളിലില്ല എന്നത് നിരാശാജനകമാണ്. ചുമരുണ്ടെങ്കിലേ ചിത്രം വരക്കാൻ കഴിയൂ. മുസ്‌ലിംകളുടെ വിശ്വാസം, ആരാധന, വ്യക്തിനിയമങ്ങൾ, ആചാരങ്ങൾ തുടങ്ങിയവ സംരക്ഷിക്കപ്പെടണമെങ്കിൽ അവക്ക് സംരക്ഷണം തരേണ്ട ഒരു ഭരണകൂടം അനിവാര്യമാണ്. അതുകൊണ്ട് രാഷ്ട്രപുനർനിർമാണ പ്രവർത്തനങ്ങളിൽ നിന്നും മാറി നിന്നുകൊണ്ടുള്ള ഒരു ജീവിതക്രമം ഇന്ത്യൻ സാഹചര്യത്തിൽ ആത്മഹത്യാപരമാണെന്നു മനസ്സിലാക്കാൻ മുസ്‌ലിം സമുദായം തയ്യാറാവേണ്ടതുണ്ട്. കേരളത്തിലെ മുസ്‌ലിംകൾക്കിടയിൽ ഇസ്‌ലാഹി പ്രസ്ഥാനത്തിന്റെ പണ്ഡിതന്മാരും നേതാക്കളുമാണ് ഈ ബോധം വളർത്തിയെടുത്തത്. പ്രതിസന്ധികളെ തരണം ചെയ്യാനുള്ള ആത്മവിശ്വാസവും സർവശക്തനിലുള്ള തവക്കുലുമുണ്ടെങ്കിൽ ഫാഷിസ്റ്റുകൾ ഉയർത്തുന്ന ഏതൊരു വെല്ലുവിളിയെയും നേരിടാൻ നമുക്ക് സാധിക്കും. നംറൂദും ഫിർഔനും ഹാമാനും ഹിറ്റ്‌ലറും മുസ്സോളനിയും സ്റ്റാലിനും തോറ്റു തുന്നംപാടിയ ലോകത്ത് ഒരു ഫാഷിസ്റ്റിനും സ്ഥായിയായ നിലനിൽപുണ്ടാവില്ല. ●

സി.മുഹമ്മദ് റാഫി ചെമ്പ്ര
rafichembra@gmail.com

ക്വുർആൻ പഠനം

يُثَبِّتُ ٱللَّهُ ٱلَّذِينَ ءَامَنُوا۟ بِٱلْقَوْلِ ٱلثَّابِتِ فِى ٱلْحَيَوٰةِ ٱلدُّنْيَا
وَفِى ٱلْءَاخِرَةِ ۖ وَيُضِلُّ ٱللَّهُ ٱلظَّٰلِمِينَ ۚ وَيَفْعَلُ ٱللَّهُ مَا يَشَآءُ

**"ഐഹിക ജീവിതത്തിലും പരലോകത്തും സുസ്ഥിരമായ വാക്കുകൊണ്ട് സത്യവിശ്വാസികളെ അല്ലാഹു ഉറപ്പിച്ചുനിർത്തുന്നതാണ്. അക്രമികളെ അല്ലാഹു ദുർമാർഗത്തിലാക്കുകയും ചെയ്യും. അല്ലാഹു താൻ ഉദ്ദേശിക്കുന്നതെന്തോ അത് പ്രവർത്തിക്കുന്നു." (ക്വുർആൻ 14:27)**

# അല്ലാഹു നൽകുന്ന സ്ഥൈര്യം

മനുഷ്യൻ അക്ഷമനായാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. പ്രശ്നങ്ങൾക്കു മുമ്പിലും പ്രതിസന്ധികൾക്കു നടുവിലും ക്ഷമകേട് കാണിക്കുക അവന്റെ പ്രത്യക്ഷ സ്വഭാവമത്രെ. സങ്കീർണമായ ജീവിത യാഥാർഥ്യങ്ങളുടെയും ആശയക്കുഴപ്പങ്ങളുടെയും മുന്നിൽ പതറാത്ത പാദവും ചിതറാത്ത ചിത്തവുമായി നമുക്ക് ഉറച്ചുനിൽക്കേണ്ടതുണ്ട്. അതിന് നമ്മുടെ മനസ്സിനും ശരീരത്തിനും ബലം വേണം. ശരീരത്തിന്റെ ബലം മനസ്സിന്റെ കരുത്തിലാണ് നിലനിൽക്കുന്നത്. മനസ്സിന് ആരാണ് കരുത്തുപകരേണ്ടത്? എന്തിൽ നിന്നാണ് കരുത്തുകിട്ടുക? ഏതാണാ കരുത്തു നൽകുന്ന വാചകങ്ങൾ?

ജീവിതത്തിൽ തീരുമാനമെടുക്കാനാകാതെ പകച്ചുപോകുന്ന എത്രയോ സന്ദർഭങ്ങൾ നമുക്കുണ്ടാകാറുണ്ട്. ആശുപത്രി വരാന്തകളിൽ ഉറ്റവരുടെ കാഠിന്യമേറിയ രോഗത്തിന്റെയോ അപകടത്തിന്റെയോ നേർവാർത്തകൾക്കു മുന്നിൽ, ഇപ്പോഴൊന്നും വിട്ടുപോകരുതേ എന്ന് ആഗ്രഹിക്കുന്ന സ്നേഹ ജനങ്ങളുടെ വേർപാടിൽ, ഭൗതിക താൽപര്യങ്ങളും മത ധർമ നിഷ്ഠയും നേർക്കുനേർ എറ്റുമുട്ടുന്ന സന്ദർഭങ്ങളിൽ, സൗഹൃദവും സ്നേഹബന്ധങ്ങളും തിന്മകൾക്ക് നിർബന്ധിക്കുമ്പോൾ, ആദർശ രംഗത്തെ അഭിപ്രായ വ്യത്യാസങ്ങളിൽ സത്യത്തിന്റെയും അസത്യത്തിന്റെയും നേർത്ത വരമ്പുകളിൽ കൂടി സഞ്ചരിക്കേണ്ടിവരുമ്പോൾ... ഇങ്ങനെ എത്രയെത്ര സന്ദർഭങ്ങളിലാണ് സ്ഥൈര്യം നൽകാനും ഉറച്ച തീരുമാനമെടുക്കാനും ആത്മവിശ്വാസം നൽകാനും ഒരാളുണ്ടായിരുന്നെങ്കിൽ എന്ന് നാം ആഗ്രഹിച്ചു പോകാറുള്ളത്!

അതെ, അല്ലാഹുവുണ്ട് ഈ സന്ദർഭങ്ങളിലെല്ലാം നമ്മെ ഉറപ്പച്ചുനിർത്താൻ, നമുക്ക് താങ്ങും തണലുമാകാൻ, ഇരുട്ടിൽ വെളിച്ചമാകാൻ, തകരുമ്പോൾ ശക്തി നൽകാൻ, വേദനയിൽ ആശ്വാസം പകരാൻ ഉറച്ച കാൽവെപ്പുകളുമായി മുന്നോട്ടു പോകാൻ... 'സുസ്ഥിരമായ വാക്കു'കൊണ്ട് അല്ലാഹു സത്യവിശ്വാസിക്ക് ഈ ലോകത്ത് സ്ഥൈര്യം നൽകുന്നു.

ഏതാണാ സുസ്ഥിരമായ വാക്ക്? ഇബ്നു അബ്ബാസ്ﷺ പറയുന്നു: "ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന വാക്കാണത്. തൗഹീദിൽ അടിയുറച്ച വിശ്വാസി സമൂഹത്തെ സ്ഥൈര്യപ്പെടുത്താൻ അല്ലാഹു തയ്യാറാണ് എന്ന് വ്യക്തം.

അല്ലാഹുവിന്റെ സ്ഥൈര്യം നമുക്ക് ലഭിക്കേണ്ട രണ്ടാമത്തെ ഘട്ടം ഈ സൂക്തത്തിൽ പരാമർശിക്കുന്നത് ക്വബ്റിലാണ്. ഏതൊരു വ്യക്തിയും മരണശേഷം ക്വബ്റിൽ ചോദ്യങ്ങൾക്ക് വിധേയനാക്കപ്പെടും. പരലോകത്തെ മഹാശിക്ഷക്ക് മുമ്പ് അനുഭവിക്കാനുള്ള ഏറ്റവും വലിയ പരീക്ഷണമാണിതെന്ന് പ്രമാണങ്ങൾ പഠിപ്പിക്കുന്നു. ഈ പരീക്ഷണഘട്ടത്തിൽ മലക്കുകൾ ക്വബ്റിൽ വരുമെന്നും മതത്തിന്റെ അടിസ്ഥാന ശിലകളെ കുറിച്ച് ചോദിക്കുമെന്നും ഹദീഥുകൾ വ്യക്തമാക്കുന്നു. നിന്റെ റബ്ബ് ആരാണ്, നിന്റെ മതം ഏതാണ്, നബി ആര്, ക്വുർആനിനെക്കുറിച്ച് നിനക്കെന്തറിയാം എന്നീ ചോദ്യങ്ങൾ ഏറ്റവും വലിയ പരീക്ഷണമാണെന്നാണ് നബിﷺ നമുക്ക് പറഞ്ഞുതന്നത്.

ജീവിതം കൊണ്ടും വിശ്വാസം കൊണ്ടും കർമനിരതമായാൽ മാത്രമെ ഈ പരീക്ഷണത്തിൽ പതറാതെ മുന്നോട്ടുപോകാനാകൂ. അതിനുപുറമെ അല്ലാഹുവിന്റെ സഹായം ലഭിക്കേണ്ടതുണ്ട് താനും. ഈ സഹായം അവൻ നമുക്ക് വാഗ്ദാനം ചെയ്യുന്നു. നാം യഥാർഥ വിശ്വാസികളാണെങ്കിൽ, ഏകദൈവാദർശത്തിന്റെ മാർഗത്തിൽ ത്യാഗപരിശ്രമങ്ങൾ ചെയ്യാൻ തയ്യാറുണ്ടെങ്കിൽ ക്വബ്റിലെ ഇരുട്ടുമൂടിയ ഒറ്റപ്പെടലിൽ അവന്റെ തുണ നമുക്കുണ്ടാകും. ആ തുണയാണ് ഏത് കൂരിരുട്ടിലും ഏത് ഒറ്റപ്പെടലിലും നമുക്ക് തുണയായി വേണ്ടതും.

പരലോകത്തെ അനിർവചനീയമായ പ്രതിസന്ധികളിൽ നമുക്ക് അല്ലാഹുവിന്റെ സ്ഥൈര്യപ്പെടുത്തൽ ആവശ്യമാണ്. അതും വിശ്വാസികൾക്ക് അവൻ വാഗ്ദാനം ചെയ്യുന്നു.

ഇമാം സഅദി ഈ വചനത്തെ വിശദീകരിച്ചുകൊണ്ട് പറയുന്നത് ഇങ്ങനെയാണ്: "ഈ വചനത്തിലൂടെ അല്ലാഹു അറിയിച്ചു തരുന്നത്: അല്ലാഹുവിൽ പൂർണ മനസ്സാന്നിധ്യത്തോടെ വിശ്വസിക്കുകയും അതനുസരിച്ച് കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവരെ ഐഹിക ജീവിതത്തിലെ എല്ലാ ആശയക്കുഴപ്പങ്ങളിൽ നിന്നും അവൻ നേരായ വഴിയിൽ ഉറപ്പിച്ചു നിർത്തും. ദേഹേച്ഛകളുടെ മാർഗത്തിൽ നിന്നും അല്ലാഹു ഇഷ്ടപ്പെടുന്ന മാർഗത്തിലേക്കവനെ മാറ്റും. മരണ സമയത്ത് അവന് സ്ഥൈര്യം നൽകുകയും ദീനിൽ ഉറപ്പിച്ച് നിർത്തുകയും ചെയ്യും. ക്വബ്റിലെ ചോദ്യങ്ങളുടെ ഘട്ടത്തിലും അല്ലാഹുവിന്റെ ആത്മധൈര്യപ്പെടുത്തൽ അവന് ലഭിക്കും"(തഫ്സീർ അസ്സഅദി).

ലേഖനം

മൂസ സ്വലാഹി, കാര
mail@nerpatham.com



# ജലക്ഷാമം നമ്മെ ഓർമിപ്പിക്കുന്നത്

പരാതികളും പരിഭവങ്ങളും നിറഞ്ഞതാണല്ലോ മനുഷ്യജീവിതം. അല്ലാഹു നൽകിയ അനുഗ്രഹങ്ങളെ ചൊല്ലിയാണ് ഏറിയ പരാതികളും. ആരോഗ്യം, സമ്പത്ത്, ഭക്ഷണം, ജോലി തുടങ്ങിയ ഒട്ടനവധി കാര്യങ്ങളിൽ മനുഷ്യർ ഏറെ പരാതികൾ പറയാറുണ്ട്. ഇല്ലാത്തവർക്ക് ഇല്ലാത്തതിന്റെ പേരിൽ പരാതി; ഉള്ളവർക്ക് കുറഞ്ഞുപോയതിന്റെ പേരിലും!

ജലം ഏറ്റവും പ്രധാനപ്പെട്ട ഒരു അനുഗ്രഹമാണ്. ഇപ്പോൾ ഇതിന്റെ ക്ഷാമത്തിന്റെ പേരിലാണ് പരാതി. അനുഗ്രങ്ങൾ വർധിക്കുന്നതിനും നിലനിൽക്കുന്നതിനും പരിഹാരം പരാതിയല്ല; മറിച്ച് അനുഗ്രഹദാതാവിന് നന്ദികാണിക്കലാണ് എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്.

അല്ലാഹു പറയുന്നു: "നിങ്ങൾ നന്ദികാണിച്ചാൽ തീർച്ചയായും ഞാൻ നിങ്ങൾക്ക് (അനുഗ്രഹം) വർധിപ്പിച്ചു തരുന്നതാണ്. എന്നാൽ, നിങ്ങൾ നന്ദികേട് കാണിക്കുകയാണെങ്കിൽ തീർച്ചയായും എന്റെ ശിക്ഷ കഠിനമായിരിക്കും...."(14:7).

**2. വെള്ളം അമൂല്യമാണ്**

ഉറവകളും ജലാശയങ്ങളും പുഴകളും നദികളും കിണറുകളും വറ്റിവര

ണ്ട അവസ്ഥയായി. ദാഹമകറ്റാനും മറ്റു ജീവിതാവശ്യങ്ങൾക്കുമായി വെള്ളം തേടിയലയുന്ന അവസ്ഥ സംജാതമായിക്കൊണ്ടിരിക്കുന്നു. വെള്ളംപാഴാക്കരുത്, അത് അമൂല്യമാണ്, ജലം സംരക്ഷിക്കുക, അതിനെ മലിനമാക്കരുത്... എന്നിങ്ങനെയുള്ള സന്ദേശങ്ങൾ സാമൂഹ്യമാധ്യമങ്ങളിലൂടെയും മറ്റും കൈമാറ്റം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു.ചർച്ചകൾ നടക്കുന്നു. പച്ചപ്പ് നഷ്ടപ്പെട്ട, ഉണങ്ങ വരണ്ട ഭൂമിയുടെ ചിത്രം നോവുന്ന കാഴ്ചയായി വാർത്താമാധ്യമങ്ങൾ പ്രസിദ്ധീകരിക്കുന്നു.

അതെ, ജലം ജീവന്റെ നിലനിൽപിന് അത്രമേൽ അനിവാര്യമായ ഒന്നാണ്. പക്ഷേ, അതിന്റെ നിയന്ത്രണം മനുഷ്യകരങ്ങളിലല്ല. അല്ലാഹു പറയുന്നു:

"ഇനി, നിങ്ങൾ കുടിക്കുന്ന വെള്ളത്തെപ്പറ്റി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? നിങ്ങളാണോ അത് മേഘത്തിൻ നിന്ന് ഇറക്കിയത്? അതല്ല, നാമാണോ ഇറക്കിയവൻ? നാം ഉദ്ദേശിച്ചിരുന്നെങ്കിൽ അത് നാം ദുസ്സ്വാദുള്ള ഉപ്പുവെള്ളമാക്കുമായിരുന്നു. എന്നിരിക്കെ നിങ്ങൾ നന്ദികാണിക്കാത്തതെന്താണ്" (56:68-70).

"പറയുക: നിങ്ങൾ ചിന്തിച്ച് നോക്കിയിട്ടുണ്ടോ? നിങ്ങളുടെ വെള്ളം വറ്റിപ്പോയാൽ ആരാണ് നിങ്ങൾക്ക് ഒഴുകുന്ന ഉറവു വെള്ളം കൊണ്ട് വന്നു തരിക?" (67:30).

വരൾച്ചയെ ഏറെ ഭീതിയോടെത്തന്നെയാണ് നാം നോക്കിക്കാണേണ്ടത്. ഒരിക്കൽ വരൾച്ച ബാധിച്ച നാട്ടിലെ ആളുകൾ പരാതിയുമായി നബിﷺയുടെ അടുക്കൽ ചെന്ന സംഭവം ഹദീഥ് ഗ്രന്ഥങ്ങളിൽ വിവരിച്ചതായി കാണാം. അനസ്ബ്നുമാലിക്ﷺവിൽ നിന്ന് നിവേദനം: "ഒരു വെള്ളിയാഴ്ച നബി ﷺ മിമ്പറിൽ നിന്ന് ഖുത്വുബ നിർവഹിച്ചു കൊണ്ടിരിക്കെ ദാറുൽ ഖദാഇന്റെ ഭാഗത്തുള്ള വാതിലിലൂടെ ഒരാൾ പള്ളിയിൽ പ്രവേശിച്ചു.നബിﷺക്ക് അഭിമുഖമായി നിന്നുകൊണ്ട് അയാൾ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, (മഴയില്ലാത്തതുമൂലം) സമ്പത്തെല്ലാം നശിച്ചു. എല്ലാ വഴികളും അടഞ്ഞു. അതുകൊണ്ട് ഞങ്ങൾക്ക് മഴ ലഭിക്കാൻ വേണ്ടി അല്ലാഹുവിനോട് പ്രാർഥിച്ചാലും.' അപ്പോൾ നബിﷺ ഇരു കൈകളും ഉയർത്തി. ശേഷം 'അല്ലാഹുവേ, നീ ഞങ്ങൾക്ക് മഴ വർഷിപ്പിച്ചു തരേണമേ' എന്ന് മൂന്ന് പ്രാവശ്യം പ്രാർഥിക്കുകയും ചെയ്തു. അനസ്ﷺ പറയുന്നു: 'അല്ലാഹുവാണേ സത്യം! ഞങ്ങൾ അതുവരെ ആകാശത്ത് മേഘമോ, മേഘത്തിന്റെ ശകലമോ കണ്ടിരുന്നില്ല. സൽഅ് മലയുടെയോ, ഞങ്ങളുടെ താമസ സ്ഥലത്തിന്റെയോ ഇടയിൽ ഒരു വീടോ ജനവാസമോ ഉണ്ടായിരുന്നില്ല. അങ്ങനെ (പെട്ടെന്ന്) ആ മലക്ക് പിന്നിൽ മേഘങ്ങൾ പ്രത്യക്ഷപ്പെട്ടു. ആകാശ മധ്യത്തിലെത്തിയപ്പോൾ അത് വ്യാപിക്കുകയും മഴ പെയ്തു തുടങ്ങുകയും ചെയ്തു. പിന്നീട് ഏതാനും ദിവസങ്ങൾ ഞങ്ങൾ സൂര്യനെ കണ്ടതേയില്ല..."(മുസ്‌ലിം/897).

മഴ വർഷിപ്പിക്കാൻ കഴിവുള്ളവൻ അല്ലാഹു മാത്രമാണ്. അവനോട് നന്ദി കാണിക്കാനും പാപങ്ങൾ വെടിയാനും അവനോട് ചോദിക്കാനും തയ്യാറായാൽ അവൻ മഴ തന്ന് നമ്മെ സഹായിക്കും.

**മഴ...മഴ!**

മഴ കാരുണ്യമാണ്, അനുഗ്രഹമാണ്, പരീക്ഷണമാണ്, ശിക്ഷയാണ്... അങ്ങനെ പലതായും മനുഷ്യർക്ക് മഴ ലഭിച്ചിട്ടുണ്ട്.

അല്ലാഹു പറയുന്നു: "തന്റെ കാരുണ്യത്തിന്റെ മുമ്പിൽ സന്തോഷസൂചകമായി കാറ്റുകളെ അയച്ചതും അവനത്രെ. ആകാശത്ത് നിന്ന് ശുദ്ധമായ ജലം നാം ഇറക്കുകയും ചെയ്തിരിക്കുന്നു. നിർജീവമായ നാടിന് അത് മുഖേന നാം ജീവൻ നൽകുവാനും, നാം സൃഷ്ടിച്ചിട്ടുള്ള ധാരാളം കന്നുകാലികൾക്കും മനുഷ്യർക്കും അത് കുടിപ്പിക്കുവാനും വേണ്ടി. അവർ ആലോചിച്ചു മനസ്സിലാക്കേണ്ടതിനായി അത് (മഴവെള്ളം) അവർക്കിടയിൽ നാം വിതരണം ചെയ്തിരിക്കുന്നു. എന്നാൽ മനുഷ്യരിൽ അധികപേർക്കും നന്ദികേട് കാണിക്കുവാനല്ലാതെ മനസ്സു വന്നില്ല" (25:48-50).

"...നിങ്ങളെ ശുദ്ധീകരിക്കുന്നതിനും നിങ്ങളിൽ നിന്ന് പിശാചിന്റെ ദുർബോധനം നീക്കികളയുന്നതിനും നിങ്ങളുടെ മനസ്സുകൾക്ക് കെട്ടുറപ്പ് നൽകുന്നതിനും പാദങ്ങൾ ഉറപ്പിച്ചു നിർത്തുന്നതിനും വേണ്ടി അവൻ നിങ്ങളുടെ മേൽ ആകാശത്തു നിന്ന് വെള്ളം ചൊരിഞ്ഞുതന്നിരുന്ന സന്ദർഭവും (ഓർക്കുക)" (8:11).

അനസ്ﷺവിൽ നിന്ന്: "...അടുത്ത വെള്ളിയാഴ്ച അതേ വാതിലൂടെ (ദാറുൽ ഖദാഇന്റെ) ഒരാൾ പള്ളിയിൽ പ്രവേശിച്ചു. മിമ്പറിൽ ഖുതുബ നടത്തിക്കൊണ്ടിരിക്കുന്ന നബിﷺയുടെ അഭിമുഖമായി നിന്നുകൊണ്ട് അയാൾ പറഞ്ഞു: '(മഴ കാരണം)സ്വത്ത് മുഴുവൻ നശിച്ചു. എല്ലാ വഴികളും അടഞ്ഞു. മഴയൊന്ന വസാനിപ്പിക്കാൻ താങ്കൾ അല്ലാഹുവിനോട് പ്രാർഥിച്ചാലും.' അപ്പോൾ നബിﷺ കൈകൾ ഉയർത്തിക്കൊണ്ട് പറഞ്ഞു: 'അല്ലാഹുവേ, മഴയെ ഞങ്ങളുടെ ചുറ്റുപാടിലേക്ക് നീക്കേണമേ. ഞങ്ങൾക്ക് എതിരായി തീർക്കരുതേ. അല്ലാഹുവേ, മലകളിലും കുന്നുകളിലും താഴ് വാരങ്ങളിലും തോട്ടങ്ങളിലുമായി നീ അതിനെ മാറ്റേണമേ.' ഉടനെ മഴ നിൽക്കുകയും ഞങ്ങൾ വെയിലത്ത് നടന്നു പോവുകയും ചെയ്തു" (മുസ്‌ലിം/897).

നൂഹ് നബിﷺയുടെ ധിക്കാരികളായ ജനതയെ അല്ലാഹു നശിപ്പിച്ചത് ശക്തമായ വെള്ളപ്പൊക്കത്താലാണ്. അല്ലാഹു പറയുന്നു:

"നാം അവരുടെ മേൽ ഒരു തരം മഴ വർഷിപ്പിക്കുകയും ചെയ്തു. അപ്പോൾ ആ കുറ്റവാളികളുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് നോക്കുക" (7:84).

കടുത്ത ധിക്കാരവും അധർമവും നിമിത്തം ശിക്ഷയായി മഴ വന്നേക്കാം. "ആ ചീത്ത മഴ വർഷിക്കപ്പെട്ട നാട്ടിലൂടെ ഇവർ കടന്നുവന്നിട്ടുണ്ടല്ലോ..."(25:40).

മഴയെ പറ്റിയുള്ള കൃത്യമായ അറിവ് അല്ലാഹുവിന് മാത്രമാണ്. അത്കൊണ്ടുതന്നെമനുഷ്യപ്രവചനങ്ങൾക്കും കണക്കുകൂട്ടലുകൾക്കുമപ്പുറമായി അത് അത് വർഷിക്കുകയും വർഷിക്കാതിരിക്കുകയും ചെയ്യും. അല്ലാഹു പറയുന്നു: "...അവൻ മഴ പെയ്യിക്കുന്നു...."(31:34).

ഇബ്നു ഉമർﷺവിൽ നിന്ന്: നബിﷺപറഞ്ഞു: "അദൃശ്യങ്ങളുടെ താക്കോൽ അഞ്ചാണ്. അത് അല്ലാഹു അല്ലാതെ മറ്റാരുമറിയില്ല....മഴ എപ്പോൾ വരുമെന്ന് ഒരാൾക്കുമറിയില്ല" (ബുഖാരി/1039).

വരൾച്ചകൊണ്ട് ബുദ്ധിമുട്ടനുഭവപ്പെട്ടാലും മഴക്കെടുതികളുണ്ടായാലുമൊക്കെ പലരും കാലത്തെ പഴിക്കാറുണ്ട്. യഥാർഥ വിശ്വാസകളിൽനിന്ന് ഇങ്ങനെ സംഭവിക്കാൻ പാടില്ല.

അല്ലാഹു പറയുന്നു: "ആകാശത്തു നിന്ന് നാം ഒരു നിശ്ചിത അളവിൽ വെള്ളം ചൊരിയുകയും എന്നിട്ട് നാം അതിനെ ഭൂമിയിൽ തങ്ങിനിൽക്കുന്നതാക്കുകയും ചെയ്തിരിക്കുന്നു. അത് വറ്റിച്ചു കളയാൻ തീർച്ചയായും നാം ശക്തനാകുന്നു" (23:18).

അബൂഹുറയ്റﷺവിൽ നിന്ന് നിവേദനം: നബിﷺപറഞ്ഞു: "പ്രതാപവാനും മഹാനുമായ അല്ലാഹു പറഞ്ഞു:'ആദമിന്റെ സന്തതി എന്നെ ഉപദ്രവിക്കുന്നു. അവൻ പറയുന്നു: 'എന്തൊരു കാലക്കേട്!' നിങ്ങളിലൊരാളും എന്തൊരു കാലക്കേട് എന്ന് പറയരുത്. ഞാനാണ് കാലം. ഞാനതിന്റെ രാത്രിയും പകലും മാറ്റിമറിക്കുന്നു. ഞാൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവയെ ഞാൻ പിടിച്ചു നിർത്തുമായിരുന്നു"(മുസ്‌ലിം/2246).

മഴ ലഭിച്ചാൽ അതിനെ സൃഷ്ടികളിലേക്ക് ചേർത്തു പറയുന്നത് സ്രഷ്ടാവിനോട് കാണിക്കുന്ന നന്ദി കേടാണ്. നബിﷺ അത് വിലക്കിയിട്ടുണ്ട്. (ബുഖാരി, മുസ്‌ലിം).

വരൾച്ചയെന്ന പരീക്ഷണത്തിൽ നിന്ന് രക്ഷനേടാനും മഴയെന്ന അനുഗ്രഹം ലഭിക്കുന്നതിനും വേണ്ടി ഏതെങ്കിലും സൃഷ്ടിയുടെ പ്രീതി സമ്പാദിക്കലോ അതിനു വേണ്ടി പൂജാകർമങ്ങൾ ചെയ്യലോ ഒരു പോംവഴിയല്ല. ഇസ്‌ലാം പഠിപ്പിച്ച ലളിതമായ ചില പാഠങ്ങൾ ഉണ്ട്. അവ ഉൾകൊള്ളാനും ശ്രദ്ധിക്കാനും വിശ്വാസിക്ക് കഴിയണം.

1. വിശ്വാസവും ക്ഷമതയും കാത്തുസൂക്ഷിക്കുക. അല്ലാഹു പറയുന്നു.

2. പാപമോചനം തേടുകയും പാശ്ചാത്തപിക്കുകയും ചെയ്യുക. അല്ലാഹു പറയുന്നു.

3. പ്രാർഥന നിലനിർത്തുക.

"ആ നാടുകളിലുള്ളവർ വിശ്വസിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്തിരുന്നെങ്കിൽ ആകാശത്തു നിന്നും ഭൂമിയിൽ നിന്നും നാം അവർക്കു അനുഗ്രഹങ്ങൾ തുറന്നുകൊടുക്കുമായിരുന്നു. പക്ഷേ, അവർ നിഷേധിച്ചു തള്ളുകയാണ് ചെയ്തത്. അപ്പോൾ അവർ ചെയ്ത് വെച്ചിരുന്നതിന്റെ ഫലമായി നാം അവരെ പിടികൂടി" (7:96).

4. മഴക്ക് വേണ്ടി നമസ്കരിക്കുക: "എന്റെ ജനങ്ങളേ, നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുക. എന്നിട്ട് അവങ്കലേക്ക് ഖേദിച്ചുമടങ്ങുകയും ചെയ്യുക. എങ്കിൽ അവൻ നിങ്ങൾക്ക് സമൃദ്ധമായി മഴ അയച്ചുതരികയും നിങ്ങളുടെ ശക്തിയിലേക്ക് അവൻ കൂടുതൽ ശക്തി ചേർത്തുതരികയും ചെയ്യുന്നതാണ്. നിങ്ങൾ കുറ്റവാളികളായിക്കൊണ്ട് പിന്തിരിഞ്ഞ് പോകരുത്"(11:52).

5. സകാത്ത് അതിന്റെ അവകാശികൾക്ക് നൽകുക. ●

**Statement about ownership and other particulars about Nerpatham Weekly Form - IV (See Rule 8)**

| | |
|---|---|
| 1. Place of publication: | 1st Room, 1st Floor, EKP Building, Kallai Road, Kozhikode, PIN 673002, Kerala |
| 2. Penodicity of its publication: | Weekly |
| 3. Printer's Name: | Sajjad K |
| Nationality: | Indian |
| Address: | Koyamprath, 1631, Afna Nivas, Pokkunnu PO, Kinasseri, Kozhikode, Kerala |
| 4. Publisher's Name: | Sajjad K |
| Nationality: | Indian |
| Address: | Koyamprath, 1631, Afna Nivas, Pokkunnu PO, Kinasseri, Kozhikode, Kerala |
| 5. Editor's Name: | Usman Palakkazhi |
| Nationality: | Indian |
| Address: | Thevarkalathil, Palakkazhi, PO Karkkidamkunnu, Alanallur, Plakkad-678601, Kerala |

6. I, Sajjad K, hereby declare that the particulars given above are true to the best of my knowledge and belief.

Dated: 14. 03. 2017

(Sd/-)
Publisher

തൻവീൽ
mail@nerpatham.com



# സമയത്തിന്റെ വില

**ഫാ**ത്വിമയും അമലും അമ്മായി വരുന്നത് ദൂരെ നിന്ന് തന്നെ കാണുന്നുണ്ടായിരുന്നു.

"ഉമ്മാ....! സൽമമ്മായി വരുന്നൂ....." അമൽ ഉറക്കെ വിളിച്ചു പറഞ്ഞു. ഫാത്വിമ മുറ്റത്തേക്കിറങ്ങി. അവൾ സന്തോഷത്തോടെ പറഞ്ഞു: "ഹായ് സൽമമ്മായി...!"

"അസ്സലാമു അലൈക്കും" സൽമ സലാം ചൊല്ലി.

"വ അലൈക്കുമുസ്സലാം വറഹ്മതുല്ലാഹ്" എല്ലാവരും ഒന്നിച്ച് സലാം മടക്കി.

"ഉച്ച മുതൽ നീ വരുന്നതും കാത്ത് നിൽപ്പാണ് രണ്ടുപേരും.." ഉമ്മ സൽമയുടെ കൈപിടിച്ചുകൊണ്ട് പറഞ്ഞു.

സൽമ അമ്മായി വന്നാൽ പിന്നെ ഫാത്വിമക്കും അമലിനും പെരുന്നാളാണ്! അത്രയ്ക്കിഷ്ടമാണ് അവർക്ക് സൽമയെ.

കൊച്ചു കൊച്ചു കഥകളും പാട്ടും പഴംചൊല്ലും ക്വുർആൻ പാരായണവുമായി പിന്നെ വീട്ടിൽ നല്ല രസം തന്നെയാണ്. ഫാത്വിമയുടെയും അമലിന്റെയും ഉപ്പയുടെ ചെറിയ പെങ്ങളാണ് സൽമ. കോളേജിൽ പഠിക്കുന്നു.

"ഇക്കാക്ക എപ്പോൾ വരും ഇത്താത്താ..?" സൽമ ഡ്രസ്സ് മാറി അടുക്കളയിലേക്ക് വന്നുകൊണ്ട് ചോദിച്ചു.

"ഇന്ന് ഇത്തിരി വൈകും" ഉമ്മ പഞ്ഞു.

"എന്നാ ഇന്ന് കുറേ നേരം കഥപറഞ്ഞിരിക്കാലോ അമ്മായീ..." അമലാണത് പറഞ്ഞത്.

"ങാ... അത് തരക്കേടില്ല! ഉപ്പ വരാൻ വൈകുന്നതിലുള്ള ബേജാറല്ല! ഓന് കഥകേൾക്കാനുള്ള തിടുക്കമാ..." ഫാത്വിമ ചൊടിച്ചു.

"അത് ശരിയാ..." ഉമ്മയും അവളുടെ കൂടെ കൂടി.

"അവൻ അങ്ങനെയൊന്നും ഉദ്ദേശിച്ച് പറഞ്ഞതല്ല. ഉപ്പക്കും ഉമ്മക്കും വേണ്ടി നിത്യേന പ്രാർഥിക്കുന്ന മക്കളാ എന്റേത്.പിന്നെ നല്ല നല്ല കഥകളും ചരിത്രങ്ങളും മറ്റും കഴിയുന്നത്ര കേൾക്കാനും കേൾപ്പിക്കാനും മുതിർന്നവർ ശ്രദ്ധിക്കണം" സൽമ അമ്മായി അവന്റെ പക്ഷം ചേർന്നു.

ഉമ്മ ചായയും കടിയും എടുത്ത് വെച്ചു. എല്ലാവരും ചായ കുടിക്കാൻ റെഡിയായി.

മേശമേലുണ്ടായിരുന്ന സൽമയുടെ ഫോൺ അമലിന്റെ ശ്രദ്ധയിൽ പെട്ടു. അവൻ അത് എടുത്ത് സോഫയിൽ ചെന്നിരുന്നു.

"മോനേ, ഇങ്ങനെ എപ്പോഴും മൊബൈലിൽ കളിക്കുന്നത് ശരിയല്ല. നീ അത് അവിടെ വെച്ച് ചായ കുടിക്കാൻ വാ..." ഉമ്മ പറഞ്ഞു.

മനമില്ലാ മനസ്സോടെ അമൽ ഫോൺ കിട്ടിയേടത്തുതന്നെ വെച്ച് ചായ കുടിക്കാൻ ചെന്നിരുന്നു.

ഉമ്മയും സൽമയും കുടുംബ കാര്യങ്ങളും മറ്റും സംസാരിച്ചിരിക്കെ അബ്ദു വീണ്ടും മൊബൈൽ കയ്യിലെടുത്തു.

"അമ്മായീ... ഓൻ ചായ കുടിച്ച് തീരുംമുമ്പ് ഫോണെടുത്തു..." ഫാത്വിമ വിളിച്ചു പറഞ്ഞു.

സൽമയും ഉമ്മയും എഴുന്നേറ്റു.

"വാ.. ഇനി നമുക്ക് കഥ തുടങ്ങാം" സൽമ പറഞ്ഞു. അമലിന് ഫോൺ ഒഴിവാക്കാൻ ഇഷ്ടക്കുറവുണ്ടെങ്കിലും അമ്മായി വിളിച്ചപ്പോൾ ഓടിച്ചെന്നു.

സൽമ കഥ പറഞ്ഞു തുടങ്ങി:

"പണ്ട് ഒരു നാട്ടിൽ ഒരു കർഷകൻ ഉണ്ടായിരുന്നു. അദ്ദേഹം അദ്ദേഹത്തിന്റെ വയൽ വിത്തിടുന്നതിന് വേണ്ടി ഉഴുതുമറിക്കുകയായിരുന്നു. അതിനിടയിൽ അദ്ദേഹത്തിന്റെ തൂമ്പ ഉറപ്പുള്ള എന്തിലോ ചെന്നു കൊണ്ടു. കർഷൻ മണ്ണ് ഇളക്കി മാറ്റി അതിനടിയിൽ എന്താണെന്ന് നോക്കി. അത് ഒരു പെട്ടിയായിരുന്നു. അദ്ദേഹം അതെടുത്ത് വളരെയധികം ആകാംക്ഷയോടെ മാറിയിരുന്ന് പൊളിച്ച് നോക്കി. അതിൽ നിറയെ കറുത്ത ചെറിയ ചെറിയ കല്ലുകൾ...

ആരായിരിക്കും ഈ കറുത്ത കുഞ്ഞുകല്ലുകൾ ഇങ്ങനെ പെട്ടിയിലാക്കി കുഴിച്ചിട്ടിരിക്കുന്നത്? കർഷകൻ ആലോചിച്ചു. ഹാ..! ഏതായാലും കുഞ്ഞുകല്ലുകളാണല്ലോ. ഇതുകൊണ്ടൊരു പണിയുണ്ട്.

വിളഞ്ഞ് നിൽക്കുന്ന പാടത്ത് ധാന്യമണികൾ കൊത്തിത്തിന്നാൻ പറവകൾ വരും. അവയെ ഈ കുഞ്ഞു കല്ലുകൾ വാരിയെറിയാം. ഒരേറിനു തന്നെ എല്ലാറ്റിനെയും പറത്താൻ കഴിയും. കർഷകൻ ആത്മഗതം ചെയ്തു.

അയാൾ ആ കല്ലുകളുള്ള പെട്ടി സൂക്ഷിച്ചു വെച്ചു.

ദിവസങ്ങളും മാസങ്ങളും കഴിഞ്ഞു. വയൽ നിറയെ ധാന്യങ്ങൾ. മുഴുവൻ വിത്തുകളും മുളച്ച് കതിരായി ധാന്യമണികൾ വിളഞ്ഞു നിൽക്കുന്നു. കർഷകന് സന്തോഷമായി. നാളെ വയലിലേക്ക് വരുമ്പോൾ ആ പെട്ടി കൂടി കൊണ്ട് വരണം. വയലിന്റെ ഒരു ഓരത്തിരുന്ന് പെട്ടിയിലുള്ള കല്ലുകളെടുത്തെറിഞ്ഞാൽ ധാന്യം തിന്നാൻ വരുന്ന പക്ഷികളെല്ലാം പറന്നു പോകും. കർഷകൻ ചിന്തിച്ചു.

അയാൾ അടുത്ത ദിവസം രാവിലെ പെട്ടിയുമായി വയലിലേക്കെത്തി. നനയും കളപറിക്കലും കഴിഞ്ഞ് അദ്ദേഹം വയലിന്റെ വക്കിലിരുന്നു. അന്നേരം തെക്ക് ഭാഗത്തുനിന്നും ഒരു കൂട്ടം പ്രാവുകൾ വയലിലിറങ്ങി. അയാൾ പെട്ടിയിൽ നിന്നും കല്ലുകൾ വാരിയെറിഞ്ഞു. പക്ഷികളെല്ലാം കൂട്ടമായി പറന്നു പോയി.

അന്ന് അത് പലപ്രാവശ്യം ആവർത്തിച്ചു. പക്ഷികൾ വരുമ്പോഴൊക്കെ അയാൾ കല്ലുകൾ വാരിയെടുത്ത് എറിഞ്ഞു.

അടുത്ത ദിവസം പെട്ടിയിൽ ഏതാനും കല്ലുകൾ മാത്രമാണുണ്ടായിരുന്നത്. അതിനാൽ അയാൾ ഒന്നോ രണ്ടോ കല്ലുകളെടുത്താണ് എറിഞ്ഞിരുന്നത്.

അതിനിടയിൽ ഒരു രത്നവ്യപാരി ആ വഴിക്ക് കടന്നുപോയി. കർഷൻ എറിഞ്ഞ കല്ലുകളിൽ ഒന്ന് അയാളുടെ മുന്നിൽ ചെന്ന് വീണു. അയാൾ ആ കല്ലെടുത്ത് നോക്കി. എന്നിട്ട് നേരെ കർഷകന്റെ അടുക്കലേക്ക് ചെന്നു. എന്നിട്ട് ചോദിച്ചു:

"ഈ പെട്ടിയിലുള്ള കല്ലുകൾ എനിക്ക് തരുമോ...?"

കർഷകൻ പറഞ്ഞു: "ഇല്ല."

രത്നവ്യാപാരി ആ കല്ലുകൾക്ക് അഞ്ഞൂറു സ്വർണനാണയം തരാമെന്ന് പറഞ്ഞു. കർഷകൻ തരില്ലെന്നറിയിച്ചു. വീണ്ടു രത്ന വ്യാപാരി അതിന് ആയ്യായിരം സ്വർണനാണയം തരാമെന്ന് പറഞ്ഞു. അപ്പോൾ കർഷകൻ പൊട്ടിച്ചിരിച്ചു. എന്നിട്ട് ചോദിച്ചു: "നിങ്ങൾക്കെന്താ ഭ്രാന്തുണ്ടോ? ഈ കല്ലുകൾക്ക് നിങ്ങൾ ഇത്രയും വിലയിടുന്നതെന്താണ്."

അപ്പോൾ രത്നവ്യാപാരി ആ കല്ലുകൾ അപൂർവ ഇനം രത്നക്കല്ലുകളാണെന്ന് അയാളെ അറിയിച്ചു. ഹോ...! അപ്പോഴാണ് കർഷകന് താൻ ഇന്നലെ മുതൽ ചളിയിലെറിഞ്ഞുകൊണ്ടിരിക്കുന്ന കുഞ്ഞുകല്ലുകളുടെ വില മനസ്സിലായത്. അയാൾ ഉടൻ ആ ചെളിയിൽ നിന്നും കല്ലുകൾ തപ്പിയെടുക്കാൻ തുടങ്ങി. എന്നാൽ ഏതാനും കല്ലുകൾ മാത്രമാണ് അയാൾക്ക് കണ്ടെടുക്കാൻ കഴിഞ്ഞത്. അയാൾ ആർത്തിയോടെ ഇരുന്നും ചേറിൽ കിടന്നുരുണ്ടും കല്ലുകൾ തിരയാൻ തുടങ്ങി. അവിടെയെല്ലാം ധാന്യക്കതിരുകൾ നാശമാവുകയും ചെയ്തു. കിട്ടിയ കല്ലുകളുടെ വില നൽകി രത്നവ്യാപാരി പോവുകയും ചെയ്തു. ഇതോടെ കഥ കഴിഞ്ഞു..." സൽമ അമ്മായി പറഞ്ഞു നിർത്തി.

"ഹോ... അയാളുടെ കാര്യം കഷ്ടം...! കിട്ടിയതെന്താണെന്നറിയാതെ വാരിവലിച്ച് എറിഞ്ഞു തീർത്തു അല്ലേ അമ്മായീ..?" അമൽ ചോദിച്ചു.

"അതെ, അതു പോലെ നിന്റെ കയ്യിലും വളരെയധികം വിലയേറിയതും ഒരിക്കൽ നഷ്ടപ്പെട്ടാൽ തിരിച്ചെടുക്കാൻ കഴിയാത്തതുമായ ഒരു കാര്യമുണ്ട്. നീയും ആ കർഷകനെ പോലെ അത് ഒരിക്കലും തിരിച്ചികിട്ടാൻ കഴിയാത്ത രൂപത്തിൽ വലിച്ചെറിഞ്ഞു കൊണ്ടിരിക്കുന്നുണ്ട്" സൽമ പറഞ്ഞു.

"അതെന്താണ് അമ്മായീ...?" അമലും ഫാത്വിമയും വളരെ ആകാംക്ഷയോടെ ചോദിച്ചു.

"സമയം...! രത്നക്കല്ലുകളെക്കാൾ വിലയുള്ള സമയം. അതാണ് നീ ഒരു മൊബൈലിൽ ഗെയിം കളിച്ചും മറ്റുമൊക്കെയായി കളഞ്ഞു തീർക്കുന്നത്. അതിനാൽ സമയത്തെ വളരെ കൃത്യമായി സൂക്ഷിച്ച് ഉപയോഗിക്കണം. അത് പാഴാക്കരുത്."

"പരലോകത്ത് അത് ചോദ്യം ചെയ്യപ്പെടുമോ അമ്മായീ...?" ഫാത്വിമ ചോദിച്ചു.

"അതെ, സമയം അഥവാ ആയുസ്സ്, ആരോഗ്യം, സമ്പത്ത്, അറിവ് എന്നിവയെക്കുറിച്ചെല്ലാം ചോദിക്കപ്പെടും. അതിന് ഉത്തരം പറയാതെ പരലോകത്ത് കാലടികൾ മുന്നോട്ട് വെക്കാൻ കഴിയില്ല നമുക്കാർക്കും... ബാങ്കു വിളിക്കാൻ സമയമായി..."

അപ്പോഴേക്കും മഗ്‌രിബ് നമസ്കാരത്തിന് സമയമായെന്നറിയിച്ച് ബാങ്കുവിളിയുയർന്നു. എല്ലാവരും വുദൂഅ് ചെയ്യാനായി പിരിഞ്ഞു.

അബ്ദുൽ മാലിക് സലഫി
malikmorayur114@gmail.com





**'ഹദീഥ്', 'സുന്നത്ത്', 'അഥർ' ഇസ്‌ലാമിക സാഹിത്യങ്ങളിൽ കടന്നുവരുന്ന ഈ സാങ്കേതിക പദങ്ങളെ കുറിച്ചുള്ള ഒരു വിശകലനം**

# ഹദീഥ് ചരിത്രം, പ്രാമാണികത

ഇരുട്ടുകളുടെ പുതപ്പിനുള്ളിൽ സുഖനിദ്രയിലായിരുന്ന ഒരു സമൂഹത്തെ വഹ്‌യിന്റെ വെളിച്ചം കൊണ്ട് ലോകത്തിനു മുന്നിലേക്ക് നയിച്ച മഹാനാണ് മുഹമ്മദ് നബിﷺ. നൂഹ് നബിؑയിലൂടെ തുടക്കം കുറിച്ച റസൂലുകളുടെ പരമ്പരയിൽ അവസാനത്തെ കണ്ണി. അല്ലാഹുവിന്റെ അടുക്കൽ നിരവധി പദവികൾ കൊണ്ട് അനുഗൃഹീതൻ. പ്രവാചകനു മുമ്പത്തെ അറബികളുടെ ജീവിതം വിവരിക്കാൻ ചരിത്രം പോലും ലജ്ജിക്കുന്ന അവസ്ഥയാണുള്ളത്. അത്ര മാത്രം തിന്മകളിൽ ആണ്ടുപോയിരുന്ന ഒരു ജനതയിലേക്കാണ് നബിﷺ നിയോഗിതനാകുന്നത്.

പ്രവാകന്ﷺ ക്വുർആൻ അവതീർണമായിത്തുടങ്ങിയതോടെ പുതിയൊരു ചക്രവാളം തുറക്കപ്പെടുകയായിരുന്നു. അവിടുന്ന് ആ ക്വുർആനിന്റെ നേർപതിപ്പായി ജീവിച്ച് മാതൃക കാണിച്ചു. അതുകൊണ്ട് തന്നെ ഇസ്‌ലാമിനെക്കുറിച്ച് പഠിക്കാനും വിശുദ്ധ ക്വുർആൻ മനസ്സിലാക്കാനും ആ പ്രവാചകന്റെ ജീവിതം അവലംബിക്കൽ അനിവാര്യമാണ്. പ്രവാചക ജീവിതത്തിന്റെ മുഴുവൻ ഇതളുകളും പുതിയ ലോകത്തിനുള്ള ചൂണ്ടുപലകകളാണെന്നതിൽ തർക്കമില്ല. നിത്യനൂതനത്വം തുളുമ്പിനിൽക്കുന്ന പ്രവാചകജീവിതത്തിന്റെ പ്രാമാണിക പ്രതലമാണ് ഹദീഥുകൾ. ഹദീഥുകളിലൂടെയാണ് നാം പ്രവാചകനെ തൊട്ടറിയുന്നത്. കാലത്തിന്റെ മാറ്റങ്ങളോട് ക്രിയാത്മകമായി സംവദിക്കാനുള്ള ക്ഷമത പ്രവാചകാധ്യാപനങ്ങൾക്ക് എമ്പാടുമുണ്ട്. ഹദീഥുകളുടെ പ്രസക്തിയെ നിരാകരിക്കുന്ന ചില ഒറ്റപ്പെട്ട അപശബ്ദങ്ങൾ ഉയരുന്ന പശ്ചാത്തലത്തിൽ ഹദീഥുകളെ കുറിച്ചുള്ള ഗൗരവതരമായ പഠനത്തിന് നാം തയ്യാറാകേണ്ടതുണ്ട്.

**സുന്നത്തും ഹദീഥും**

'വഴി,' 'ചര്യ'-നല്ലതോ ചീത്തയോ ആവട്ടെ- തുടങ്ങിയ അർഥങ്ങളാണ് 'സുന്നത്ത്' എന്ന പദത്തിന് ഭാഷയിൽ ഉള്ളത്.[1] വഴി എന്ന അർഥത്തിലാണ് ക്വുർആൻ 4:26 സൂക്തത്തിലുള്ള 'സുനൻ'[2] എന്ന പദം പ്രയോഗിച്ചിട്ടുള്ളത്.

"നിങ്ങളുടെ മുൻഗാമികളുടെ 'സുനനു'കളെ നിങ്ങൾ ചാണിനു ചാണായും മുഴത്തിനു മുഴമായും പിൻപറ്റും" എന്ന ഹദീഥിലെ[3] 'സുനൻ' എന്ന പദവും

വഴി എന്ന അർഥത്തിലാണ്. 'ചര്യ' എന്ന അർഥത്തിലാണ് 'മൻ സന്ന ഫിൽ ഇസ്‌ലാമി...'[4] എന്ന പ്രസിദ്ധമായ നബി വചനത്തിൽ പ്രയോഗിക്കപ്പെട്ടിട്ടുള്ളത്. നബിﷺയുടെയോ സ്വഹാബത്തിന്റെയോ താബിഉകളുടെയോ വാക്കുകളിൽ 'സുന്നത്ത്' എന്ന് പ്രയോഗിക്കപ്പെട്ടു കണ്ടാൽ; മൊത്തത്തിൽ മതമുൾക്കൊള്ളുന്ന വിശ്വാസ, കർമ കാര്യങ്ങൾ - അത് നിർബന്ധമോ, ഐഛികമോ, അനുവദനീയമോ ആവട്ടെ - ആണ് അതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്.[5] അതാണ് 'ഫമൻ റഗിബ അൻ സുന്നത്തീ...' എന്ന ഹദീഥിന്റെ അർഥം.[6] അഥവാ നിർബന്ധം എന്നതിനു ബദലായ സുന്നത്ത് അല്ല ഇവിടെ വിവക്ഷ; പ്രത്യുത, നബിﷺയുടെ മുഴുവൻ മാർഗങ്ങളുമാണ്. അത് വേണ്ടെന്ന് വെച്ചവൻ നമ്മിൽ പെട്ടവനല്ല എന്നാണ് നബിﷺ പറഞ്ഞിട്ടുള്ളത്.[7] 'നിങ്ങൾ എന്റെ സുന്നത്ത് മുറുകെ പിടിച്ചോളൂ'[8] എന്ന ഹദീഥിലെ 'സുന്നത്ത്' കൊണ്ടുള്ള വിവക്ഷയും ഇതാണ്.

വിശ്വാസപരമായ വിഷയങ്ങളിൽ മാത്രമായി മുൻഗാമികൾ 'സുന്നത്ത്' എന്ന പദം പ്രയോഗിച്ചിരുന്നു. ശൈഖുൽ ഇസ്‌ലാം ഇബ്നു തീമിയ്യയുടെ വാചകങ്ങൾ കാണുക: 'അസ്സുന്ന' എന്ന പേരിൽ അവരെഴുതിയ അധിക കൃതികളും വിശ്വാസപരമായ കാര്യങ്ങളെ കുറിച്ചുള്ളതായിരുന്നു. 'സുന്നത്തിലെ ഇഖ്തിസ്വാദ്'ആണ് ബിദ്അത്തിലെ 'ഇജ്തിഹാദി'നെക്കാൾ നല്ലത് എന്ന ഇബ്നു മസ്ഊദ്ؓ, ഉബയ്യ് ബ്നുകഅബ്ؓ, അബുദ്ദർദാഅ്ؓ എന്നിവരുടെ വാക്കിന്റെ അർഥവും മറ്റൊന്നല്ല.[9] സന്ദേഹങ്ങളും സൂത്രങ്ങളും ദുർവൃത്തികളുമില്ലാത്ത നബിﷺയുടെ മാർഗമെന്ന അർഥത്തിലും ഈ പദം പ്രയോഗിക്കപ്പെട്ടിട്ടുണ്ട്. 'തന്റെ ഉദരത്തിലേക്ക് പ്രവേശിക്കുന്ന ഹലാലുകളെ കുറിച്ച് അറിയുന്നവനാണ് യഥാർഥ അഹ്‌ലുസ്സുന്ന' എന്ന ഫുളൈലുബ്നു ഇയാദ്വിന്റെ വാചകം അതിന്റെ സൂചകമാണ്.[10]

കുറച്ചു കാലങ്ങൾകൂടി കഴിഞ്ഞശേഷം വിശ്വാസ രംഗത്ത് വ്യതിയാനങ്ങൾ തലപൊക്കുകയും നൂതന ചിന്തകൾ പ്രചരിക്കുകയും ചെയ്തപ്പോൾ ആ പ്രവണതക്ക് മറുപടി നൽകാൻ പണ്ഡിതന്മാർ ശരിയായ വിശ്വാസ വിവരണങ്ങൾ അടങ്ങിയ ഗ്രന്ഥങ്ങളുടെ രചനകൾ നടത്തി. അത്തരം ഗ്രന്ഥങ്ങൾക്ക് അവർ നൽകിയ പേരുകളും 'അസ്സുന്ന' എന്നായിരുന്നു. സ്വഹാബത്തിന്റെയും ക്വദ്റിന്റെയും വിഷയത്തിൽ വ്യതിയാനത്തിൽ പെട്ടവരെ തിരിച്ചുകൊണ്ടുവരാൻ അവർ നടത്തിയ പരിശ്രമങ്ങൾക്ക് അവർ 'സുന്ന' എന്നാണ് പേര് നൽകിയതെങ്കിൽ അക്കാലഘട്ടത്തിൽ ശരിയായ വിശ്വാസധാരക്കും അത്തരം നിലപാടുകൾക്കും പറയുന്ന നാമമായിരുന്നു 'അസ്സുന്ന' എന്നാണ് നമുക്ക് ഗ്രഹിക്കാനാവുക. അല്ലാമാ അബ്ദുല്ലത്തീഫ് ആലുശൈഖ് തന്റെ 'അത്തഅ്സീസ് വ തക്ബ്തീസ്' എന്ന കൃതിയിൽ ഇക്കാര്യം പരാമർശിക്കുന്നുണ്ട്.[11]

ഇമാം ലാലകാഈ, അബൂബക്ർ അസ്റം, ഖല്ലാൽ, ഇബ്നു ഖുസൈമ, അബ്ദുല്ലാഹ് ബ്നു അഹ്മദ് ബ്നു ഹമ്പൽ എന്നിവരുടെ 'അസ്സുന്ന' എന്ന കൃതികളും ഇബ്നു തീമിയ്യയുടെ 'മിൻഹാജുസ്സുന്ന' എന്ന ഗ്രന്ഥവും ഇതിനു നല്ല ഉദാഹരണങ്ങളാണ്.

സങ്കേതികാർഥത്തിലുള്ള ചർച്ചയിലേക്ക് വരുമ്പോൾ വിജ്ഞാനശാഖയുടെ ഓരോ തലമനുസരിച്ചും അതിന്റെ ഉദ്ദേശ്യങ്ങൾ മാറുന്നതായി കാണാനാവും. മുഹദ്ദിഥുകൾ, അഥവാ ഹദീഥ് പണ്ഡിതന്മാർ സുന്നത്ത് എന്നു പറയുമ്പോൾ, നബിﷺയുടെ വാക്ക്, പ്രവൃത്തി, അംഗീകാരം, സൃഷ്ടിപരവും സ്വഭാവ പരവുമായ നബിﷺയുടെ സവിശേഷതകൾ എന്നിവയാണ് ഉദ്ദേശിക്കുന്നത്.[12] എന്നാൽ ഉസൂലുൽ ഫിക്ഹിന്റെ പണ്ഡിതന്മാരുടെ ഭാഷയിൽ 'സുന്നത്ത്' കൊണ്ട് അവർ അർഥമാക്കുന്നത് നബിﷺയുടെ വാക്ക്, പ്രവൃത്തി, അംഗീകാരം എന്നിവ മാത്രമാണ്.[13] കർമശാസ്ത്ര പണ്ഡിതന്മാർ 'സുന്നത്ത്' എന്നതുകൊണ്ട് അർഥമാക്കുന്നത് 'വാജിബ്' (നിർബന്ധം) എന്നതിന്റെ എതിരായത് അഥവാ ഐഛികം എന്ന രീതിയിലാണ്.[14] ഓരോ വിഭാഗം പണ്ഡിതന്മാരും അവരുടെ വിജ്ഞാനശാഖയുമായി ബന്ധിപ്പിച്ച് പറഞ്ഞതാണ് ഈ നേരിയ തോതിലുള്ള വ്യത്യാസം കാണാനുള്ള കാരണം.

നബിﷺ മാനവരാശിയുടെ മാതൃകാ പുരുഷൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ ജീവിതമാതൃക ലോകത്തിന് ലഭിക്കേണ്ടതുണ്ട്. അദ്ദേഹത്തിന്റെ അനുചരന്മാരിലൂടെ അല്ലാഹു തന്നെ അത് സംരക്ഷിക്കാനുള്ള സംവിധാനമൊരുക്കി എന്നതാണ് യാഥാർഥ്യം. അവയെല്ലാം ഒപ്പിയെടുത്ത് ലോകർക്കുമുന്നിൽ അവതരിപ്പിക്കുന്നതിനു വേണ്ടി അവിടുത്തെ വാക്കുകൾ, പ്രവൃത്തികൾ, അംഗീകാരങ്ങൾ തുടങ്ങി പ്രവാചകന്റെ ശാരീരിക സവിശേഷതകൾ വരെ നെല്ലും പതിരും വേർതിരിച്ച് മനസ്സിലാക്കലാണ് ഹദീഥ് പണ്ഡിതന്മാരുടെ കർത്തവ്യം. പ്രവാചകന്റെ കുടുംബം, ഭരണം, യുദ്ധം, യാത്ര, ആരാധന, ഇടപാട് തുടങ്ങിയവയെല്ലാം മുഹദ്ദിഥുകളുടെ പഠന പരിധിയിൽ വരുന്നതാണ്.

കർമശാസ്ത്ര പണ്ഡിതന്മാർ നബിﷺയുടെ വാക്കുകളിലും പ്രവൃത്തികളിലും അടങ്ങിയ വിധികൾ ആണ് ചർച്ചക്കെടുക്കുന്നത്. നിർബന്ധം, നിഷിദ്ധം, ഐഛികം, അനുവദനീയം, വെറുക്കപ്പെട്ടത് എന്നിങ്ങനെയുള്ള വിധികളെ ഹദീഥുകളുടെ ആഴിയിൽ നിന്ന് നിർധരിച്ചെടുക്കലാണ് ഇവരുടെ ജോലി.

ഉസ്വൂലിന്റെ പണ്ഡിതന്മാർ ഗവേഷകന്മാർക്കു വേണ്ട നിയമങ്ങളും അടിത്തറകളും ഹദീഥിന്റെ വെളിച്ചത്തിൽ നിർമിതി നടത്തുന്നവരാണ്. പ്രമാണത്തോട് ചാരിനിൽക്കുന്ന നിരവധി നിയമങ്ങൾ അവർ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് പിൽകാലക്കാരായ പണ്ഡിതന്മാ




രുടെ ഗവേഷണങ്ങൾ സുഗമമായി ചലിച്ചുകൊണ്ടിരിക്കുന്നത്. ചുരുക്കത്തിൽ തങ്ങൾ കൈകാര്യം ചെയ്യുന്ന വിജ്ഞാന ശാഖക്കനുസരിച്ച സുന്നത്തിന്റെ അർഥതലങ്ങൾ മാറുന്നുണ്ട് എന്നർഥം.

'ബിദ്അത്തി'ന് വിപരീതം എന്ന അർഥത്തിലും 'സുന്നത്ത്' എന്ന് പ്രയോഗിക്കാറുണ്ട്.[15]

സുന്നത്തിന്റെ അതേ അർഥത്തിൽ തന്നെയാണ് ഹദീഥും പ്രയോഗിക്കപ്പെട്ടിട്ടുള്ളത്. 'പുതിയത്' എന്നാണ് ഭാഷയിൽ അതിന്റെ അർഥം. ക്വുർആനിൽ ഇരുപത്തിമൂന്ന് തവണ ഹദീഥ് എന്ന പദം പ്രയോഗിക്കപ്പെട്ടിട്ടുണ്ട്. വ്യത്യസ്തമായ അർഥങ്ങളിലാണ് ഈ പദം ക്വുർആനിൽ വന്നിട്ടുള്ളത്. 'വിവരം' (അന്നിസാഅ്:42), 'സംസാരം' (അന്നിസാഅ്: 78,87,140; അൽഅൻആം: 68, അൽഅഹ്സാബ്:53), 'വൃത്താന്തം'(അൽഅഅ്റാഫ്: 185, യൂസുഫ്: 111, ത്വാഹ: 9, അൽജാഥിയ: 6, അദ്ദാരിയാത്ത്: 24, അത്ത്വൂർ: 34, അൽമുർസലാത്ത് :50, അന്നാസിആത്ത്: 15, അൽബുറൂജ്: 17, അൽഗാശിയ: 1).

വിശുദ്ധ ക്വുർആനിനെ കുറിച്ചും 'ഹദീഥ്' എന്ന് ക്വുർആനിൽ വന്നിട്ടുണ്ട് (അൽകഹ്ഫ്: 6, അസ്സുമർ: 22, അന്നജ്മ്: 59, അൽവാക്വിഅ: 81, അൽക്വലം: 44).

നബിﷺയുടെ സംസാരത്തിനും ഹദീഥ് എന്ന് ക്വുർആൻ പ്രയോഗിച്ചതായി കാണാം (അത്തഹ്‌രീം: 3).

നബിﷺയിലേക്ക് ചേർത്തപ്പെടുന്ന വാക്കുകൾ, പ്രവർത്തനങ്ങൾ, അംഗീകാരങ്ങൾ, അവിടുത്തെ സ്വഭാവപരവും സൃഷ്ടിപരവുമായ സവിശേഷതകൾ ഇതൊക്കെ തന്നെയാണ് ഹദീഥിന്റെയും വിഷയങ്ങൾ. നബി ﷺയുടെ സ്വഹാബിമാരിലേക്കോ താബിഉകളിലേക്കോ ചേർത്തപ്പെട്ടാലും വിപുലമായ അർഥത്തിൽ 'ഹദീഥ്'എന്നു പറയും. 'ക്വുർആനും ഹദീഥും' എന്ന് നാം പറയുമ്പോൾ ഈ അർഥമാണ് ഉദ്ദേശിക്കപ്പെടാറ്.

ഹദീഥിന്റെ അതേ ആശയത്തിൽ തന്നെ ഉപയോഗിക്കപ്പെടുന്ന മറ്റൊരു പദമാണ് 'അഥർ' എന്നത്. 'അടയാളം' എന്നാണ് ഭാഷാർഥം. ഭൂരിപക്ഷം പണ്ഡിതന്മാരും ഹദീഥ്, അഥർ എന്നീ പ്രയോഗങ്ങൾക്കിടയിൽ ചെറിയ വ്യത്യാസം കാണുന്നവരാണ്. നബിﷺയിൽ നിന്ന് വന്നതാണെങ്കിൽ അതിന് 'ഹദീഥ്' എന്നും അല്ലാത്തവരിൽ നിന്നാണെങ്കിൽ അതിന് 'അഥർ' എന്നുമാണവർ പ്രയോഗിക്കുന്നത്.

ഉപരി സൂചിത കാര്യങ്ങളുടെ വെളിച്ചത്തിൽ ഹദീഥുകളെ കുറിച്ചുള്ള വിജ്ഞാനീയത്തിൽ നൈപുണ്യം നേടിയവരെ 'മുഹദ്ദിഥുകൾ' എന്നും ചരിത്രപരമായ വിഷയങ്ങളിൽ നിപുണരായവരെ 'ഇഖ്ബാരി' എന്നുമാണ് പണ്ഡിതന്മാർ വിളിച്ച് വരുന്നത്.[16]

നബിﷺ തന്റെ വാക്കുകൾ അല്ലാഹുവിലേക്ക് ചേർത്തിയാണ് പറയുന്നതെങ്കിൽ അത്തരം ഹദീഥുകളെ 'ക്വുദ്സിയായ ഹദീഥുകൾ' എന്നാണ് പറയുക. 'അൽ ഹദീഥുൽ ഇലാഹി' എന്നും അതിന് പേരുണ്ട്. നൂറിൽ പരം ഹദീഥുകളേ ഇപ്രകാരം കാണപ്പെടുന്നുള്ളൂ.[17]


**കുറിപ്പുകൾ:**

1. അൽക്വാമൂസുൽ മുഹീത്-പേജ് 429
2. സുന്നത്ത് എന്നതിന്റെ ബഹുവചനമാണ് സുനൻ
3. ബുഖാരി: 3456
4. മുസ്‌ലിം: 1077
5. അൽ ഇഹ്തിമാം ബിസ്സുന്നത്തിന്നബവിയ്യ: 18
6. ബുഖാരി: 5063, മുസ്‌ലിം: 140
7. ഫത്ഹുൽബാരി: 9/105
8. അബൂദാവൂദ്: 3607
9. ശർഹു ഉസൂലിൽ ഇഅ്തിക്വാദ്, ലാലകാഈ: 1/63
10. അതേഗ്രന്ഥം: 1/71
11. പേജ്: 9-10
12. മജ്മൂഉൽ ഫതാവാ: 18/10
13. മകാനത്തുസ്സുന്ന, ഡോ.ഉമർ ബിൻ മുസ്‌ലിഹ്. പേജ് 25
14. അതേഗ്രന്ഥ്ഥ. പേജ് 25
15. അൽഹദീഥു വൽമുഹദ്ദിഥൂൻ, പേജ് 9
16. തദ്‌രീബുർറാവി, സുയൂത്വി; പേജ് 6
17. അസ്സുന്നത്തു ക്വബ്‌ലത്തദ്‌വീൻ, പേജ്: 27

## സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com



കൂട്ടായ്മ

മലയാളക്കരയിലെ മുസ്‌ലിം നവോത്ഥാന ചരിത്രം: 3

മുബാറക് ബിൻ ഉമർ
mail@nerpatham.com

# ജംഇയ്യത്തുൽ ഉലമായുടെ സുവർണ കാലഘട്ടം

**എം.**സി.സി.അബ്ദുർറഹ്മാൻ മൗലവി കേരള ജംഇയ്യത്തുൽ ഉലമയുടെ സെക്രട്ടറിയായിരുന്ന കാലം കെ.ജെ.യു.വിന്റെ സുവർണ കാലഘട്ടമായിരുന്നു എന്ന് കാര്യങ്ങൾ വിലയിരുത്തിയാൽ നമുക്ക് മനസ്സിലാക്കാൻ കഴിയും. ഒരു സലഫീ പണ്ഡിത സംഘടന ചെയ്യേണ്ട കാര്യങ്ങൾ കൃത്യമായി അവർ നിർവഹിച്ചിരുന്നു. പ്രതികരിക്കേണ്ട വിഷയങ്ങളിൽ അവർ പ്രതികരിച്ചിരുന്നു. സമൂഹത്തെയോ മുസ്‌ലിം സമുദായത്തെയോ ബോധവല്ക്കരിക്കേണ്ട സംഗതികൾ അവർ സംയലേശമന്യെ അപ്പപ്പോൾ അറിയിച്ചിരുന്നു.

ചെറുകോട്, നെടിയിരുപ്പ്, പൂനൂർ എന്നിവിടങ്ങളിൽ യാഥാസ്ഥിതിക വിഭാഗവുമായി നടന്ന ആശയ സംവാദങ്ങൾക്കു ശേഷം എം.സി.സി.യുടെ കാലത്ത് വാദപ്രതിവാദങ്ങൾക്കൊന്നും അവരുടെ പണ്ഡിതർ പിന്നീട് മുന്നോട്ട് വന്നിട്ടില്ല എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. സംവാദങ്ങളെ നിയന്ത്രിച്ചിരുന്നത് എം.സി.സി ആയിരുന്നു. ഖുറാഫിസത്തിന്റെ അടിവേരറുക്കുന്ന പൂനൂരിലെ ചോദ്യത്തിനു പിന്നിൽ പ്രവർത്തിച്ചത് എം.സി.സി. യുടെ കുശാഗ്രബുദ്ധിയായിരുന്നു.

1940 കളിലാണ് ജമാഅത്തെ ഇസ്‌ലാമിയുടെ പുത്തൻ വാദങ്ങളുയർന്നു വന്നത്. ചിലരൊക്കെ അതിന്റെ പിന്നാലെ പോയി. പിൽക്കാലത്ത് ജമാഅത്തിന്റെ കേരള അമീറായിത്തീർന്ന കെ.സി. അബ്ദുല്ല മൗലവി കേരള ജംഇയ്യത്തുൽ ഉലമായുടെ പ്രവർത്തക സമിതി അംഗമായിരുന്നു. മൗദൂദി കൊണ്ടുവന്ന പുതിയ ആശയങ്ങൾ നന്നായി പഠിക്കുകയും വിശകലനം ചെയ്യുകയും ക്വുർആനിൽ നിന്നും സുന്നത്തിൽ നിന്നും സലഫീ പാതയിൽ നിന്നും ഏറെ അകലെയാണ് അവ എന്ന് ബോധ്യപ്പെടുകയും ചെയ്തപ്പോൾ കെ.ജെ.യു. അക്കാര്യം ജനങ്ങളെ അറിയിക്കുകയുണ്ടായി. 1951 ഏപ്രിൽ 6നും 24നും അക്കാലത്ത് കോഴിക്കോട് നിന്ന് പ്രസിദ്ധീകരിച്ചിരുന്ന പ്രമുഖ പത്രമായിരുന്ന 'പൗരശക്തി'യിൽ എം.സി.സി. രണ്ട് പരസ്യങ്ങൾ നൽകി. ജമാഅത്തെ ഇസ്‌ലാമിയുടെ ആദർശങ്ങളിലടങ്ങിയ ഭീമാബദ്ധങ്ങളിലേക്ക് ജനങ്ങളുടെ ശ്രദ്ധതിരിക്കാനായിരുന്നു അത്. സമൂഹത്തിൽ നല്ല ചർച്ച നടന്നിരിക്കണം. ഒടുവിൽ ഒരു സംവാദത്തിന്കളമൊരുങ്ങി. 1952 ഡിസംബർ 14, 15, 16 തീയതികളിൽ ജമാഅത്തിന്റെ ആസ്ഥാനമായിരുന്ന ചേന്ദമംഗല്ലൂരിൽ വെച്ച് ജമാഅത്തെ ഇസ്‌ലാമിയുമായി ഒരു തുറന്ന ആശയ സംവാദത്തിനു് ജംഇയ്യത്തുൽ ഉലമ തയ്യാറായി. എന്നാൽ, ജമാഅത്തെ ഇസ്‌ലാമിയുടെ നേതൃത്വം അതിൽനിന്ന് ഒഴിഞ്ഞുമാറി. അവർ രേഖാമൂലം അക്കാര്യം എഴുതി അറിയിക്കുകയാണുണ്ടായത്. അമീറിന്റെ അനുവാദം കിട്ടിയില്ല എന്ന് കാരണം പറഞ്ഞ് സംവാദത്തിന് നേരത്തെ തയ്യാറായ കെ.സി. അബ്ദുല്ല മൗലവി പിന്മാറിയതായി അറിയിച്ചു.

1964 ജനുവരി 3ന് കേരള ജംഇയ്യത്തുൽ ഉലമ സെക്രട്ടറി എം.സി.സി. അബ്ദുർറഹ്മാൻ മൗലവി മരണപ്പെട്ടു. പുളിക്കൽ ജുമുഅ മസ്ജിദിന്നടുത്ത ക്വബ്ർസ്ഥാനിലാണ് മയ്യിത്ത് മറമാടിയത്; ഇളയ സഹോദരൻ എം.സി.സി. ഹസൻ മൗലവിയുടെ ക്വബ്റിന്നരികിൽ. അവരുടെ പിതാവ് മൗലാനാ ചാലിലകത്ത് കുഞ്ഞഹ്മദ് ഹാജി 1909ന് മുമ്പും 1914 ശേഷവും ഈ പള്ളിയിൽ ദർസുകൾ നടത്തിയിരുന്നു. മദ്റസാ പ്രസ്ഥാനത്തിന്റെ തുടക്കക്കാരനായ മൗലാനയുടെ പ്രേരണ പ്രകാരം 1915ൽ സ്ഥാപിതമായതും അദ്ദേഹം തന്നെ നാമകരണം ചെയ്തതുമായ അൽമദ്റസത്തുൽ മുനവ്വറയുടെ അടുത്താണ് ഈ രണ്ടു ക്വബ്റുകളും സ്ഥിതിചെയ്യുന്നത്. മസ്ജിദിന് തൊട്ടടുത്താണ് മദ്റ

സ. ഇതേ മദ്റസാ കെട്ടിടത്തിലായിരുന്നുമദീനത്തുൽ ഉലൂം അറബിക്കോളേജ് ആരംഭിച്ചതും.

ഐക്യസംഘവും ജംഇയ്യത്തുൽ ഉലമായും പണ്ഡിതന്മാരും കേരളത്തിൽ നടത്തിയ ആദർശപ്രചാരണത്തിന്റെ ഫലമായി ഒരുപാടുപേർ സലഫീ ആദർശം ഉൾകൊണ്ടു. അവർ അവരവരുടെ നാടുകളിൽ പ്രാദേശിക സംഘങ്ങൾക്ക് രൂപം കൊടുത്തു. സ്ഥാപനങ്ങളുണ്ടാക്കി; പള്ളി, മദ്റസ, യതീംഖാന, അറബിക്കോളേജ് തുടങ്ങിയവ. അരീക്കോട്ടെ ജംഇയ്യത്തുൽ മുജാഹിദീൻ, വളവന്നൂരിലെ അൻസ്വാറുല്ലാ സംഘം, പത്തപ്പിരിയത്തെ ഇംദാദുൽ ഇസ്‌ലാം സംഘം, തൃപ്പനച്ചിയിലെ ജംഇയ്യത്തുൽ മുസ്‌ലിഹീൻ സംഘം, കടവത്തൂരിലെ നുസ്റത്തുൽ ഇസ്‌ലാം സംഘം, എടത്തനാട്ടുകരയിലെ ജംഇയ്യത്തുൽ മുഹക്കികീൻ സംഘം, കൊയിലാണ്ടിയിലെ ജംഇയ്യത്തുൽ മുർശിദീൻ സംഘം തുടങ്ങിയവ അവയിൽ പെട്ടതാണ്.

കേരള നദ്‌വത്തുൽ മുജാഹിദീൻ രൂപീകരിക്കപ്പെടുന്നത് 1950ലാണ്. കെ.എം. മൗലവി, പി.കെ. മൂസ മൗലവി, എ.കെ. അബ്ദുല്ലത്വീഫ് മൗലവി, എൻ.വി. അബ്ദുസ്സലാം മൗലവി, എം. കുഞ്ഞോയി വൈദ്യർ എന്നിവർ സംയുക്തമായി കത്ത് കൊടുത്ത് കുറച്ചു പേരെ യോഗത്തിലേക്ക് ക്ഷണിച്ചു. 24 പേർ പങ്കെടുത്തു. കോഴിക്കോട് അൽമനാർ ഓഫീസിലാണ് അവരൊത്തു ചേർന്നത്. ക്വുർആനും സുന്നത്തും അറബി ഭാഷയും പ്രചരിപ്പിക്കാൻ ഒരു സംഘടന രൂപീകരിക്കാൻ തീരുമാനിച്ചു. ആ സംഘടനക്ക് കേരള നദ്‌വത്തുൽ മുജാഹിദീൻ എന്ന് നാമകരണം ചെയ്തു. 1950 ഏപ്രിൽ 20നായിരുന്നു അത്. ഭാരവാഹികൾ: പ്രസിഡന്റ് കെ.എം. മൗലവി, സെക്രട്ടറി എൻ.വി. അബ്ദുസ്സലാം മൗലവി, ജോ.സെക്രട്ടറി എ.കെ. അബ്ദുല്ലത്വീഫ് മൗലവി, ഖജാഞ്ചി എം. കുഞ്ഞോയി വൈദ്യർ, വൈസ് പ്രസിഡന്റുമാർ പി.കെ. മൂസ മൗലവി, എം. അഹ്മദ് കുഞ്ഞി ഹാജി, ഇ.കെ. അബ്ദുൽ അലി മൗലവി.

പതിമൂന്നംഗ പ്രവർത്തക സമിതിയിൽ ഭാരവാഹികൾക്ക് പുറമെ എം. കെ. ഹാജി, ഇ.കെ. മൗലവി, എം. ശെയ്ഖ് മുഹമ്മദ് മൗലവി, കെ. ഉമർ മൗലവി തുടങ്ങിയവരും അംഗങ്ങളായി ഉണ്ടായിരുന്നു. കോഴിക്കോട് ചാലപ്പുറത്തെ അൽമനാർ ഓഫീസിലാണ് കെ.എൻ.എം. രൂപീകരിക്കപ്പെട്ടത്. ഓഫീസ് പിന്നീട് ഫ്രാൻസിസ് റോഡിൽ കുഞ്ഞോയി വൈദ്യരുടെ വൈദ്യശാലക്ക് മുകളിലെ മുറിയായി. ഓഫീസെന്ന് വെച്ചാൽ മേശയും കസേരയും ഒന്നുമില്ലാത്ത ഒരു മുറി. നിലത്ത് പായ വിരിച്ചിരുന്നു. പായയിലിരുന്നാണ് എല്ലാം ചെയ്തിരുന്നത്. 1971ലാണ് ആനി ഹാൾ റോഡിലെ സൗകര്യങ്ങളുള്ള പുതിയ ഓഫീസിലേക്ക് മാറുന്നത്.

കെ.എൻ.എം. രൂപീകരിച്ചതോടെ പ്രബോധന പ്രവർത്തനങ്ങൾക്ക് ജനകീയമായ പങ്കാളിത്തവും നേതൃത്വവും കൈവന്നു. പല സ്ഥലത്തും ശാഖാകമ്മിറ്റികൾ നിലവിൽ വന്നു. ഇസ്‌ലാഹീ രംഗം സജീവമായി. ഒരുപാട് സ്ഥലങ്ങളിൽ പള്ളികമ്മിറ്റി ഭാരവാഹികൾ യഥാർഥ തൗഹീദ് ഉൾകൊണ്ട്, ശിർക്ക് ബിദ്അത്തുകൾക്കെതിരിൽ പ്രവർത്തിക്കാൻ സന്നദ്ധരായി മുന്നോട്ടു വന്നു. കമ്മിറ്റി തന്നെ ഒന്നായി മാറിയപ്പോൾ പള്ളികളും മാറി. പലയിടത്തും പുതിയ സലഫീ പള്ളികളും മദ്റസകളുമുണ്ടായി. സമൂഹത്തിൽ വലിയ മാറ്റമാണുണ്ടായത്.

പ്രഭാഷണ വേദികളിലൂടെയാണ് ആദർശ പ്രചാരണം പ്രധാനമായും നടന്നത്. ആദ്യകാലത്ത്, വെട്ടം അബ്ദുല്ല ഹാജിയെ പോലുള്ളവർ നടന്നാണ് പ്രസംഗം നടക്കുന്ന സ്ഥലത്ത് എത്തിച്ചേർന്നിരുന്നത്. എട്ടും പത്തും ദിവസങ്ങൾ ഒരിടത്ത് തുടർച്ചയായി പ്രസംഗിക്കും. അത്രയും ദിവസങ്ങൾ അവിടെത്തന്നെ താമസിക്കും. പിൽകാലത്ത് വാഹനസൗകര്യമൊക്കെ ആയപ്പോൾ പ്രഭാഷകൻ ബസിലെത്തിച്ചേരും. മഗ്‌രിബിനു ശേഷം പ്രസംഗം. ശേഷം ആ നാട്ടിലെ ഏതെങ്കിലും പ്രവർത്തകന്റെ വീട്ടിൽ ഭക്ഷണം കഴിച്ച് കിടന്നുറങ്ങും. അല്ലെങ്കിൽ ഏതെങ്കിലും പള്ളിയിൽ കഴിച്ചുകൂട്ടും. പിറ്റേന്ന് രാവിലെയാണ് മടങ്ങുക. സ്വന്തം കാറിലോ, വാടകക്കെടുത്ത വാഹനത്തിലോ പ്രസംഗിക്കാനെത്തുകയും മടങ്ങിപ്പോവുകയും ചെയ്യുന്ന അവസ്ഥയല്ല അന്നുണ്ടായിരുന്നത്.

മതപരമായ വിഷയങ്ങളിൽ കേരള ജംഇയ്യത്തുൽ ഉലമായുടെ ഉപദേശങ്ങളും നിർദേശങ്ങളുമാണ് സ്വീകരിക്കുക എന്ന് കെ.എൻ.എം. ഭരണഘടനയിൽ തന്നെ വ്യക്തമാക്കിയിരുന്നു. ഏതെങ്കിലും പ്രശ്നത്തിൽ മതപരമായ വിധി തേടേണ്ടിവരുമ്പോൾ സംഘടന ക്വുർആനിന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ കേരള ജംഇയ്യത്തുൽ ഉലമാ നൽകുന്ന മാർഗനിർദേശമായിരിക്കും സ്വീകരിക്കുക. (ഭരണഘടന പേജ്-21).

1950 മുതൽ 1962 വരെ കെ.എൻ.എം. പ്രസിഡന്റ് കെ.എം മൗലവി ആയിരുന്നു. പിന്നീട് പി.കെ. മൂസ മൗലവി, ശെയ്ഖ് മുഹമ്മദ് മൗലവി, സാലെ മുഹമ്മദ് ഇബ്റാഹിം സേട്ട് (കൊച്ചി), കെ.എ. സുലൈമാൻ സാഹിബ് (പാലക്കാട്), ഡോ. ഉസ്മാൻ സാഹിബ്, ടി.പി. അബ്ദുല്ലക്കോയ മദനി എന്നിവർ അധ്യക്ഷ പദവി അലങ്കരിച്ചു. എൻ.വി. അബ്ദുസ്സലാം മൗലവി, എ.കെ. അബ്ദുല്ലത്വീഫ് മൗലവി എന്നിവർക്ക് ശേഷം 1971-ൽ കെ.പി. മുഹമ്മദ് മൗലവി ജനറൽ സെക്രട്ടറിയായി. അന്ന് മുതൽ 1996 ജനുവരി 25ന് മരിന്നതുവരെ കെ.പി. തന്നെയായിരുന്നു ആ സ്ഥാനത്ത്. ശേഷം സംഘടനയുടെ കാര്യദർശിയായത് എ.പി. അബ്ദുൽ ഖാദിർ മൗലവിയായിരുന്നു.

കെ.ജെ.യു. ഒരു പണ്ഡിത സഭ എന്ന നിലയിൽ വൈജ്ഞാനിക പ്രശ്നങ്ങൾ കൈകാര്യം ചെയ്തുവന്നു. ഭിന്നാഭിപ്രായമുണ്ടാകുന്ന വൈജ്ഞാനിക വിഷയങ്ങൾ പഠിക്കാനും വിശകലനം ചെയ്യാനും കെ.ജെ.യു യോഗം ചേരാറുണ്ടായിരുന്നു. കെ.ജെ.യു.വിന്റെ ആസ്ഥാനം പുളിക്കൽ തന്നെ. ദീർഘകാലം ജംഇയ്യത്തുൽ ഉലമായെ നിയന്ത്രിച്ച് നേതൃത്വം നൽകിയ എം.സി.സി. അബ്ദുർറഹ്മാൻ മൗലവി പുളിക്കൽ മദീനത്തുൽ ഉലൂം അറബിക്കോളേജ് പ്രൻസിപ്പാളുമായിരുന്നു. സ്വാഭാവികമായും മദീനത്തുൽ ഉലൂം തന്നെ കെ.ജെ.യു.വിന്റെ ആസ്ഥാനമായിത്തീർന്നു. പുളിക്കൽ അങ്ങാടിയിലെ ഒരു റൂമിലായിരുന്നു ആദ്യം. പിന്നീട് പുളിക്കലെ മഗ്ലാരിക്കുന്നിൻ മുകളിൽ കോളേജിന് പുതിയ കെട്ടിടം നിർമിച്ചതോടെ മദീനത്തുൽ ഉലൂം അറബിക്കോളേജും കെ.ജെ.യു. ഓഫീസും അവിടേക്ക് മാറി. ●

ഇൽയാസ് കൊയിലാണ്ടി
mail@nerpatham.com

# കൗമാരക്കാരെ പരിഗണിക്കുക



സാമാന്യം നല്ല നിലയിൽ, മത പശ്ചാത്തലത്തിൽ വളർന്നുവന്ന നല്ലവരായ രക്ഷിതാക്കളുടെ മക്കളും മോശമായ ക്യാംപസ് സാഹചര്യത്തിലും ചീത്ത കൂട്ടുകെട്ടുകളിലും കുടുങ്ങി വഴിതെറ്റിപ്പോകുന്നുണ്ട് എന്നത് വളരെ സങ്കടകരമായ ഒരു കാര്യമാണ്. റ്റീനേജ് പ്രായക്കാരായ മക്കളുടെ -ആൺകുട്ടികളായാലും പെൺകുട്ടികളായാലും- രക്ഷിതാക്കൾ അനുഭവിക്കുന്ന മനോവേദന ചെറുതല്ല.

എന്തുണ്ട് ഇതിന് പരിഹാരം?

1. മത വിദ്യാഭ്യാസം റ്റീനേജ് പ്രായത്തിൽ കുട്ടികൾക്ക് കിട്ടുന്നുണ്ടെന്ന് ഉറപ്പു വരുത്തുക.

2. മക്കൾക്ക് കാര്യങ്ങൾ ബോധ്യപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തുക. മനസ്സിൽ തട്ടും വിധം സ്നേഹം ചാലിച്ച് ക്വുർആൻ സൂക്തങ്ങളുടെയും പ്രവാചക വചനങ്ങളുടെയും വെളിച്ചത്തിൽ വിഷയങ്ങളുടെ പ്രാധാന്യവും ഗൗരവവും മനസ്സിലാക്കിക്കൊടുക്കുക.

3. മക്കളുടെ ബാല്യകാലത്ത് നമ്മൾ അവരുടെ എല്ലാ വിഷയങ്ങളിലും ഇടപെടുകയും പിന്നിൽ നടക്കുകയും പരിഗണന നൽകുകയും അവർക്ക് വേണ്ടി സമയം മാറ്റി വെക്കുകയും ചെയ്തിരുന്നു. റ്റീനേജിൽ അത് അവസാനിപ്പിക്കേണ്ടതില്ല. പ്രായവും ശാരീരിക-മാനസിക വളർച്ചയും പരിഗണിച്ച് അതിനനുസരിച്ചുള്ള കരുതലും പരിഗണനയും ഇടപെടലും കൗമാര പ്രായക്കാരിലും വേണം.

4. ലാഭത്തെ കുറിച്ചുള്ള പ്രതീക്ഷയും തിരിച്ചറിവുമാണല്ലോ ഒരു കച്ചവടക്കാരന്റെ ആവേശവും ഊർജവും. അതാണല്ലോ ക്ഷമയോടെയുള്ള കാത്തിരിക്കാനുള്ള ഹേതു. ഇതിനെക്കാൾ ഉപരി മക്കൾ ഇരു ലോകത്തേക്കുമുള്ള ശരിയായ സമ്പാദ്യമാണെന്ന് തിരിച്ചറിഞ്ഞു വേണം ഓരോ നീക്കങ്ങളും.

5. കുട്ടികൾ പഠിക്കുന്ന സ്ഥാപനത്തിലെ അധ്യാപകരുമായും സഹപാഠികളുമായും അവരുടെ രക്ഷിതാക്കളുമായും കഴിയുന്നത്ര നിരന്തരം ബന്ധം പുലർത്താനും പി. ടി. എ മീറ്റിംഗുകളിൽ നിറ സാന്നിധ്യമാകുവാനും കഴിയണം.

6. കുട്ടികൾ വളർന്നു വരുന്ന എല്ലാ സാഹചര്യങ്ങളും മനസ്സിലാക്കി, ആത്മാർഥമായ ചങ്ങാത്തത്തിലൂടെ മുന്നോട്ടു പോകണം.

7. കുട്ടികളുടെ കഴിവുകൾ കണ്ടെത്തി വികസിപ്പിച്ചെടുക്കാൻ ശ്രമിക്കണം. ഇസ്‌ലാമികമായി പാടില്ലാത്തതാണെങ്കിൽ അത് ബോധ്യപ്പെടുത്തി കൊടുക്കുകയും വേണം.

8. കുട്ടികളുടെ യാതൊരു പോരായ്മയും മറ്റൊരാളോട് -പ്രത്യേകിച്ച് അവരുടെ മുൻപിൽ വെച്ച്- ചർച്ച ചെയ്യരുത്. അവരുടെ വ്യക്തിത്വവും അഭിമാനവും പരിഗണിക്കണം.

9. ഒരുമിച്ചുള്ള കുടുംബ സന്ദർശനത്തിനും ഉല്ലാസ യാത്രക്കും മതവിജ്ഞാന വേദികളിൽ പങ്കെടുക്കുന്നതിനും സമയം കണ്ടെത്തുക.

10. പ്രായത്തിനനുസരിച്ച് കാര്യങ്ങളിൽ ഇടപെടാനുള്ള അവസരവും നിർദേശങ്ങളും നൽകുക.

11. സാമ്പത്തിക വിഷയത്തിൽ ഒരു കാഴ്ച്ചപ്പാടുണ്ടാക്കുകയും ധൂർത്തിൽ നിന്നും പിശുക്കിൽ നിന്നും തടയുകയും ചെയ്യുക.

12. വരവ് ചെലവുകൾ കുറിച്ചുവെക്കുന്ന ശീലം വളർത്തുക.

13. പ്രബോധന മേഖലയിൽ ഇടപെടാനുള്ള അവസരം ഒരുക്കുക.

14. ദാനധർമം ശീലിപ്പിക്കുക.

15. ക്വുർആൻ മനഃപാഠമാക്കാൻ സൗകര്യം ഒരുക്കുക.

16. സർവോപരി ഏകദൈവാദർശം മുറുകെ പിടിച്ച് ജീവിക്കാൻ പ്രേരിപ്പിക്കുക. മരണാനന്തര ജീവിത വിജയം നേടിയെടുക്കലാണ് ജീവിതത്തിന്റെ യഥാർഥ ലക്ഷ്യമെന്നും നാം ഇഹലോകത്ത് ചെയ്യുന്ന നന്മ തിന്മകൾക്ക് തക്കതായ പ്രതിഫലം ലഭിക്കാതിരിക്കില്ല എന്നും ബോധ്യപ്പെടുത്തുക.

ലേഖനം

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com



# പ്രവാചകന്മാരെല്ലാം മനുഷ്യന്മാർ

**എന്തുകൊണ്ടാണ് മനുഷ്യരെ മാത്രം പ്രവാചകന്മാരായി അല്ലാഹു നിയോഗിച്ചത്? പരിശുദ്ധരായ മലക്കുകളെ എന്തുകൊണ്ട് ദൂതന്മാരായി അയച്ചില്ല. പ്രാമാണികമായ ഒരു പഠനം.**

പ്രവാചകന്മാരെല്ലാം മനുഷ്യർ തന്നെയായിരുന്നു. മനുഷ്യരിൽ നിന്ന് മനുഷ്യരെ തന്നെ പ്രവാചകന്മാരായി അല്ലാഹു തെരഞ്ഞെടുത്തപ്പോൾ പലർക്കും അത് വിശ്വസിക്കാനും അംഗീകരിക്കാനും സാധിച്ചില്ല. അവർ ചോദിച്ചത്; എങ്ങനെ ഒരു മനുഷ്യൻ പ്രവാചകനാകും, അവരും നമ്മെപ്പോലെയുള്ളവർ തന്നയല്ലേ എന്നൊക്കെയാണ്. ക്വുർആൻ ശത്രുക്കളുടെ എതിർപ്പുകളെ എടുത്തുദ്ധരിക്കുന്നത് കാണുക:

"നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യനെ നിങ്ങൾ അനുസരിക്കുകയാണെങ്കിൽ തീർച്ചയായും നിങ്ങളപ്പോൾ നഷ്ടക്കാർ തന്നെയാകും"(23:34).

"അങ്ങനെ അവർ പറഞ്ഞു: നമ്മളിൽപെട്ട ഒരു മനുഷ്യനെ, ഒറ്റപ്പെട്ട ഒരുത്തനെ നാം പിന്തുടരുകയോ? എങ്കിൽ തീർച്ചയായും നാം വഴിപിഴവിലും ബുദ്ധിശൂന്യതയിലും തന്നെയായിരിക്കും"(54:24).

ഭക്ഷണം കഴിക്കുന്ന, ജനങ്ങൾക്കിടയിലൂടെ നടക്കുന്ന ഒരു മനുഷ്യൻ പ്രവാചകനാവുക എന്നത് ഒരു ന്യൂനതയായിട്ടാണവർ മനസ്സിലാക്കിയത്. അതിന് പ്രവാചകന്മാർ നൽകിയ മറുപടി ഇപ്രകാരമായിരുന്നു.

"അവരോട് അവരിലേക്കുള്ള ദൈവദൂതന്മാർ പറഞ്ഞു: ഞങ്ങൾ നിങ്ങളെപ്പോലെയുള്ള മനുഷ്യന്മാർ തന്നെയാണ്. എങ്കിലും അല്ലാഹു തന്റെ ദാസന്മാരിൽ നിന്ന് താൻ ഉദ്ദേശിക്കുന്നവരോട് ഔദാര്യം കാണിക്കുന്നു"(14:11).

പ്രവാചകന്മാർ ജനങ്ങൾക്കിടയിൽ അത്ഭുതങ്ങൾ പ്രകടിപ്പിക്കുന്ന ഒരു അത്ഭുത വ്യക്തിത്വമാകണമെന്നും അവർ ധരിച്ചിരുന്നു. അതിന് പ്രവാചകന്മാർ നൽകിയ മറുപടിയും ഞങ്ങൾ മനുഷ്യരാണ്; ഞങ്ങൾക്ക് അല്ലാഹു ബോധനം നൽകുന്നതിനെ പിന്തുടരാനേ കഴിയൂ എന്നായിരുന്നു.

"അവർ പറഞ്ഞു: ഈ ഭൂമിയിൽനിന്ന് നീ ഞങ്ങൾക്ക് ഒരു ഉറവ് ഒഴുക്കിത്തരുന്നത് വരെ ഞങ്ങൾ നിന്നെ വിശ്വസിക്കുകയേയില്ല. അല്ലെങ്കിൽ നിനക്ക് ഈത്തപ്പനയുടെയും മുന്തിരിയുടെയും ഒരു തോട്ടമുണ്ടായിരിക്കുകയും, അതിന്നിടയിലൂടെ നീ സമൃദ്ധമായി അരുവികൾ ഒഴുക്കുകയും ചെയ്യുന്നതുവരെ. അല്ലെങ്കിൽ നീ ജൽപിച്ചതുപോലെ ആകാശത്തെ ഞങ്ങളുടെ മേൽ കഷ്ണം കഷ്ണമായി നീ വീഴ്ത്തുന്നതുവരെ. അല്ലെങ്കിൽ അല്ലാഹുവെയും മലക്കുകളെയും കൂട്ടംകൂട്ടമായി നീ കൊണ്ടുവരുന്നതുവരെ. അല്ലെങ്കിൽ നിനക്ക് സ്വർണം കൊണ്ടുള്ള ഒരു വീട് ഉണ്ടാകുന്നതുവരെ. അല്ലെങ്കിൽ ആകാശത്തുകൂടി നീ കയറിപ്പോകുന്നതുവരെ. ഞങ്ങൾക്കു വായിക്കാവുന്ന ഒരു ഗ്രന്ഥം ഞങ്ങളുടെ അടുത്തേക്ക് നീ ഇറക്കിക്കൊണ്ടു വരുന്നതുവരെ നീ കയറിപ്പോയതായി ഞങ്ങൾ വിശ്വസിക്കുകയേ ഇല്ല. (നബിയേ) പറയുക. എന്റെ രക്ഷിതാവ് എത്ര പരിശുദ്ധൻ! ഞാനൊരു ദൂതനായ മനുഷ്യൻ മാത്രമല്ലേ" (17:90-93).

### തിരുത്തേണ്ട ധാരണകൾ

മുഹമ്മദ് നബിﷺ സൃഷ്ടിക്കപ്പെട്ടത് പ്രകാശത്തിൽ നിന്നാണെന്ന് ചെറുപ്പത്തിലേ ചൊല്ലിപ്പഠിക്കുന്നവരെയും പഠിപ്പിക്കുന്നവരെയും നമുക്ക് കാണാം. ഈ വിശ്വാസത്തിന് പ്രമാണങ്ങളുടെ പിന്തുണയില്ലെന്ന് മാത്രമല്ല. പ്രമാണം ഈ വിശ്വാസത്തിന് എതിരാണ്. ക്വുർആൻ പറയുന്നത് കാണുക:

നബിﷺയോട് തന്നെ പറയാൻ അല്ലാഹു കൽപിച്ചത് ഇങ്ങനെയാണ്.

"(നബിയേ,) പറയുക. ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു"(18:110).

നബിﷺ പറഞ്ഞു:"നിങ്ങളെല്ലാം ആദമിൽനിന്നുള്ളതാണ്. ആദം മണ്ണിൽ നിന്നുമാകുന്നു." പ്രകാശത്തിൽ നിന്ന് സൃഷ്ടിക്കപ്പെട്ടവർ മലക്കുകളാണെന്നും ജിന്നുകൾ തീജ്വാലയിൽ നിന്നും സൃഷ്ടിക്കപ്പെട്ടു എന്നുമാണ് ക്വുർആനും ഹദീഥുകളും നമ്മെ പഠിപ്പിക്കുന്നത്. നബിﷺ പ്രകാശത്തിൽ നിന്ന് സൃഷ്ടിക്കപ്പെട്ടുവെന്ന് വിശ്വസിക്കുന്നത് ഇസ്‌ലാമിക വിരുദ്ധമാണ്. നബിﷺ അബ്ദുല്ല-ആമിന ദമ്പതികൾക്ക് ജനിച്ചതാണെന്ന് അറിയാത്തവർ ഉണ്ടാകില്ലല്ലോ. പ്രവാചകന്മാർ മനുഷ്യരാണെങ്കിലും അല്ലാഹു അവരെ ചെറുപ്പം മുതലേ പ്രത്യേക രീതിയിൽ വളർത്തിക്കൊണ്ട് വന്നിട്ടുണ്ട്. ജാഹിലിയ്യഃ കാലത്തെ ഒരു ദുസ്സ്വഭാവവും നബിക്കുണ്ടായിരുന്നില്ലല്ലോ. ജാഹിലിയ്യഃ സ്വഭാവങ്ങളൊന്നും അവിടുന്ന് ഇഷ്ടപ്പെട്ടിരുന്നില്ല.

അല്ലാഹു മനുഷ്യരിലേക്ക് മനുഷ്യരെത്തന്നെ ദൂതന്മാരായി അയച്ചപ്പോൾ ശത്രുക്കളുടെ ഭാഗത്ത് നിന്നുണ്ടായ പ്രതികരണം ക്വുർആൻ നിരവധി സ്ഥലങ്ങളിൽ എടുത്തുപറയുന്നുണ്ട്.



"ജനങ്ങൾക്ക് സന്മാർഗം വന്നപ്പോൾ അവർ അത് വിശ്വസിക്കുന്നതിന് തടസ്സമായത് അല്ലാഹു ഒരു മനുഷ്യനെ ദൂതനായി നിയോഗിച്ചിരിക്കുകയാണോ എന്ന അവരുടെ വാക്ക് മാത്രമായിരുന്നു" (17:94).

മനുഷ്യനെ ദൂതനായി നിയോഗിക്കുന്നത് അവർ ന്യൂനതയായിട്ടാണ് കണ്ടത്. അവർ ചോദിച്ചിരുന്നത് എന്ത് കൊണ്ട് അല്ലാഹുവിന് ഒരു മലക്കിനെ ഞങ്ങളിലേക്ക് ഇറക്കിക്കൂടാ എന്നായിരുന്നു. ചോദിക്കുന്നതെല്ലാം കാണിച്ചു തരുന്ന ഒരു അത്ഭുത മനുഷ്യനാണ് പ്രവാചകനാകേണ്ടത് എന്ന ധാരണയായിരുന്നു അവർക്ക് ഉണ്ടായിരുന്നതെന്നാണ് അവരുടെ വാദങ്ങളിൽ നിന്ന് മനസ്സിലാകുന്നത്. ശത്രുക്കൾ പ്രവാചകന്മാർക്കെതിരിൽ പറഞ്ഞ ചില വാക്കുകൾ ശ്രദ്ധിക്കുക:

"നമ്മെ കണ്ടുമുട്ടാൻ ആശിക്കാത്തവർ പറഞ്ഞു: നമ്മുടെ മേൽ മലക്കുകൾ ഇറക്കപ്പെടുകയോ, നമ്മുടെ രക്ഷിതാവിനെ നാം (നേരിൽ) കാണുകയോ ചെയ്യാത്തതെന്താണ്? തീർച്ചയായും അവർ സ്വയം ഗർവ് നടിക്കുകയും, വലിയ ധിക്കാരം കാണിക്കുകയും ചെയ്തിരിക്കുന്നു"(25:21).


"അവർ പറഞ്ഞു: ഈ ദൂതൻ എന്താണിങ്ങനെ? ഇയാൾ ഭക്ഷണം കഴിക്കുകയും, അങ്ങാടികളിലൂടെ നടക്കുകയും ചെയ്യുന്നല്ലോ! ഇയാളുടെ കൂടെ താക്കീതുകാരനായിരിക്കത്തക്കവണ്ണം ഇയാളുടെ അടുത്തേക്ക് എന്തുകൊണ്ട് ഒരു മലക്ക് ഇറക്കപ്പെടുന്നില്ല"(25:7).

എന്തുകൊണ്ടാണ് അല്ലാഹു മനുഷ്യരിലേക്ക് മനുഷ്യരെത്തന്നെ ദൂതന്മാരായി അയച്ചത്? എന്തുകൊണ്ട് അല്ലാഹു മലക്കുളെ മനുഷ്യരിലേക്ക് ദൂതന്മാരായി അയച്ചില്ല? ഇത്തരം ചോദ്യങ്ങൾ അർഥശൂന്യമാണ്. കാരണം മലക്കുകളെ സാധാരണ അവസ്ഥയിൽ നമുക്ക് കാണാൻ കഴിയില്ല. സൃഷ്ടികളിൽ ശ്രേഷ്ഠനായ നബിﷺ പോലും ജിബ്‌രീലിനെ സാക്ഷാൽ രൂപത്തിൽ കണ്ടത് രണ്ട് തവണ മാത്രമാണ്. ആ രംഗം നബിﷺ തന്നെ പറഞ്ഞിട്ടുണ്ട്. ചക്രവാളം മുഴുവൻ നിറയുമാറ് 600 ചിറകുള്ളതായാണ് കണ്ടത്. ജിബ്‌രീൽ വഹ്‌യുമായി വരുന്നത് തണുപ്പുള്ള സമയത്താണെങ്കിൽ പോലും നബിയുടെ നെറ്റിയിൽ നിന്ന് വിയർപ്പ് വരുമായിരുന്നു എന്നാണ് ചരിത്രം പറയുന്നത്. ഒരിക്കൽ നബിﷺ ഒരു സ്വഹാബിയുടെ പിന്നിൽ ഇരുന്ന് യാത്ര ചെയ്യുമ്പോൾ നബിﷺക്ക് വഹ്‌യ് വന്നു. ആ സമയം നബിയുടെ കാൽ ആ സ്വഹാബിയുടെ കാലിൽ കോർത്ത് വെച്ചായിരുന്നു ഇരുന്നിരുന്നത്. ആ സമയം എന്റെ കാലിന്റെ എല്ല് പൊട്ടുമോ എന്ന് ഞാൻ വിചാരിച്ചു എന്ന് ഈ സ്വഹാബി പറയുന്നുണ്ട്. ഇങ്ങനെയാണെങ്കിൽ പ്രവാചകന്മാരല്ലാത്ത നമ്മെ പോലുള്ള സാധാരണക്കാർക്ക് എങ്ങനെ മലക്കുകളെ കാണുവാനും അവരുമായി ഇടപഴകുവാനും കഴിയും? എന്നാൽ മലക്കിനെ ദൂതനായി ആവശ്യപ്പെടുന്നവർ മലക്കിനെ മരണ സമയത്ത് കാണുന്ന രംഗം ക്വുർആൻ വിവരിക്കുന്നത് കാണുക.

"മലക്കുകളെ അവർ കാണുന്ന ദിവസം (ശ്രദ്ധേയമാകുന്നു). അന്നേ ദിവസം കുറ്റവാളികൾക്ക് യാതൊരു സന്തോഷവാർത്തയുമില്ല. കർക്കശമായ വിലക്ക് കൽപിക്കപ്പെട്ടിരിക്കുകയാണ് എന്നായിരിക്കും അവർ(മലക്കുകൾ) പറയുക''(25:22).

ഇനി മലക്കിനെ അല്ലാഹു ഒരു ദൂതനായി അയക്കുകയാണെങ്കിൽ തന്നെ മനുഷ്യരൂപത്തിലാണ് അയക്കുക. എന്നാലല്ലേ മനുഷ്യന് കാണാനും കേൾക്കാനും സ്വീകരിക്കാനും കഴിയൂ?! അപ്പോഴും ഈ ചോദിക്കുന്നവർക്ക് സംശയമേ ഉണ്ടാകൂ. അതും ക്വുർആൻ വിവരിച്ചിട്ടുണ്ട്.

"ഇനി നാം മലക്കിനെ (ദൂതനായി) നിശ്ചയിക്കുകയാണെങ്കിൽ തന്നെ ആ മലക്കിനെയും നാം മനുഷ്യരൂപത്തിലാക്കുമായിരുന്നു. അങ്ങനെ (ഇന്ന്) അവർ ആശയക്കുഴപ്പമുണ്ടാക്കുന്ന വിഷയത്തിൽ (അപ്പോഴും) നാം അവർക്ക് സംശയമുണ്ടാക്കുന്നതാണ്"(6:9).



അല്ലാഹു മനുഷ്യരെ തന്നെ മനുഷ്യരിലേക്ക് പ്രവാചകന്മാരായി നിശ്ചയിച്ചത് ഭൂമിയിലുള്ളത് മലക്കുകളല്ലാത്തത് കൊണ്ടാണ്. ക്വുർആൻ ഇത് വ്യക്തമാക്കുന്നത് കാണുക:

"...(നബിയേ,) പറയുക: ഭൂമിയിലുള്ളത് ശാന്തരായി നടന്നു പോകുന്ന മലക്കുകളായിരുന്നെങ്കിൽ അവരിലേക്ക് ആകാശത്തു നിന്നു ഒരു മലക്കിനെത്തന്നെ നാം ദൂതനായി ഇറക്കുമായിരുന്നു" (അൽ ഇസ്‌റാഅ് 94,95).

പ്രവാചകന്മാർ മനുഷ്യരാണെന്ന് പറയുമ്പോൾ അവർക്ക് മറ്റുള്ളവരിൽ നിന്ന് യാതൊരു വ്യത്യാസവും ഇല്ലെന്ന് ധരിക്കരുത്. മനുഷ്യരാണെന്ന് പറയുന്നതിന്റെ ഉദ്ദേശ്യം അവർ നമ്മെ പോലെ വിശപ്പും ദാഹവും ഉറക്കവും വികാരവും എല്ലാം ഉള്ളവരാണെന്നാണ്. ഇതിലേക്ക് തെളിവ് നൽകുന്ന വചനങ്ങൾ കാണുക.

"നിനക്കു മുമ്പ് പുരുഷന്മാരെ(ആളുകളെ)യല്ലാതെ നാം ദൂതന്മാരായി നിയോഗിച്ചിട്ടില്ല. അവർക്ക് നാം ബോധനം നൽകുന്നു. നിങ്ങൾ (ഈ കാര്യം) അറിയാത്തവരാണെങ്കിൽ വേദക്കാരോട് ചോദിച്ചു നോക്കുക. അവരെ പ്രവാചകന്മാരെ നാം ഭക്ഷണം കഴിക്കാത്ത ശരീരങ്ങളാക്കിയിട്ടില്ല. അവർ നിത്യജീവികളായിരിക്കുന്നതുമില്ല''(21:7,8).

"നിനക്ക് മുമ്പും നാം ദൂതന്മാരെ നിയോഗിച്ചിട്ടുണ്ട്. അവർക്ക് നാം ഭാര്യമാരെയും സന്താനങ്ങളെയും നൽകിയിട്ടുണ്ട്"(13:38).

"നിനക്ക് ആഹാരം തരികയും കുടിനീർ തരികയും ചെയ്യുന്നവൻ. എനിക്ക് രോഗം ബാധിച്ചാൽ അവനാണ് എന്നെ സുഖപ്പെടുത്തുന്നവൻ. എന്നെ മരിപ്പിക്കുകയും പിന്നീട് ജീവിപ്പിക്കുകയും ചെയ്യുന്നവൻ'' (26:79-81).

നബിﷺയെ കുറിച്ച് ഹദീഥിൽ പറയുന്നത് കാണുക: "നബിﷺ ഒരു മനുഷ്യനായിരുന്നു. വസ്ത്രം വൃത്തിയാക്കും. ആടിനെ കറക്കും. സ്വന്തം കാര്യങ്ങൾ സ്വന്തമായി തന്നെ ചെയ്യുകയും ചെയ്യും''(അഹ്‌മദ്).

നബിമാർ മനുഷ്യരാണെന്നാണ് ഈ വചനങ്ങൾ നമ്മെ പഠിപ്പിക്കുന്നത്. അവർ മനുഷ്യരല്ലെന്ന് ആരെങ്കിലും വാദിക്കുന്നുവെങ്കിൽ ഇത്രയും വ്യക്തമായ തെളിവുകളെ നിഷേധിക്കലാണത്. ●

ഹാരിസ്ബിൻ സലീം
harisbinsaleem@gmail.com

ശാന്തിഗേഹം

വ്യക്തിപരവും കുടുംബപരമായ പ്രശ്നങ്ങളിൽ അകപ്പെട്ട് നീറുന്ന മനസ്സുമായി ജീവിതം തള്ളിനീക്കുന്നവർക്ക് ആശ്വാസം പകരുന്നതും പരിഹാര മാർഗങ്ങൾ നിർദേശിക്കുന്നതുമായ പംക്തിയാണ് 'ശാന്തിഗേഹം.' വായനക്കാർക്ക് ഈ പംക്തിയിലേക്ക് താഴെ കൊടുക്കുന്ന വാട്സാപ്പ് നമ്പറിൽ ചോദ്യങ്ങൾ അയക്കാവുന്നതാണ്: 9656292244

# ഭർത്താവിനെ അനുസരിക്കാത്ത ഭാര്യ

? *ഇസ്ലാമിക വസ്ത്രധാരണ മര്യാദകൾ പാലിക്കാൻ എത്ര ഉപദേശിച്ചിട്ടും ഭാര്യ തയ്യാറാകുന്നില്ല. അവളെ എങ്ങനെ മാറ്റിയെടുക്കും?*

! ഭാര്യാഭർത്താക്കന്മാർ പരസ്പരം നല്ല നിലയിൽ വർത്തിക്കണമെന്ന് ക്വുർആനിൽ അല്ലാഹു പറയുന്നു: "... അവരോട് നിങ്ങൾ മര്യാദയോടെ സഹവർത്തിക്കേണ്ടതുമുണ്ട്. ഇനി നിങ്ങൾക്കവരോട് വെറുപ്പ് തോന്നുന്ന പക്ഷം (നിങ്ങൾ മനസ്സിലാക്കുക) നിങ്ങളൊരു കാര്യം വെറുക്കുകയും അതേ കാര്യത്തിൽ അല്ലാഹു ധാരാളം നൻമ നിശ്ചയിക്കുകയും ചെയ്തെന്ന് വരാം"(4:19).

"സ്ത്രീകൾക്ക് (ഭർത്താക്കൻമാരോട്) ബാധ്യതകൾ ഉള്ളതുപോലെ തന്നെ ന്യായപ്രകാരം അവർക്ക് അവകാശങ്ങൾ കിട്ടേണ്ടതുമുണ്ട്. എന്നാൽ പുരുഷൻമാർക്ക് അവരെക്കാൾ ഉപരി ഒരു പദവിയുണ്ട്. അല്ലാഹു പ്രതാപശാലിയും യുക്തിമാനുമാകുന്നു" (2:228).

ഈ ക്വുർആൻ വചനങ്ങളിൽനിന്ന് മനസ്സിലാകുന്നത് ഭർത്താവിനെ അനുസരിക്കൽ ഭാര്യക്ക് നിർബന്ധമാണ് എന്നാണ്. വീട്ടിൽനിന്ന് പുറത്തിറങ്ങിപ്പോകാൻ ഭാര്യക്ക് ഭർത്താവിന്റെ സമ്മതം വേണം. സ്വന്തം മാതാവിനോടും പിതാവിനോടും ഉള്ളതിനെക്കാൾ ബാധ്യത ഒരു സ്ത്രീക്ക് തന്റെ ഭർത്താവിനോടുണ്ട്.

അതുകൊണ്ടാണ് നബിﷺ ഇങ്ങനെ പറഞ്ഞത്: "ഞാൻ ആരോടെങ്കിലും ഒരാൾക്ക് സുജൂദ് ചെയ്യാൻ കൽപിക്കുകയാണെങ്കിൽ സ്ത്രീകളോട് അവരുടെ ഭർത്താക്കന്മാർക്ക് സുജൂദ് ചെയ്യാൻ കൽപിക്കുമായിരുന്നു" (ഇബ്നുമാജ: 1853).

മറ്റൊരു നബിവചനത്തിൽ ഇങ്ങനെ കാണാം: "ഒരു സ്ത്രീ അഞ്ചുനേരം നമസ്കരിക്കുകയും ഒരു മാസം നോമ്പനുഷ്ഠിക്കുകയും തന്റെ ഗുഹ്യസ്ഥാനം സൂക്ഷിക്കുകയും ചെയ്താൽ അവൾ ഇഷ്ടപ്പെടുന്ന കവാടത്തിലൂടെ സ്വർഗത്തിൽ കടക്കാൻ അവളോട് പറയപ്പെടും" (ഇബ്നുഹിബ്ബാൻ).

ഭാര്യയുടെ അനുസരണക്കേടിനെക്കുറിച്ചാണ് സഹോദരൻ പരാതിപ്പെട്ടിരിക്കുന്നത്. മുകളിൽ കൊടുത്ത പ്രവാചക വചനങ്ങൾ മതി ഒരു സ്ത്രീ ഭർത്താവിനെ അനുസരിക്കേണ്ടതിന്റെ പ്രാധാന്യം വ്യക്തമാവാൻ.

ഭാര്യയിൽനിന്ന് അനുസരണക്കേട് പ്രകടമായാൽ ചെയ്യേണ്ട കാര്യങ്ങൾ അല്ലാഹു നിർദേശിക്കുന്നത് കാണുക: "പുരുഷന്മാർ സ്ത്രീകളുടെ മേൽ നിയന്ത്രണാധികാരമുള്ളവരാകുന്നു. മനുഷ്യരിൽ ഒരു വിഭാഗത്തിന് മറു വിഭാഗത്തെക്കാൾ അല്ലാഹു കൂടുതൽ കഴിവ് നൽകിയത് കൊണ്ടും, (പുരുഷൻമാർ) അവരുടെ ധനം ചെലവഴിച്ചതുകൊണ്ടുമാണത്. അതിനാൽ നല്ലവരായ സ്ത്രീകൾ അനുസരണശീലമുള്ളവരും, അല്ലാഹു സംരക്ഷിച്ച പ്രകാരം (പുരുഷൻമാരുടെ) അഭാവത്തിൽ (സംരക്ഷിക്കേണ്ടതെല്ലാം) സംരക്ഷിക്കുന്നവരുമാണ്. എന്നാൽ അനുസരണക്കേട് കാണിക്കുമെന്ന് നിങ്ങൾ ആശങ്കിക്കുന്ന സ്ത്രീകളെ നിങ്ങൾ ഉപദേശിക്കുക. കിടപ്പറകളിൽ അവരുമായി അകന്നു നിൽക്കുക. അവരെ അടിക്കുകയും ചെയ്ത് കൊള്ളുക. എന്നിട്ടവർ നിങ്ങളെ അനുസരിക്കുന്ന പക്ഷം പിന്നെ നിങ്ങൾ അവർക്കെതിരിൽ ഒരു മാർഗവും തേടരുത്. തീർച്ചയായും അല്ലാഹു ഉന്നതനും മഹാനുമാകുന്നു. ഇനി, അവർ (ദമ്പതിമാർ) തമ്മിൽ ഭിന്നിച്ച് പോകുമെന്ന് നിങ്ങൾ ഭയപ്പെടുന്ന പക്ഷം അവന്റെ ആൾക്കാരിൽ നിന്ന് ഒരു മധ്യസ്ഥനെയും അവളുടെ ആൾക്കാരിൽ നിന്ന് ഒരു മധ്യസ്ഥനെയും നിങ്ങൾ നിയോഗിക്കുക. ഇരു വിഭാഗവും അനുരഞ്ജനമാണ് ഉദ്ദേശിക്കുന്നതെങ്കിൽ അല്ലാഹു അവർക്കിടയിൽ യോജിപ്പുണ്ടാക്കുന്നതാണ്. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു" (4:34,35).

ആദ്യം വേണ്ടത് ഉപദേശമാണ് എന്ന് ഈ സൂക്തം വ്യക്തമാക്കുന്നു. അവർക്ക് ഇസ്ലാമികമായി കാര്യങ്ങൾ ബോധ്യപ്പെടുത്തിക്കൊടുക്കാൻ കഴിയുന്ന നല്ല മാർഗം അവലംബിക്കണം. നല്ലവരും അറിവുള്ളവരുമായ സ്ത്രീകളെ ഉപയോഗിച്ചോ പ്രഭാഷണ സിഡികളോ മറ്റോ ഉപയോഗപ്പെടുത്തിയോ ഇത് ചെയ്യാം. തനിക്ക് ബോധ്യപ്പെടാത്ത കാര്യം നിഷേധിക്കുക എന്നത് മനുഷ്യ സഹജമാണ്. ഭർത്താവിന് മാത്രം ബോധ്യപ്പെട്ട കാര്യം ഭാര്യ പ്രവർത്തിക്കണമെന്ന് വാശിപിടിച്ചാൽ അത് നടക്കാൻ സാധ്യതയില്ല. ബോധ്യപ്പെടുത്താൻ സ്നേഹപൂർവമായ സമീപനങ്ങളും ക്രമപ്രവൃദ്ധമായ നീക്കങ്ങളുമാണ് ആവശ്യം.

ഉപദേശം ഫലം കാണാതെ വരുമ്പോഴാണ് വിട്ടുനിൽക്കാനും ശിക്ഷിക്കാനും മധ്യസ്ഥരെ സ്വീകരിക്കാനും അല്ലാഹു നിർദേശിക്കുന്നത്. വേർപിരിയാൻ അനുവാദമുണ്ടെങ്കിലും ഗുണത്തെക്കാൾ ദോഷമാണോ ഉണ്ടാവുക എന്ന് നന്നായി ചിന്തിക്കണം. ഭാര്യയിൽനിന്നുണ്ടാകുന്ന ഉപദ്രവങ്ങളെ സഹിച്ചും ക്ഷമിച്ചും അവളെ കൂടെ നിർത്താൻ തീരുമാനിക്കുന്നത് പ്രതിഫലാർഹമാണ്. അതാണ് തുടക്കത്തിൽ കൊടുത്ത 4:19 സൂക്തത്തിൽ നിന്ന് മനസ്സിലാകുന്നത്. ക്ഷമ നല്ല ഫലം മാത്രമെ നൽകൂ.

പിശാചിന് ഏറെ ഇഷ്ടമുള്ള കാര്യമാണ് ഭാര്യാഭർത്താക്കന്മാരെ വേർപിരിക്കൽ. ഈ കാര്യം രണ്ടുപേരും നന്നായി മനസ്സിലാക്കണം. ഭാര്യയുടെ അവസ്ഥ നന്നായിക്കിട്ടാൻ ആത്മാർഥമായി പ്രാർഥിക്കുകയും ചെയ്യുക. ●

അശ്‌റഫ് എകരൂൽ
ashrafekarul@gmail.com



# നല്ല കുടുംബാന്തരീക്ഷം നിലനിർത്തുക

ശുദ്ധപ്രകൃതിയിൽ ജനിച്ച്, അല്ലാഹു ഒരുക്കിയ അമൃത് നുണഞ്ഞ്, ചിരിയും കരച്ചിലും ഭാഷയാക്കി വളരാൻ തുടങ്ങുന്ന കുഞ്ഞിന്ന് ഇനി അനിവാര്യമായി വേണ്ടത് 'അണുമുക്ത'മായ ഒരു കുടുംബ പരിസരമാണ്. മനുഷ്യനെ സംബന്ധിച്ച് 'വളർച്ച' എന്ന പദത്തിന് പ്രവിശാലമായ അർഥതലങ്ങളുണ്ട് ഇസ്‌ലാമിൽ. വൈവിധ്യമാർന്ന ഈ വളർച്ചയുടെ സന്തുലിതത്വം സാധ്യമാക്കാനുള്ള അനിവാര്യമായ പോഷകങ്ങളുടെ നിശ്ചയവും നിർണയവുമാണ് ഇസ്‌ലാമിക പാരന്റിംഗിലെ കാതലായ പാഠഭാഗങ്ങൾ. പോഷകങ്ങളുടെ ഗുണലബ്ധി സാധ്യമാവണമെങ്കിൽ ആദ്യം വേണ്ടത് ആരോഗ്യകരമായ ഒരു പരിസരം യാഥാർഥ്യമാക്കുകയെന്നതാണ്. മനുഷ്യന്റെ പൂർണ വ്യക്തിത്വത്തിന്റെ വളർച്ചയെ സഹായിക്കുന്ന അണുമുക്തമായ ഒരു കുടുംബ പരിസരത്തിൽ മാത്രമെ അവന്റെ ശുദ്ധപ്രകൃതിയെ പരിക്കേൽക്കാതെ പരിപോഷിപ്പിക്കാൻ സമൂഹത്തിനു സാധിക്കുകയുള്ളൂ. അല്ലാത്ത പക്ഷം മനുഷ്യത്വത്തിന്റെ പച്ചപ്പിലേക്കുള്ള കുതിപ്പിന്ന് പകരം മനുഷ്യത്വ ഹീനതയുടെ ഇരുണ്ടതും വരണ്ടതുമായ ഭൂമികയിലേക്കുള്ള തിരിച്ചുനടത്തമായിരിക്കും ഉണ്ടാകുന്നത്. അതാകട്ടെ, ഒട്ടനവധി കഴിവുകളെ സന്നിവേശിപ്പിച്ച് ഈ ഭൂമിലോകത്തേക്ക് നാഥൻ അയച്ച ഒരു ഉത്തമ സൃഷ്ടിയെ മനുഷ്യകുലത്തിന്ന് നഷ്ടപ്പെടുത്തുകയും ചെയ്യും.

വളരുന്ന കുട്ടികളിലധികവും വഴികേടിലേക്ക് കൂപ്പ്കുത്തുന്ന ദുരന്ത കാഴ്ചയാണ് കുടുംബത്തിലും സമൂഹത്തിലും നാം കാണുന്നത്. നാം കാണുന്ന കുറ്റവാളികളെല്ലാം ദൈവിക സംവിധാനങ്ങളുടെ കൃത്യതയിലും വിശുദ്ധിയിലും ഭൂമിയിലേക്ക് അതിഥികളായി വന്നവരാണ്. ആരും കുറ്റവാളികളായി ജനിക്കുന്നില്ലന്ന് എല്ലാവരും സമ്മതിക്കുന്നു. എങ്കിൽ

ആരാണ്, എന്താണ് ഇവരെ വഴികേടിലേക്കും കുറ്റകൃത്യങ്ങളിലേക്കും വഴിനടത്തിയത്? അവിടെയാണ് അണുമുക്ത കുടുംബ, സാമൂഹ്യ പരിസരത്തിന്റെ പ്രസക്തി വ്യക്തമാവുന്നത്.

ഇളംതലമുറ വഴിതെറ്റിപ്പോകുന്നതിനുള്ള കാരണങ്ങളും അവയുടെ പ്രായോഗിക പരിഹാരങ്ങളും ഇസ്‌ലാമിക പ്രമാണങ്ങളുടെ വെളിച്ചത്തിൽ അന്വേഷിക്കുകയാണ് ഇനി നമുക്ക് ചെയ്യാനുള്ളത്. സുരക്ഷിതമായ ജീവിത വളർച്ച ഒരു കുഞ്ഞിന്റെ മൗലികാവകാശമായി കാണുന്ന ഇസ്‌ലാം, സന്താന പരിപാലനത്തിന്റെ ഉത്തരവാദിത്ത ലോകത്ത് മാതാപിതാക്കളെ മാത്രം കെട്ടിയിട്ട് വിചാരണ ചെയ്യുകയല്ല, മറിച്ച് അവരുടെ വീഴ്ചയിലോ അഭാവത്തിലോ ജീവിതാവകാശങ്ങൾ കുഞ്ഞിന്ന് തടയപ്പെടാതിരിക്കും വിധം പരിപാലനത്തിന്റെ കയറുകൾ ചിലപ്പോൾ കുടുംബക്കാരിലേക്കും സമൂഹത്തിലേക്കും സർക്കാരിലേക്കും കൂടി നീട്ടിക്കെട്ടുകയാണ് ചെയ്യുന്നത്.

എന്തൊക്കെയാണ് കുട്ടികൾ വഴിതെറ്റിപ്പോകാനുള്ള കാരണങ്ങൾ? ഇസ്‌ലാമിൽ എന്താണ് അതിനുള്ള പരിഹാരങ്ങൾ? നമുക്ക് അന്വേഷിക്കാം.

**ദാരിദ്ര്യം:** തനിക്കാവശ്യമുള്ള ഭക്ഷണവും വസ്ത്രവും വീട്ടിൽ നിന്ന് ലഭ്യമാവാതിരിക്കുകയും ജീവിതാശ്യങ്ങൾ പൂർത്തീകരിച്ചു തരുന്നവരെ അവിടെ കണ്ടെത്താതിരിക്കുകയും ചെയ്യുമ്പോൾ സ്വന്തം വീടിന്റെ മതിലിനപ്പുറത്തേക്ക് ഏതൊരു കുട്ടിയുടെയും കണ്ണുകൾ പായും. തന്റെ ആവശ്യങ്ങൾ തേടി പുറം ലോകത്തേക്കിറങ്ങുന്ന കുട്ടികൾ പലപ്പോഴും എത്തിപ്പെടുന്നത് ചൂഷകരുടെയും കുറ്റവാളികളുടെയും കൈകളിലായിരിക്കും. അതോടു കൂടി പ്രതീക്ഷകൾ തളിർക്കുന്ന ജീവിതത്തിന്റെ കൃഷിഭൂമിയിൽ നിന്ന് സ്വഭാവ ദൂഷ്യത്തിന്റെയും കുറ്റകൃത്യത്തിന്റെയും അവർ ഇരുട്ടിലേക്ക് യാത്രയാരംഭിക്കുന്നു. ഈ കുട്ടികൾ പിന്നീട് ജനങ്ങളുടെ ജീവനും സ്വത്തിനും അഭിമാനത്തിനും കടുത്ത വെല്ലുവിളിയായി മാറുന്നു.

സമൂഹത്തിന്റെ എല്ലാ ഘടകങ്ങളും ദൗത്യനിർവഹണത്തിൽ പങ്കാളിയാവുകയെന്നതാണ് ഇതിനുള്ളമുഖ്യ പരിഹാരം. ദാരിദ്ര്യം നിർമാർജനം ചെയ്യാൻ സൃഷ്ടികർത്താവ് നീതിയിൽ അധിഷ്ഠിതമായ മത നിയമങ്ങൾ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ രംഗത്ത് മുസ്‌ലിം സമൂഹം കാണിക്കുന്ന അമാന്തം പല കുടുംബങ്ങളെയും ദാരിദ്ര്യത്തിന്റെ ഊഷര ഭൂമിയിലേക്കു തള്ളിവിടാൻ കരണമാകുന്നുമുണ്ട്. ദരിദ്രന് ഭക്ഷണം നൽകുന്നത് പുണ്യകരമാക്കിയതിലൂടെ, ദാന ധർമത്തിൽ കുടുംബങ്ങൾക്ക് മുൻഗണന നൽകണമെന്ന് നിർദേശിച്ചതിലൂടെ, സമ്പന്നന്റെ സമ്പത്തിൽ ദരിദ്രർക്ക് നിർബന്ധ ദാനത്തിന്റെ ഓഹരി നിർണയിച്ച് നൽകിയതിലൂടെ, ദാരിദ്ര്യത്തെ പുറത്തുകാണിക്കാതെ ജീവിക്കുന്നവരെ പ്രത്യേകം കണ്ടെത്തി പരിഗണിക്കണമെന്ന് പഠിപ്പിച്ചതിലൂടെ ഇസ്‌ലാം പ്രായോഗികമായി ദാരിദ്ര്യം തുടച്ചു നീക്കുകയും തന്മൂലം ജീവിക്കാനുള്ള മൗലികാവകാശത്തെ ദരിദ്രനും ഉറപ്പ് വരുത്തുകയും ചെയ്തു. നല്ല തലമുറയുടെ വളർച്ചക്കും സമൂഹത്തിൽ കുറ്റവാളികൾ ഇല്ലാതാകുവാനുമുള്ള മുൻകരുതലുകളുടെ ഭാഗമാണിതെല്ലാം.

**ദമ്പതികൾക്കിടയിലെ തർക്കങ്ങളും സംഘർഷങ്ങളും:** വളർന്നു വരുന്ന കുട്ടികളിൽ പലരും തുടക്കത്തിലേ കണ്ടുവരുന്നത് വീട്ടിനുള്ളിലെ നിലയ്ക്കാത്ത തർക്കങ്ങളുടെ ഇടിമുഴക്കങ്ങളാണ്. ഈ കുട്ടികൾ ഈ ഭീകരാന്തരീക്ഷത്തിൽ അൽപം ശാന്തത തേടി പുറത്തിറങ്ങുകയും സുരക്ഷിതമായ ഗൃഹാന്തരീക്ഷത്തിനുള്ളിൽ നിന്ന് പരിശീലിക്കേണ്ട പല സദാചാര പാഠങ്ങളുടെയും പൊളിച്ചെഴുത്ത് പരിചയപ്പെടുകയും അതിന്റെ ഗുണഭോക്താക്കളായി മാറുകയും ചെയ്യുന്നു. വീടകം സംഘർഷ മുക്തമാക്കാൻ ആവശ്യമായ ഇസ്‌ലാമിക ഗൃഹപാഠങ്ങൾ വേണ്ടത്ര ലഭിക്കാത്തതോ, ലഭിച്ചതിനെ പ്രയോഗിക്കാത്തതോ ആണ് പല മുസ്‌ലിം ദമ്പതികളും ആഭ്യന്തര വഴക്കുകളിലും സംഘർഷങ്ങളിലും പൂണ്ട് കഴിയുന്നത്. ഒരു 'അതിഥി' കൂടി വീട്ടിലുണ്ടെന്ന ബോധം അവരെ കൂടുതൽ സൂക്ഷ്മതയും അവധാനതയും കാണിക്കാൻ അവരെ പ്രേരിപ്പിക്കുന്നില്ല.

സ്നേഹവും വാത്സല്യവും പരസ്പരം കൈമാറാത്തതാണ് ഈ അവസ്ഥക്ക് ഒരു പരിധിവരെ കാരണം. ഈ ഭൂമിയിൽ അല്ലാഹുവും റസൂലും കഴിഞ്ഞാൽ എനിക്ക് ഏറ്റവും കടപ്പെട്ടവനാണ് എന്റെ ഭർത്താവെന്ന് ഒരു സ്ത്രീ തിരിച്ചറിയുകയും, ആയതിനാൽ എന്റെ ആദരവും അനുസരണയും അർഹിക്കുന്നവന്റെ മുമ്പിൽ തർക്കങ്ങൾക്കുള്ള ഏറ്റവും നല്ല മറുപടി മൗനമാണെന്നു മനസ്സിലാക്കുകയും ചെയ്താൽ ഉണ്ടാകുന്ന ഫലം എത്രയാവും?! അത് പോലെ എനിക്കും കുടുംബത്തിനും എന്റെ ഭാര്യ നൽകുന്ന സേവനം പണം കൊടുത്തു നേടാൻ കഴിയാത്തത്ര ഉന്നതവും അതുല്യവുമാണെന്ന് ഭർത്താവും അംഗീകരിച്ചാൽ തന്നെ ഇടിമുഴക്കങ്ങൾ കുടുംബാന്തരീക്ഷത്തിൽ നിന്ന് അപ്രത്യക്ഷമാവും.

ഈ തിരിച്ചറിവുകളുള്ള ദമ്പതികൾ വീട്ടിനുള്ളിൽ ഉണ്ടാവണമെന്നതിനാലാണ് ഇസ്‌ലാം ദമ്പതികളുടെ തെരഞ്ഞെടുപ്പിന്ന് മാർഗനിർദേശങ്ങൾ നൽകുകയും അതിൽ മത ബോധത്തിന് പ്രഥമ സ്ഥാനം നൽകുകയും ചെയ്തത്. അവർക്ക് മാത്രമെ പരസ്പരം മനസ്സിലാക്കാനും വിട്ടുവീഴ്ച ചെയ്യാനും സാധിക്കുകയുള്ളൂ. ഇതിൽ വരുന്ന വീഴ്ചകൾ ഗൃഹാന്തരീക്ഷത്തെ പ്രതികൂലമായി ബാധിക്കുകയും കുട്ടിയുടെ വളർച്ചയെ മോശമാക്കുകയും ചെയ്യും. ●

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

# വിശ്വാസിയുടെ വ്യതിരിക്തത

**അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം. നബി(സ) പറഞ്ഞു: "നിങ്ങൾ അന്യോനം അസൂയ കാണിക്കരുത്. വ്യാപാരത്തിൽ പരസ്പരം വില കൂട്ടിപ്പറയരുത്. പരസ്പരം പകവെക്കരുത്. അന്യോന്യം അവഗണിക്കരുത്. മറ്റുള്ളവർ കച്ചവടം നടത്തിയതിനുമേൽ കച്ചവടം നടത്തരുത്. നിങ്ങൾ അല്ലാഹുവിന്റെ അടിമകൾ പരസ്പരം സഹോദരന്മാരായി വർത്തിക്കുക. ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ സഹോദരനാണ്. ഒരാൾ മറ്റൊരാളെ അക്രമിക്കുകയോ വഞ്ചിക്കുകയോ ഇല്ല. സൂക്ഷ്മത ഇവിടെയാകുന്നു- അവിടുന്ന് നെഞ്ചിന്റെ നേരെ മൂന്നു പ്രാവശ്യം ആംഗ്യം കാണിച്ചു. തന്റെ മുസ്‌ലിം സഹോദരനെ നിന്ദിക്കുന്നതു തന്നെ മനുഷ്യന് മതിയായ കുറ്റമാണ്. മുസ്‌ലിമിന്റെ രക്തവും ധനവും അഭിമാനവും ഹനിക്കുന്നത് മറ്റുമുസ്‌ലിംകൾക്ക് നിഷിദ്ധമാണ്" (മുസ്‌ലിം).**

ഭൂമിയിൽ മനുഷ്യനെ അല്ലാഹു സൃഷ്ടിച്ചയച്ചത് ചില ഉത്തരവാദിത്തങ്ങൾ നിറവേറ്റുവാൻ മതിയായ പ്രകൃതത്തോടെയാണ്. ക്വുർആൻ പറയുന്നു:

"തീർച്ചയായും നാം ആ വിശ്വസ്ത ദൗത്യം (ഉത്തരവാദിത്തം) ആകാശങ്ങളുടെയും ഭൂമിയുടെയും പർവതങ്ങളുടെയും മുമ്പാകെ എടുത്തുകാട്ടുകയുണ്ടായി. എന്നാൽ അത് ഏറ്റെടുക്കുന്നതിന് അവ വിസമ്മതിക്കുകയും അതിനെപ്പറ്റി അവയ്ക്ക് പേടി തോന്നുകയും ചെയ്തു. മനുഷ്യൻ അത് ഏറ്റെടുത്തു. തീർച്ചയായും അവൻ കടുത്ത അക്രമിയും അവിവേകിയുമായിത്തീർന്നു" (33:72).

ഭൂമിയിൽ അല്ലാഹുവിന്റെ കൽപനാനിർദേശങ്ങൾ നിറവേറ്റുവാൻ വിശേഷ ബുദ്ധിയും വിവേചനശക്തിയും നൽകപ്പെട്ട ഏകജീവിയാണ് മനുഷ്യൻ. അതുകൊണ്ട് തന്നെ മറ്റു ജീവജാലങ്ങൾക്ക് നൽകപ്പെടാത്ത ഉത്തരവാദിത്തവും മനുഷ്യന് നൽകിയിട്ടുണ്ട്. ഇത്ര വമ്പിച്ച ഉത്തരവാദിത്തം ഏറ്റെടുത്തിട്ട് മനുഷ്യൻ അർഹിക്കുന്ന ഗൗരവത്തോടെ അത് പരിഗണിക്കാതിരിക്കുകയും അത് ദുരുപയോഗപ്പെടുത്തുകയും ചെയ്യുന്നു എന്നതിനാലാണ് 'അവൻ കടുത്ത അക്രമിയും അവിവേകിയുമായിത്തീർന്നു' എന്ന് ക്വുർആൻ പറഞ്ഞിരിക്കുന്നത്.

സ്രഷ്ടാവിനുള്ള സമ്പൂർണ സമർപണമാണ് ഇസ്‌ലാം. ജീവിത പരിശുദ്ധി അതിന്റെ എല്ലാ അർഥത്തിലും മനുഷ്യൻ കാത്തുസൂക്ഷിക്കേണ്ടതുണ്ട്. അല്ലാഹുവും അവന്റെ തിരുദൂതനും കാണിച്ചുതന്ന പാതയിൽ നിന്ന് വ്യതിചലിക്കാതെ ജീവിക്കൽ സത്യവിശ്വാസിയുടെ കടമയാണ്. വിശ്വാസ കാര്യങ്ങളും കർമപരമായ കാര്യങ്ങളും വിധിവിലക്കുകളും പെരുമാറ്റ-സംസാര മര്യാദകളുമെല്ലാം ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്. ജീവിതത്തിൽ മനുഷ്യൻ പാലിക്കേണ്ടതായി ഇസ്‌ലാം അനുശാസിക്കുന്ന ഓരോ കാര്യവും വ്യക്തിക്കും കുടുംബത്തിനും സമൂഹത്തിനുമെല്ലാം ഗുണകരം മാത്രമാണ്.

മുകളിലുദ്ധരിച്ച നബിവചനം ശ്രദ്ധിക്കുക. അതിൽ പറഞ്ഞ ഒന്നിനോടും ആർക്കും എതിർപ്പുണ്ടാകുമെന്നു തോന്നുന്നില്ല. ആ കാര്യങ്ങൾ അനുസരിക്കുന്നവരാണ് മുസ്‌ലിം സമൂഹമെങ്കിൽ അത് ഒരു മാതൃകാസമൂഹമായിരിക്കുമെന്നതിൽ സംശയമില്ല. ഇസ്‌ലാം സുഭദ്രമായ ഒരു സാമൂഹിക ജീവിതത്തിന് ആവ്യമായ മുഴുവൻ കാര്യങ്ങളിലും നിർദേശങ്ങൾ നൽകിയതായി കാണുവാൻ സാധിക്കും.

ഒരു യഥാർഥ മുസ്‌ലിം അസൂയയിൽ നിന്നും മുക്തി നേടിയവനായിരിക്കും. "നിങ്ങൾ അസൂയ സൂക്ഷിക്കണം. നിശ്ചയം തീ വിറകുതിന്നുന്നതു പോലെയോ പുല്ല് കരിച്ചു കളയുന്നതു പോലെയോ അസൂയ സൽകർമങ്ങളെ നശിപ്പിച്ചു കളയും" എന്ന് നബി(സ) മറ്റൊരിക്കൽ പറഞ്ഞതായി അബൂദാവൂദ് ഉദ്ധരിക്കുന്ന ഹദീഥിൽ കാണാം.

കച്ചവടത്തിൽ എന്തുമാകാം എന്ന തെറ്റായ ധാരണ വെച്ചുപുലർത്തുന്നവരുണ്ട്. കൃത്യമായി സമസ്കരിക്കുകയും ദാനധർമങ്ങൾ നൽകുകയും ചെയ്യുന്നവർ. പക്ഷേ, കച്ചവടത്തിൽ മാന്യത പുലർത്താറില്ല. കച്ചവടത്തിൽ തനിക്ക് ഉന്നതിയിലെത്തണം എന്ന ചിന്തയിൽ മറ്റുള്ളവരുടെ പരാജയത്തിനായി ഏതറ്റംവരെ പോകാനും തയാറാകുന്നവർ ഏറെയുണ്ട്. 'അല്ലാഹു പലിശ നിഷിദ്ധമാക്കുകയും കച്ചവടം അനുവദിക്കുകയും ചെയ്തിരിക്കുന്നു' എന്ന് ക്വുർആൻ പറയുന്നുണ്ട്. പലിശ ചൂഷണമാണ്. ദ്രോഹമാണ്. അതുകൊണ്ടുതന്നെ അത് നിഷിദ്ധമാക്കപ്പെട്ടു. എന്നാൽ അനുവദിക്കപ്പെട്ട കച്ചവടത്തെയും ചൂഷണവും ദ്രോഹവുമാക്കി മാറ്റുന്നത് ന്യായീകരണമർഹിക്കുന്നില്ല.

ഇതരരുടെ അഭിമാനത്തിന് ക്ഷതം വരുത്തുവാനും ധനം അപഹരിക്കുവാനും അന്യായമായി രക്തം ചിന്തുവാനും ഇസ്‌ലാം അനുവാദം നൽകുന്നില്ല. സൂക്ഷ്മതയോടുകൂടി ജീവിക്കുന്ന ഒരു സത്യവിശ്വാസിയിൽ നിന്നും ഇത്തരത്തിലുള്ള സ്വഭാവ വൈകൃതങ്ങൾ ഉണ്ടാവുകയില്ല.

## എം.എസ്.എം പ്രൊഫ്കോണിന് ഉജ്വല സമാപനം

# കരിമ്പനയുടെ നാട്ടിൽ വിരിഞ്ഞ നന്മയുടെ പൂക്കൾ

**കേ**രളത്തിലെ ഏറ്റവും വലിയ ജില്ലയായ പാലക്കാടിന്റെ മണ്ണിൽ, പശ്ചിമഘട്ട മലനിരകളിൽനിന്നും പുറപ്പെട്ട് കരിമ്പനകളെ തഴുകിയെത്തുന്ന കാറ്റിനെ സാക്ഷിയാക്കി ഇരുപത്തിയൊന്നാമത് പ്രൊഫ്കോൺ സമാപിച്ചു.

പുതുതലമുറയുടെ വാഗ്ദാനമായ എം. എസ്. എം പ്രവർത്തകരുടെ മാസങ്ങൾ നീണ്ട അക്ഷീണ പ്രയത്നങ്ങളുടെയും പ്രാർഥനകളുടെയും ഫലം ദൈവിക സഹായമായി പെയ്തിറങ്ങുന്ന കാഴ്ചയാണ് 2017 മാർച്ചിലെ 10,11,12 തീയതികളിൽ പാലക്കാട് പുതുനഗരത്തെ സമ്മേളന നഗരിയിൽ കണ്ടത്. 'നിങ്ങൾ അല്ലാഹുവിനെ സഹായിച്ചാൽ അവൻ നിങ്ങളെ സഹായിക്കുകയും നിങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചു നിറുത്തുകയും ചെയ്യും' എന്നാണല്ലോ വിശുദ്ധ ക്വുർആൻ നൽകുന്ന സന്തോഷ വാർത്ത.

മികവുറ്റ സംഘാടനംകൊണ്ടും ആസൂത്രിതമായ പ്രോഗ്രാം കൊണ്ടും ശ്രദ്ധേയമായിരുന്നു സമ്മേളനം. വിജയത്തിന്റെ നിദാനവും അതുതന്നെ. ജില്ലയിൽ കിട്ടാവുന്നതിൽവെച്ച് ഏറ്റവും സൗകര്യപ്രദമായ സ്ഥലത്തുവെച്ച് പട്ടണത്തിന്റെ തിരക്കുകളും ഒച്ചപ്പാടുകളുമില്ലാത്ത പ്രശാന്തമായ ചുറ്റുപാടിൽ നടന്ന സമ്മേളനത്തിന്റെ മൂന്നു ദിനങ്ങളിൽ അക്ഷരാർഥത്തിൽ മതവിജ്ഞാനത്തിന്റെ മധുനുകരുകയായിരുന്നു ഭാവിയിലെ ഡോക്ടർമാരും എഞ്ചിനീയർമാരും ഐ. ടി വിദഗ്ധരും മറ്റും. ചിലരൊക്കെ മുൻ വർഷങ്ങളിൽ നടന്ന പ്രൊഫ്കോണുകളിൽ പങ്കെടുത്തവരാണ്. അധികവും പുതുമുഖങ്ങൾ. ശാസ്ത്ര സാങ്കേതിക വിജ്ഞാനത്തിന്റെ ഊഷരഭൂമിയിൽനിന്നും ആത്മീയ വിജ്ഞാനത്തിന്റെ ശാദ്വലതീരത്തെത്തിയതിന്റെ ആവേശവും കൗതുകവും അവരുടെ മുഖങ്ങളിൽ ദർശിക്കാമായിരുന്നു.

സത്യവിശ്വാസത്തിൽ അധിഷ്ഠിതമായ, ധാർമികതയിൽ വേരൂന്നിയ, അല്ലാഹുവിന്റെയും പ്രവാചകന്റെയും കൽപനാനിർദേശങ്ങൾ പാലിച്ചുകൊണ്ടുള്ള, പാരത്രിക വിജയം ലക്ഷ്യമാക്കിയുള്ള, ചിട്ടയായ ജീവിതം നയിക്കേണ്ടതിന്റെ ആവശ്യവും അനിവാര്യതയും ബോധ്യപ്പെടുത്തിക്കൊണ്ട് ഓരോ സെഷനിലെയും ക്ലാസുകൾ പുരോഗമിക്കുന്തോറും വിദ്യാർഥിമനസ്സുകളിൽ ഒരു മാറ്റത്തിനുള്ള അന്തർദ്ദാഹം വർധിച്ചുകൊണ്ടിരിക്കുകയായിരുന്നു.

ചെയ്തുപോയ തെറ്റുകൾ എത്ര! മദ്യം, മയക്കുമരുന്ന്, അതിരുവിട്ടതും അല്ലാത്തതുമായ പ്രണയങ്ങൾ... യുവതലമുറയെ കാർന്നുതിന്നുകൊണ്ടിരിക്കുന്ന എന്തെല്ലാം അധാർമിക പ്രവർത്തനങ്ങളുണ്ടോ അവയെല്ലാം ജീവിതത്തിന്റെ ഭാഗമാക്കി മാറ്റിയ ചിലർ... ഇസ്‌ലാമിന്റെ വിധിവിലക്കുകൾ മാനിക്കാതെ, കർമാനുഷ്ഠാനങ്ങളോട് വിമുഖത കാണിച്ചു ജീവിച്ച മറ്റു ചിലർ... മനസ്സിലേക്ക് ആഴത്തിലിറങ്ങിച്ചെല്ലുന്ന പഠന ക്ലാസുകൾ അവരെ ഇരുത്തിച്ചിന്തിപ്പിച്ചു. ഇല്ല. പറ്റില്ല. ഈ പോക്ക് ശരിയല്ല. എനിക്ക് മാറണം. പുതിയൊരു മനുഷ്യനായി, യഥാർഥ സത്യവിശ്വാസിയായി ജീവിക്കണം. അവർ തീരുമാനിച്ചുറച്ചു. കൗൺസിലിംഗ് സെന്ററിലേക്ക് അവർ ഓടിയടുത്തു. തെറ്റുകൾ ചെയ്തുപോയി. ഉപദേശ നിർദേശങ്ങൾ തരണം എന്ന് അഭ്യർഥിച്ചു. പലരും കണ്ണീർ വാർത്തു. മാതാപിതാക്കളെ ദ്രോഹിച്ചതിന്, അവരോട് അനുസരണക്കേടു കാണിച്ചതിന് പടച്ചവൻ പൊറുക്കുമോ എന്ന ബേജാറിൽ അവർ അസ്വസ്ഥരായി.

മൂന്നു ദിവസങ്ങളിലായി കേട്ടത് എത്രയെത്ര പണ്ഡിതന്മാരുടെ ചിന്താർഹമായ ക്ലാസുകൾ. എത്രയെത്ര വിഷയങ്ങൾ! ജീവിതത്തിൽ ഇന്നേവരെ കേൾക്കാത്തതും അറിയാൻ കഴിഞ്ഞിട്ടില്ലാത്തതുമായ എത്രയെത്ര കാര്യങ്ങൾ.

സുബ്ഹിക്കു മുമ്പേ എഴുന്നേറ്റ് പ്രഭാതകൃത്യങ്ങൾ നിർവഹിച്ച് തഹജ്ജുദ് നമസ്കരിക്കുന്നത് ജീവിതത്തിൽ ആദ്യമായാണെന്നും ഇനി ഈ ശീലം തുടരുക തന്നെ ചെയ്യും -ഇൻശാ അല്ലാഹ്- എന്നു പറഞ്ഞവർ അനേകം. നല്ലൊരു മുസ്‌ലിമായി ജീവിക്കുവാനുള്ള പ്രചോദനം കിട്ടിയതിന്റെ ഉൽസാഹത്തിലായിരുന്നു അവർ.

അന്യസംസ്ഥാന വിദ്യാർഥികളും വിദേശ രാജ്യ പ്രതിനിധികളും അവർക്കു മാത്രമായി തയാറാക്കപ്പെട്ട ഓഡിറ്റോറിയത്തിൽ ഇംഗ്ലീഷ്-അറബി ഭാഷകളിലുള്ള ക്ലാസുകളിലും ചർച്ചകളിലും ആത്യന്തം പങ്കെടുത്തത് ശ്രദ്ധേയമായിരുന്നു. കേരളമെന്ന മനോഹരമായ നാടിനെക്കുറിച്ചല്ല, ഇവിടെയുള്ള സലഫികളുടെ മതപ്രബോധനത്തിലുള്ള താൽപര്യത്തെയും അതിന്റെ മാർഗത്തിലുള്ള അവരുടെ കഠിനാധ്വാനത്തെ കുറിച്ചുമാണ് അവർക്ക് പറയുവാനുണ്ടായിരുന്നത്.

ഹുസൈൻ സലഫിയുടെ സമാപന പ്രസംഗം വിദ്യാർഥികൾ സാകൂതം ശ്രവിക്കുന്നത് ഒരു കാഴ്ച തന്നെയായിരുന്നു. കാമ്പസുകളിലും നാട്ടിലും അടക്കവും ഒതുക്കവുമില്ലാതെ തോന്നിയപോലെ വിഹരിച്ചിരുന്നവർ ഇതാ, നിശ്ചലരായി ഇരിക്കുന്നു. അവരുടെ ശ്രദ്ധ പ്രഭാഷണത്തിൽ മാത്രമാണ്. കലാലയത്തിലെ അര മണിക്കൂർ ക്ലാസ് പോലും അവരെ ബോറടിപ്പിച്ചിരുന്നു. പക്ഷേ, ദീനിന്റെ സദസ്സിലിതാ അവർ കണ്ണും കാതും ഹൃദയവും സമർപ്പിച്ച് അറിവ് നുകരുന്നു. പലരുടെയും കവിളുകളിലൂടെ കണ്ണീർ കണങ്ങൾ ഉതിർന്നു വീഴുന്നു. ആരും കാണാതിരിക്കാൻ കർച്ചീഫെടുത്ത് കണ്ണു തുടക്കുന്നു.

കേട്ടതും മനസ്സിലാക്കിയതുമായ കാര്യങ്ങൾ ജീവിതത്തിൽ പകർത്തണമെന്നും ആദർശത്തിൽ വിട്ടുവീഴ്ച കാണിക്കാതെ മുന്നേറണമെന്നും അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും കൽപനാ നിർദേശങ്ങൾക്കാണ് മറ്റാരുടെ വാക്കിനെക്കാളും പരിഗണന കൊടുക്കേണ്ടതെന്നും അധർമങ്ങൾ പാടെ വെടിയണമെന്നും സഹപാഠികൾക്ക് ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കുവാൻ ആവതു ശ്രമിക്കണമെന്നുമൊക്കെയുള്ള സലഫിയുടെ വാക്കുകൾ അവരുടെ മനസ്സകങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നതിന്റെ അടയാളമായിരുന്നു അതെല്ലാം.

അതെ, എം.എസ്.എം ആ കുട്ടികളെ കൈപിടിച്ചുയർത്തുവാൻ ശ്രമിക്കുകയായിരുന്നു. നെറികേടുകളിൽനിന്ന് നേരിന്റെ വഴിയിലേക്ക്. അധർമത്തിന്റെ പടുകുഴിയിൽനിന്ന് ധർമത്തിൻെറ സരണിയിലേക്ക്. ●

ഡോ. സി.എം സാബിർ നവാസ്
drsabirnavas@gmail.com



# തട്ടമഴിക്കാൻ തക്കം നോക്കുന്നവരോട്

പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുത്ത ഗുജറാത്തിലെ സ്വഛ ശക്തി സമ്മേളനത്തിൽ പങ്കെടുക്കാൻ കേരളത്തിൽ നിന്ന് പോയ വനിത പഞ്ചായത്ത് പ്രസിഡന്റുമാരെ അപമാനിച്ച നടപടി നാൾക്കുനാൾ അപഖ്യാതിയിലേക്ക് കുതിക്കുന്ന മോദി സർക്കാറിന്റെ കണക്ക് പുസ്തകത്തിൽ പുതിയ കളങ്കം ചേർത്തിയിരിക്കുകയാണ്. പൗരാവകാശത്തിനും മതസ്വാതന്ത്ര്യത്തിനും പരിഗണന നൽകാതെയുള്ള ഈ പോക്ക് ഒരു ഭരണകൂടത്തിനും ഗുണം ചെയ്യുകയില്ല.

ഗുജറാത്തിൽ നടന്ന സമ്മേളനത്തിൽ ഇസ്‌ലാമിക രീതിയൽ ശിരോവസ്ത്രം ധരിച്ചെത്തിയ തദ്ദേശ ഭരണ സാരഥികളോട് അത് അഴിച്ചുവെക്കാനാവിശ്യപ്പെട്ടതും അതിഥി മര്യാദ മറന്ന് അപമര്യാദയായി പെരുമാറിയതും മാധ്യമങ്ങളിൽ ഇടം പിടിച്ചിരിക്കുകയാണ്.

ആരാധനാലയങ്ങൾ തകർത്തും ബലിപെരുന്നാൾ ദിനത്തിൽ ബീഫ് കഴിച്ചവരെ ബലികഴിച്ചും പരമത വിദ്വേഷത്തിൽ മികച്ച പ്രകടനം കാഴ്ച്ച വെക്കുന്നവർ പുതിയ പുതിയ എപ്പിസോഡുകളുമായി വെറുപ്പു വിതരണത്തിന്റെയും വർഗീയതയുടെയും വിതരണത്തിൽ വ്യാപൃതരായിരിക്കുകയാണ്.

മോദി ഭക്തരുടെ മർക്കട മുഷ്ടിയെ വകവെക്കാതെ മതവിശ്വാസം ഉറക്കെ പ്രഖ്യാപിച്ച വനിതാ പ്രതിനിധികൾ വർത്തമാന ലോകത്തോട് ചില വർത്തമാനങ്ങൾ പറയുന്നുണ്ട്. ഇസ്‌ലാം മതത്തിൽ പിറന്നത് ഇഷ്ടപ്പെടാതെ ഉടുതുണിയുരിഞ്ഞ് നടുറോട്ടിലിറങ്ങാൻ മോഡേൺ മങ്കമാർ മടി കാണിക്കാത്ത കാലത്താണ് തട്ടമഴിക്കാതെ തന്റേടം കാണിച്ച സഹോദരിമാർ മാതൃകയാവുന്നത്.

മുസ്‌ലിമായി ജനിച്ചത് അപമാനമായി ഗണിച്ച് അപകർഷം അലങ്കാരമായി സ്വീകരിച്ചിട്ടുള്ള ചില പെൺകുട്ടികളുടെ പുറപ്പാട് ആരെ പ്രീതിപ്പെടുത്താനാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

തെറിച്ച തരുണികൾ തലമറക്കാനറച്ച് ചെയ്ത് കൂട്ടുന്ന നാണം കെട്ട കോപ്രായങ്ങളെക്കാൾ മോശമാണ് തട്ടമിട്ടു കൊടുക്കാൻ പിന്നാലെ സൈക്കിളെടുത്തു നടക്കുന്ന ചില 'ആമ്പിറന്നോന്മാരുടെ' നിലവാരമില്ലാത്ത ഭാവാഭിനയങ്ങൾ.

മതം വൈയക്തികമാണെന്നും വേഷവും വിശ്വാസവും വ്യക്തി സ്വാതന്ത്ര്യമാണെന്നും അത് അന്യരുടെ മേൽ അടിച്ചേൽപിക്കാൻ ആരെയും അല്ലാഹു നിയോഗിച്ചിട്ടില്ലെന്നും ഇത്തരം അഭിനവ ആങ്ങളമാർ ഓർത്തിരുന്നെങ്കിൽ ഇസ്‌ലാമിന്റെ മണ്ടക്ക് ലഭിക്കുന്ന പ്രഹരം അൽപം കുറഞ്ഞ് കിട്ടിയേനെ എന്ന് ആശിച്ച് പോവുകയാണ്.

'ഹലാക്കിന്റെ അവിലും കഞ്ഞി'യുമാണ് ഹിജാബെന്ന് കരുതി ഹാലിളകുന്നവരോട് ചില കാര്യങ്ങൾ പറയാനുണ്ട്. ഇസ്‌ലാം സ്ത്രീകൾക്ക് മാത്രമല്ല, പുരുഷൻമാർക്കും വേഷ വിധാനം നിശ്ചയിച്ചിട്ടുണ്ട്. സമൂഹത്തിന്റെ അഭിവാജ്യ ഘടകമായ വനിതകൾക്ക് ഇസ്‌ലാം നൽകിയ സ്വാതന്ത്ര്യത്തിന്റെ സവിശേഷ രൂപമാണ് ഹിജാബ് എന്നത് പലരും മനസ്സിലാക്കുന്നില്ല. അത് മാന്യതയുടെ മേൽവിലാസമാണെന്നും പീഡനമേൽക്കാതിരിക്കാനുള്ള പോംവഴിയാണെന്നും ക്വുർആൻ പരിചയപ്പെടുത്തുന്നുണ്ട്:

"നബിയേ, നിന്റെ പത്നിമാരോടും പുത്രിമാരോടും സത്യവിശ്വാസികളുടെ സ്ത്രീകളോടും അവർ തങ്ങളുടെ മൂടുപടങ്ങൾ തങ്ങളുടെമേൽ താഴ്ത്തിയിടാൻ പറയുക: അവർ തിരിച്ചറിയപ്പെടുവാനും അങ്ങനെ അവർ ശല്യം ചെയ്യപ്പെടാതിരിക്കുവാനും അതാണ് ഏറ്റവും അനുയോജ്യമായത്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു" (സൂറ അൽ അഹ്സാബ്:59).

മാന്യമായി വസ്ത്രം ധരിച്ച മുസ്‌ലിം സ്ത്രീകൾ മതനിയമങ്ങൾ പാലിച്ച് ജീവിക്കുന്നത് ഉൾക്കൊള്ളാനാവാതെ പുരപ്പുറത്ത് കയറി ഇസ്‌ലാം വിരോധം വിളിച്ച് കൂവുന്നവരോട് ഒന്നേ പറയാനുള്ളൂ, നിങ്ങളൊക്കെ ബലം പ്രയോഗിച്ചും സ്വാതന്ത്ര്യം ഗീർവാണിച്ചും തട്ടം പിടിച്ച് വലിക്കാൻ ശ്രമിച്ചാൽ ഊരിപ്പോരുന്നതല്ല മുസ്‌ലിം സ്ത്രീയുടെ മനസ്സിൽ ശക്തമായി വേരുപിടിച്ചിട്ടുള്ള മതവിശ്വാസവും ധീരമായ ജീവിത നിലപാടുകളും.




peaceradio
Tune to reality

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com | radiopeace | peaceradionow | +91 9544795099


RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on 18 March 2017

Reg NO: KL/CT/225/2016-18
Price: ₹ 10/-


# സർജറിയില്ലാതെ പേസ്മേക്കർ
**Now At Metro**

www.micc.in micc india



Fixed into the heart chamber through a vein



**ലോകത്തിലെ ഏറ്റവും ചെറിയ പേസ്മേക്കർ സംവിധാനം ആദ്യമായി കേരളത്തിൽ**

പേസ്മേക്കർ ശസ്ത്രക്രിയാ രംഗത്ത്
പുതിയ അധ്യായം കുറിച്ച്
മെട്രോമെഡ് ഇന്റർനാഷണൽ കാർഡിയാക്
സെന്ററിൽ സർജറിയില്ലാതെ
ഇംപ്ലാന്റേഷൻ സൗകര്യം.

MICC
all about heart

## METROMED INTERNATIONAL CARDIAC CENTRE PVT.LTD.

- FIRST 3D Mapping, EP & RF Ablation in North Kerala for abnormal heart beats
- FIRST Remote controlled Pacemaker Implantation in North Kerala
- FIRST Heart Transplantation in North Kerala
- 99% Success rate in complex cardiac surgeries

Thondayad Bypass Road, Calicut, Kerala. Pin 673014. Email: info@micc.in, www.micc.in
**EMERGENCY CALL : Mob: 09048665555, 0495 6615555**

trueberry.in